# ജനപഥം

ഡിസംബർ 2013


## ഉള്ളടക്കം


10
**ഭിന്നശേഷിയുള്ളവർ മുഖ്യധാരയിലേക്ക്**
അഷ്റഫ് കാവിൽ



26
**ഫോട്ടോ ഫീച്ചർ**



28
**സുവർണ ദൃശ്യങ്ങളുടെ ഫ്ളാഷ്ബാക്ക്**
സിൽവി മാക്സി മേന



4
**കൂട്ടായ്മയും ജനക്ഷേമവും വിജയമൊരുക്കി ജനസമ്പർക്കം**



14
**നിതാഖത്തിനെ എന്തിന് ഭയക്കണം?**
ചന്ദ്രൻ ടി.എസ്.



18
**കാർഷിക ജീവിതത്തിന്റെ ഹരിതപാഠങ്ങൾ**
എൻ.പി. മുരളീകൃഷ്ണൻ

20
**നീര : കേരളം 'ചെത്താൻ' കാത്തിരിക്കുന്നു**
ഇന്ദു എം.ആർ.

25
**നഗരവികസനം പുത്തനുണർവിലേക്ക് നിക്ഷേപക സംഗമം 2013**
സാവിയോ സജി ഇ.ആർ.

31
**സിനിമാലോകം മറന്ന രണ്ടു ചരിത്രകാലങ്ങൾ**
എം.സി. രാജനാരായണൻ

34
**മലയാളി സ്വത്വത്തിന്റെ ആദ്യപ്രക്ഷോഭം**
ഡോ. എഴുമറ്റൂർ രാജരാജവർമ

37
**ഒപ്പിന്റെ ഭാഷ**
പി.പി. നാരായണൻ

38
**മലബാറിന്റെ സ്വപ്നതീരം**
അപർണ മുരളീധരൻ

40 പദപാഠം
41 പുസ്തകപരിചയം
42 ജില്ലകളിലൂടെ
49 പെൺജീവിതം
50 ഉത്തരവുകൾ
52 കാലത്തിനൊപ്പം

# പ്രതികരണം




## മുഖക്കുറിപ്പ്

ജനപഥത്തിന്റെ സ്ഥിരം വായനക്കാരനാണ്, ജനപഥത്തിൽ ഏറ്റവും ആകർഷകമായി തോന്നിയത് മുഖക്കുറിപ്പാണ്. വളരെ വിജ്ഞാനപ്രദമായ വിവരങ്ങൾ വളരെ ചുരുങ്ങിയ വരികളിൽ പ്രകടിപ്പിക്കുന്നു എന്നുള്ളത് വളരെ ആകർഷകമാണ്. നല്ല ലേഖനങ്ങൾ, യാത്രാവിവരണങ്ങൾ എന്നിവ തുടർന്നുള്ള ലക്കങ്ങളിലും ഉൾപ്പെടുത്താൻ ശ്രമിക്കണം.

**സിദ്ദിഖ് കാപ്പൻ, ന്യൂ ഡൽഹി**

## ടെലിവിഷൻ മലയാളം

അടച്ചിട്ട അലമുറകളുമായി പെണ്ണെഴുത്തിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള നവംബർ ലക്കം ജനപഥം നവ്യാനുഭവമായി. ഒപ്പം സാറാജോസഫുമായുള്ള അഭിമുഖവും ഹൃദ്യമായി.

ശ്രീദേവി പിള്ളയുടെ ടെലിവിഷൻ മലയാളത്തെക്കുറിച്ചുള്ള ലേഖനത്തിൽ പറയുന്നതുപോലെ വളരെ വിമർശനം നേരിടുന്നതാണ് തത്സമയം റിപ്പോർട്ടിങ്. ഭാഷ നന്നായി കൈകാര്യം ചെയ്യാൻ സാധിക്കുന്നവരെക്കൊണ്ടുമാത്രം ഇത് ചെയ്യിച്ചാൽ വളരെ നല്ല കാര്യമായിരിക്കും. ടെലിവിഷൻ മാധ്യമങ്ങൾ ഇത് ശ്രദ്ധിച്ചാൽ കാര്യമായ മാറ്റമുണ്ടാക്കാം. തുടർന്നും നല്ല ലേഖനങ്ങൾ പ്രതീക്ഷിക്കുന്നു.

**എ.എസ്. ദിനേശൻ, തിരുവനന്തപുരം**

## ഭാഷയിലെ ലിംഗനീതി

'ഭാഷയിലും ലിംഗനീതി സാധ്യ'മാണെന്ന പേരിൽ സാറാജോസഫുമായി നടത്തിയ അഭിമുഖം കേരളപ്പിറവി മാസത്തിൽതന്നെ പ്രസിദ്ധീകരിച്ചത് പ്രസക്തമായി. പുരുഷ കേന്ദ്രീകൃതമായി ഇന്നും തുടരുന്ന കേരളംപോലെ ഒരു സമൂഹം ഭാഷയുടെ കാര്യത്തിൽ മാത്രം വ്യത്യസ്തമാകുവാൻ വഴിയില്ലല്ലോ. എഴുത്തിലും ജീവിതത്തിലും സ്ത്രീകളെക്കൂടി അഭിസംബോധന ചെയ്യുന്ന ഒരു സംസ്കാരത്തിന്റെ വളർച്ചയെയാണ് ചിന്തിക്കുന്ന സ്ത്രീസമൂഹം കാത്തിരിക്കുന്നത്.

**കെ.വി. രമ്യ, കൊല്ലം**

## ശബ്ദതാരാവലി

ജനപഥം നവംബർ ലക്കത്തിൽ ഉൾപ്പെടുത്തിയ ശബ്ദതാരാവലിയെക്കുറിച്ചുള്ള ലേഖനം വളരെ വിജ്ഞാനപ്രദമായ ഒന്നായിരുന്നു. ശബ്ദതാരാവലി ഉപയോഗിക്കുന്നവരിൽ പലർക്കും അറിയാത്ത കാര്യമായിരിക്കും അത് രൂപപ്പെടുത്താൻ ശ്രീകണ്ഠേശ്വരം നടത്തിയ കഠിനപ്രയത്നം. 34 വർഷത്തെ അദ്ദേഹത്തിന്റെ നിരന്തരതപസ്യയുടെ ഫലം നമുക്ക് എത്രമാത്രമാണ് പ്രയോജനപ്പെടുന്നത്. അദ്ദേഹത്തിന്റെ 150 ാം ജന്മവാർഷിക സമയത്തുതന്നെ ഇങ്ങനെ ഒരു ലേഖനം തയാറാക്കിയ കെ.എസ്. രവികുമാറിന് അഭിനന്ദനങ്ങൾ.

**ടോം ജോസഫ്, ആലപ്പുഴ**

# ജനപഥം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണം

ഡിസംബർ 2013
പുസ്തകം 2 ലക്കം 10
e-mail : prdmalayalam@gmail.com
Website : www.prd.kerala.gov.in

ചീഫ് എഡിറ്റർ
**മിനി ആന്റണി ഐ.എ.എസ്.**
*ഡയറക്ടർ*
*ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്*

കോ-ഓർഡിനേറ്റിങ് എഡിറ്റർ
**സി. രമേഷ്കുമാർ**
അഡീഷണൽ ഡയറക്ടർ

*ഡെപ്യൂട്ടി ചീഫ് എഡിറ്റർ*
**കെ.സി. അനിൽകുമാർ**
*ഡെപ്യൂട്ടി ഡയറക്ടർ*

എഡിറ്റർ
**എൽ. വാൾട്ടർ ഡിക്രൂസ്**

ട്രാൻസ്‌ലേറ്റർ
**ഇന്ദുശേഖർ കെ.എസ്.**

ഡിസൈനർ
**പ്രകാശ് വി.എസ്.**

ചിത്രങ്ങൾ
**ഐ. & പി.ആർ.ഡി.**
*(ഫോട്ടോഗ്രാഫി വിഭാഗം)*

സർക്കുലേഷൻ ഓഫീസർ
**ഷൈലാബീഗം എൻ.**

കവർ & ലേഔട്ട്
**കെ. ബിജു**

**പ്രതിനിധികൾ:**

- **കെ.എസ്. ശൈലേന്ദ്രൻ,** തിരുവനന്തപുരം
- **കെ. അബ്ദുൾ റഷീദ്,** കൊല്ലം
- **ശക്തികുമാർ ആർ,** പത്തനംതിട്ട
- **കെ.ആർ. പ്രമോദ്കുമാർ,** ആലപ്പുഴ
- **ശക്തികുമാർ ആർ.,** കോട്ടയം
- **ടി.സി. ചന്ദ്രഹാസൻ,** എറണാകുളം
- **കെ.ടി. ശേഖരൻ,** ഇടുക്കി
- **എം.എസ്. അലിക്കുഞ്ഞ്,** തൃശൂർ
- **സി. അയ്യപ്പൻ,** പാലക്കാട്
- **വി.പി. സുലഭകുമാരി,** മലപ്പുറം
- **കെ.പി. അബ്ദുൾ ഖാദർ,** കോഴിക്കോട്
- **ഇ. സജീവ്,** വയനാട്
- **ഇ.വി. സുഗതൻ,** കണ്ണൂർ
- **കെ. അബ്ദുൾ റഹ്മാൻ,** കാസർകോട്
- **ഡോ. സി. വേണുഗോപാൽ,** ഡൽഹി

**വരിക്കാരാകാൻ:** *ജനപഥം* തപാലിൽ ലഭിക്കാൻ ഡയറക്ടർ, ഇൻഫർമേഷൻ - പബ്ലിക് റിലേഷൻസ് വകുപ്പ്, ഒന്നാം നില, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം-695001 വിലാസത്തിൽ എം.ഒ. അയയ്ക്കുക. വാർഷിക വരിസംഖ്യ 80 രൂപ. നേരിട്ട് പണം സ്വീകരിക്കുന്ന കേന്ദ്രങ്ങൾ: സ്റ്റേറ്റ് ഇൻഫർമേഷൻ സെന്റർ, പ്രസ് ക്ലബ് ബിൽഡിങ്, തിരുവനന്തപുരം, ഫോൺ:2518471 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന് പി.ഒ, തിരുവനന്തപുരം, ഫോൺ: 731300 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഒന്നാംനില, സിവിൽ സ്റ്റേഷൻ, കൊല്ലം, ഫോൺ:2794911 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പത്തനംതിട്ട, ഫോൺ:2222657 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കുയിൽമല, പൈനാവ്, ഇടുക്കി, ഫോൺ:2233036 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ കോമ്പൗണ്ട്, ആലപ്പുഴ, ഫോൺ:2251349 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഫസ്റ്റ് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കോട്ടയം, ഫോൺ:2562558 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, പാർക്ക് അവന്യു, കൊച്ചി, ഫോൺ:2354208 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, രണ്ടാം നില, സിവിൽ സ്റ്റേഷൻ, അയ്യന്തോൾ, തൃശൂർ, ഫോൺ:2360644 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പാലക്കാട്, ഫോൺ:2533329 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മലപ്പുറം, ഫോൺ:2734387 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മെയിൻ ബിൽഡിംഗ്, കോഴിക്കോട്, ഫോൺ:2370225 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത്, വയനാട്, ഫോൺ:6202529 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കണ്ണൂർ, ഫോൺ:2700231 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, വിദ്യാനഗർ, കാസർഗോഡ്, ഫോൺ:4255145 • ഇൻഫർമേഷൻ ഓഫീസ്, കേരള ഹൗസ്, 3-ജന്തർ മന്തർ റോഡ്, ന്യൂഡൽഹി, ഫോൺ: 011 23343424



ലേഖകരുടെ അഭിപ്രായങ്ങൾ സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്തം ലേഖകർക്കു മാത്രമായിരിക്കും.



**വിലാസം**
എഡിറ്റർ, ജനപഥം,
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാം നില,
തിരുവനന്തപുരം-1
**ഫോൺ: 0471- 2518171**


മുഖക്കുറിപ്പ്

# താങ്ങും തണലുമായി കേരളം

മനുഷ്യാന്തസ്സിനു കൊടുക്കുന്ന പ്രാധാന്യമാണ്, കരുതലും സഹാനുഭൂതിയുമാണ് ഒരു ദേശത്തെയും അതിന്റെ സമൂഹത്തെയും സംസ്കാര സമ്പന്നമാക്കുന്നതിൽ പ്രധാനപങ്കു വഹിക്കുന്നത്. സാമ്പത്തികവും വംശീയവുമായ ഉച്ചനീചത്വങ്ങൾ മാത്രമല്ല അതിന് ഇല്ലാതാകേണ്ടത്. ശാരീരികവും മാനസികവുമായ പരിമിതികൾ, ദൗർബല്യങ്ങൾ എന്നിവയുടെ പേരിലുള്ള വിവേചനം അവസാനിപ്പിച്ച് കരുതലും തുല്യപരിഗണനയും നൽകി അത്തരം വ്യക്തികളെ മുഖ്യധാരയിലെത്തിക്കുന്നതും പ്രധാനമാണ്. ലോകമാകെ ഇന്ന് ഭിന്നശേഷിയുള്ളവർക്ക്, അംഗപരിമിതർക്കുവേണ്ടി വികസനമാതൃകയെന്നോ പെരുമാറ്റമാതൃകയെന്നോ വിശേഷിപ്പിക്കാവുന്ന അത്തരമൊരു നയത്തിന് ഏറെ പ്രാമുഖ്യം നൽകിവരുന്നു. അതിന്റെ ഭാഗമായാണ് അംഗപരിമിതരുടെ ദിനമായ ഡിസംബർ മൂന്ന് ഈ വർഷം 'തടസ്സങ്ങൾ ഭേദിക്കുക, കവാടങ്ങൾ തുറക്കുക: എല്ലാവരെയും ഉൾക്കൊള്ളുന്ന വികസനത്തിനുവേണ്ടി' എന്ന സന്ദേശമുയർത്തി ആചരിക്കാൻ ഐക്യരാഷ്ട്രസംഘടന ആഹ്വാനം ചെയ്തിരിക്കുന്നത്.

അംഗപരിമിതർക്ക് നൽകുന്ന കരുതലിന്റെയും സമഭാവനയുടെയും താങ്ങിന്റെയും കാര്യത്തിൽ ഇന്ത്യയുടെയും കേരളത്തിന്റെയും സമകാലികാവസ്ഥ ഇത്തരമൊരു ഉയരങ്ങളിലെത്താൻ ഇനിയും ഏറെപ്പോവേണ്ടതുണ്ട്. ലോകാരോഗ്യസംഘടനയുടെ റിപ്പോർട്ടനുസരിച്ച് ഇന്ത്യയിൽ ആകെ ജനസംഖ്യയുടെ 25 ശതമാനം ഭിന്നശേഷിയുള്ളവരാണ്. (വികലാംഗർ എന്നതിനുപകരം കൂടുതൽ മാനവികമായ അംഗപരിമിതർ, ഭിന്നശേഷിയുള്ളവർ എന്നീ പദങ്ങളാണ് ഇപ്പോൾ ഉപയോഗിക്കുന്നത്. ശാരീരികദൗർബല്യങ്ങൾ ഉള്ളവരെ മാത്രമല്ല, ഓട്ടിസം പോലെ മാനസികവെല്ലുവിളികൾ നേരിടുന്നവരെക്കൂടി ഭിന്നശേഷിയുള്ളവർ എന്ന പദം ഉൾക്കൊള്ളുന്നു.) കേരളം ഇക്കാര്യത്തിൽ മാതൃകാപരമായ ചുവടുകൾ എടുത്തുകഴിഞ്ഞിരിക്കുന്നു. അവർക്ക് ആലംബമാവുന്ന പല തീരുമാനങ്ങളും ഇനിയും നടപ്പാക്കാൻ ഒരുങ്ങുകയാണ് നാം. ഒടുവിലായി ശാരീരിക ദൗർബല്യം അനുഭവിക്കുന്നവർക്കുള്ള പെൻഷനു വാർഷിക വരുമാന പരിധി നിലവിലുള്ള 22,375 രൂപയിൽനിന്ന് മൂന്ന് ലക്ഷം രൂപയായി ഉയർത്തി ജനസമ്പർക്ക പരിപാടിക്കിടെ മുഖ്യമന്ത്രി നടത്തിയ പ്രഖ്യാപനമാണ്. ഇതോടെ എട്ടുലക്ഷം പേർകൂടി അംഗപരിമിതരുടെ പെൻഷന് അർഹത നേടും. ഇപ്പോൾ പെൻഷൻ ലഭിക്കുന്ന പതിനേഴ് ലക്ഷം പേർക്കു പുറമെയാണിത്. സർക്കാർ തസ്തികകളിൽ അംഗപരിമിതർക്ക് അർഹമായ പ്രാതിനിധ്യം ഉറപ്പ് വരുത്തുന്ന കാര്യത്തിലും സംസ്ഥാനം ഏറെ മുന്നിലാണ്. ഒപ്പം സാമൂഹികനീതി വകുപ്പിന്റെയും സാമൂഹിക സുരക്ഷാ മിഷന്റെയും നേതൃത്വത്തിൽ ഭിന്നശേഷിയുള്ളവരുടെ ക്ഷേമവും സംരക്ഷണവും ലക്ഷ്യമാക്കി ശ്രദ്ധേയമായ നിരവധി പദ്ധതികൾ വിജയംവരിച്ചുകഴിഞ്ഞു. ആശ്വാസകിരണം, താലോലം, ശ്രുതിതരംഗം തുടങ്ങിയവ ചില ഉദാഹരണങ്ങൾ മാത്രം. ഭിന്നശേഷിയുള്ളവർക്ക് ആശ്വാസമാകുന്ന കേരളമാതൃകയിലാണ് ഇത്തവണ ജനപഥം ഊന്നൽ നൽകുന്നത്.

**മിനി ആന്റണി**
ചീഫ് എഡിറ്റർ

# കൂട്ടായ്മയും ജനക്ഷേമവും വിജയമൊരുക്കി ജനസമ്പർക്കം

**ജനക്ഷേമ തീരുമാനങ്ങൾ അതിവേഗം കൈക്കൊണ്ടു തരംഗങ്ങളുയർത്തി പര്യടനം തുടരുകയാണ് മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി. ജില്ലകളിൽ നിന്നുള്ള റിപ്പോർട്ടുകളും ചിത്രങ്ങളും...**

## മലയോര ജില്ലയ്ക്ക് ആശ്വാസം

മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ രണ്ടാംഘട്ട ജനസമ്പർക്ക പരിപാടി പത്തനംതിട്ട ജില്ലയിൽ വൻവിജയമായി. സെന്റ് സ്റ്റീഫൻസ് ഓഡിറ്റോറിയത്തിൽ നടത്തിയ ജനസമ്പർക്കം സംഘാടനത്തിന്റെ മികവുകൊണ്ടും ജനങ്ങളുടെ സഹകരണം നേടിയും ശ്രദ്ധേയമായി.

ജനകീയ പ്രശ്നങ്ങളിൽ ശക്തമായി ഇടപെടുന്നതിനാണ് സർക്കാർ ആഗ്രഹിക്കുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു. ജനസമ്പർക്ക പരിപാടി വഴി പരാതിക്കാരിൽ നിന്നും ലഭിക്കുന്ന അറിവുകൾ കൂടി ഉപയോഗപ്പെടുത്തി ജനോപകാരപ്രദമായ നടപടികൾക്കാണ് സർക്കാർ ശ്രമിക്കുന്നത്. ജനങ്ങൾക്ക് വേഗത്തിൽ കാര്യക്ഷമമായ സേവനങ്ങൾ ലഭ്യമാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം.എന്നാൽ നിലവിലെ ചില ചട്ടങ്ങളും നിയമങ്ങളും ഇതിനു വിഘാതമായി നിൽക്കുന്നു. ഇതിൽ ഉദ്യോഗസ്ഥരെ കുറ്റം പറഞ്ഞിട്ടു കാര്യമില്ലെന്ന് മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. ജനവിരുദ്ധമായ അത്തരം ചട്ടങ്ങളും നിയമങ്ങളും മാറ്റാതെ ആർക്കും ഒന്നും ചെയ്യാനാവില്ല.ജനങ്ങൾക്ക് അവകാശപ്പെട്ടത് ചെയ്തുകൊടുക്കാൻ നിലവിലെ ചട്ടങ്ങളും നിയമങ്ങളും അവസരമില്ലാതാക്കുന്നിടത്താണ് ജനസമ്പർക്ക പരിപാടിയുടെ പ്രാധാന്യം. മുൻ ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി പിന്നീട് നടത്തിയ റിവ്യുവിന്റെ അടിസ്ഥാനത്തിൽ 45 ഉത്തരവുകൾ ഇറക്കിയിരുന്നു.ഇത്തരത്തിൽ പൊതുജനങ്ങൾക്ക് ആശ്വാസമാകുന്ന നയമാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ജനങ്ങളും സർക്കാരും പൊതുപ്രവർത്തകരും ചേർന്ന കൂട്ടായ്മയാണ് ജനസമ്പർക്ക പരിപാടിയെന്നും മുഖ്യമന്ത്രി പറഞ്ഞു. രാജ്യസഭാ ഉപാധ്യക്ഷൻ പ്രൊഫ. പി.ജെ.കുര്യൻ, റവന്യൂ മന്ത്രി അടൂർ പ്രകാശ്, അഡ്വ. കെ. ശിവദാസൻ നായർ എംഎൽഎ, ജില്ലാ കളക്ടർ പ്രണബ് ജ്യോതിനാഥ് എന്നിവർ പങ്കെടുത്തു.

ദുരിതങ്ങൾക്ക് പരിഹാരം തേടി ആയിരക്കണക്കിനു ജനങ്ങളാണ് ജനസമ്പർക്കത്തിനെത്തിയത്. രാവിലെ ഒൻപതുമണിക്ക് വേദിയിലെത്തിയ മുഖ്യമന്ത്രി, അവസാനത്തെയാളുടെയും പരാതി സ്വീകരിച്ചേ മടങ്ങുകയുള്ളൂ എന്നു പ്രഖ്യാപിച്ചത് ആരവങ്ങളോടെയാണ് സദസ്സ് ഏറ്റുവാങ്ങിയത്. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പൂർണ്ണ പിന്തുണയുമായി മുഖ്യമന്ത്രിക്ക് ഒപ്പം നിന്നു. ജനങ്ങളും സർക്കാരും തമ്മിലുള്ള അകലം കുറയ്ക്കുകയെന്ന ഉദ്ദേശ്യ



ത്തോടെ സംഘടിപ്പിച്ച ജനസമ്പർക്കം ജനങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും പരിഹരിക്കുന്നതിനും പൊതുജനങ്ങൾക്ക് സഹായകരമായ നിർദ്ദേശങ്ങളും നിയമങ്ങളും രൂപീകരിക്കുന്നതിനും സഹായകമായി. ഇടവേളയില്ലാതെ 15 മണിക്കൂർ പിന്നിട്ട് രാത്രി 12 മണിക്ക് അവസാനിക്കുമ്പോൾ പരാതി നൽകാൻ ആരും അവശേഷിച്ചിരുന്നില്ല.

ജനസമ്പർക്ക പരിപാടിയിൽ രജിസ്റ്റർ ചെയ്ത 4073 അപേക്ഷകളാണ് മുഖ്യമന്ത്രി പരിഗണിച്ചത്. ഇതിൽ 454 പരാതികൾ അദ്ദേഹം അപേക്ഷകരിൽനിന്നും നേരിട്ടു സ്വീകരിച്ചു പരിഹാരമുണ്ടാക്കി. ഇതിനുപുറമേ പുതുതായി ആറായിരത്തോളം അപേക്ഷകൾ വേദിയിൽ മുഖ്യമന്ത്രി സ്വീകരിക്കുകയും ചെയ്തു. വിവിധ പദ്ധതികളിലെ സഹായധനമായി നേരത്തേ രജിസ്റ്റർ ചെയ്തവർക്ക് 33.44 ലക്ഷം രൂപയും പുതുതായി സ്ക്രീനിംഗ് കമ്മിറ്റി ശുപാർശ പ്രകാരം 729 കേസുകളിലായി 65.62 ലക്ഷം രൂപയും വിതരണം ചെയ്തതുൾപ്പെടെ ആകെ 99 ലക്ഷം രൂപയാണ് ജില്ലയിൽ അനുവദിച്ചത്. ഇതിനുപുറമേ പുതുതായി ലഭിച്ച 6027 പരാതികളിൽ 604 കേസുകളിലായി 1.42 കോടി രൂപയുടെ സഹായവും മുഖ്യമന്ത്രി ശുപാർശ ചെയ്തു. ആകെ അനുവദിച്ചത് 2.39 കോടി രൂപ.

ജില്ലയുടെ ചുമതലയുള്ള റവന്യൂ മന്ത്രി അടൂർ പ്രകാശിന്റെ നേതൃത്വത്തിൽ മൂന്നുമാസമായി ജില്ലയിലെ ഉദ്യോഗസ്ഥർ നടത്തിയ കഠിന പ്രയത്നമാണ് ജനസമ്പർക്ക പരിപാടിയെ വിജയത്തിലെത്തിച്ചത്. ജനസമ്പർക്ക പരിപാടിക്കെത്തുന്നവരെ സ്വീകരിക്കാൻ അഞ്ച് കൗണ്ടറുകൾ സജ്ജമാക്കി. പരാതിക്കാരെ ഇവിടെ സ്വീകരിച്ച ശേഷം പ്രത്യേകം ക്രമീകരിച്ച സ്ഥലത്ത് ഇരുത്തി സമയമനുസരിച്ച് മുഖ്യമന്ത്രിയുടെ സമീപത്തേക്ക് അയയ്ക്കുകയായിരുന്നു. പരാതി നൽകാനെത്തിയവരും, പൊതുപ്രവർത്തകരും ഉൾപ്പടെ വൻ ജനസഞ്ചയമാണ് പത്തനംതിട്ട നഗരത്തിൽ എത്തിയത്.

ജീവിതത്തിന്റെ അവസാന നാളുകളിൽ സഹായമില്ലാതെ കഷ്ടപ്പെട്ടിരുന്ന വടശ്ശേരിക്കര പേഴുംപന വീട്ടിൽ ജോർജിനും ഭാര്യ ശോശാമ്മ ജോർജിനും മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി കൈത്താങ്ങായി. പത്തനംതിട്ടയിൽ ജനസമ്പർക്ക പരിപാടിയിൽ ആദ്യം പരിഹരിച്ചത് ജോർജിന്റെ പരാതിയാണ്. വികലാംഗചികിത്സാ പദ്ധതിയിൽ നിന്നും 30000 രൂപ വൃദ്ധദമ്പതികൾക്ക് വിതരണം ചെയ്യാൻ മുഖ്യമന്ത്രി നിർദ്ദേശിച്ചു. കൂലിപ്പണിക്കാരനായിരുന്ന ജോർജിനെ നടന്നുപോകുന്നവഴി ട്രാൻസ്പോർട്ട് ബസ് ഇടിച്ചിടുകയായിരുന്നു. 10 വർഷം മുൻപായിരുന്നു സംഭവം. രണ്ടു കാലും ഒടിയുകയും നട്ടെല്ലിന് ക്ഷതമേൽക്കുകയും ചെയ്തതിനാൽ അന്നു മുതൽ ക്രച്ചസ്സിന്റെ സഹായത്തോടെയാണ് നടക്കുന്നത്. ജന്മനാ ഒരു കണ്ണിന് കാഴ്ചയില്ലാത്ത ഭാര്യ ശോശാമ്മയ്ക്ക് കാലിന് വൈകല്യമുണ്ട്. മുട്ടു വളഞ്ഞുപോകുന്നതിന് ശസ്ത്രക്രിയ വേണമെന്ന് ഡോക്ടർമാർ ആവശ്യപ്പെട്ടെങ്കിലും പ്രായാധിക്യത്താൽ അതിനു സാധിക്കില്ലെന്ന് ഡോക്ടർമാർ നിർദ്ദേശിച്ചു. മരുന്ന് വാങ്ങാൻ ഇവർക്ക് നിവൃത്തിയില്ല. രണ്ടാഴ്ചത്തേക്ക് 1000 രൂപ വില വരുന്ന മരുന്നാണ് എഴുതി നൽകിയിരുന്നത്. ഇവർക്ക് മക്കളും ഇല്ല.





***ആർ. ശക്തികുമാർ***
*ജില്ലാ ഇൻഫർമേഷൻ ഓഫീസർ, പത്തനംതിട്ട*







# അക്ഷര നഗരിയിൽ നിറഞ്ഞ കാരുണ്യസ്പർശം

അക്ഷര നഗരി കണ്ടത് കാരുണ്യത്തിൽനിന്ന് ഉറവയെടുത്ത ജനപക്ഷതീരുമാനങ്ങളുടെ പുതിയ മാതൃക. രോഗികൾ, വിധവകൾ, പീഡിതർ, ദുഃഖിതർ, നിരാശ്രയർ എന്നിങ്ങനെ സമൂഹത്തിന്റെ പുറന്തോടുകളിൽ കഴിയുന്ന ആയിരങ്ങൾക്ക് അവ ആശ്വാസമായി. നടന്നും ഇഴഞ്ഞും കിതച്ചും വേദനകൾ കടിച്ചമർത്തിയുമായിരുന്നു അവർ വീടുവിട്ടിറങ്ങിയത്. മുഖ്യമന്ത്രിയുടെ മുന്നിലെത്തി ജീവിതപ്രാരാബ്ധങ്ങളും വേദനകളും യാതനകളും അവർ പറഞ്ഞു. ഓരോന്നിനും ചെവികൊടുത്ത് അദ്ദേഹത്തിന്റെ ഉചിതമായ തീരുമാനങ്ങളാൽ വേദിയിൽത്തന്നെ പരിഹാരവും.

പതിവിന് വിപരീതമായി രാവിലെ എട്ടിന് വേദിയിലെത്തിച്ചേർന്ന മുഖ്യമന്ത്രി നാട്ടുകാരനായിത്തന്നെ ജനമധ്യത്തിലിറങ്ങി പരാതികൾ സ്വീകരിച്ചു. വൈക്കം ക്ഷേത്രത്തിലെ ഉത്സവം പ്രമാണിച്ച് ആ താലൂക്കിൽ നിന്നുള്ളവരെ നേരിൽക്കണ്ട ശേഷമായിരുന്നു പതിവ് യോഗനടപടികൾ. ജനങ്ങളുടെ കാത്തിരിപ്പ് പരമാവധി കുറയ്ക്കാൻ മുഖ്യമന്ത്രിയും മന്ത്രിമാരും എം. പിമാരുമൊക്കെ ഉദ്ഘാടന ചടങ്ങിലെ പ്രസംഗം ഏതാനും വാക്കുകളിലൊതുക്കി. ചടങ്ങ് കഴിഞ്ഞ ഉടൻതന്നെ പരാതികൾ സ്വീകരിച്ചുതുടങ്ങി. ഉച്ചയ്ക്ക് ഒരു മണിയോടെ പരാതികൾ സ്വീകരിക്കാൻ വേദിവിട്ട് പരാതിക്കാരുടെ ഇടയിലേക്ക്. നേരത്തെ ലഭിച്ച 1762 പരാതികളിൽ 256 ഒഴികെയുള്ളവയിൽ തീർപ്പുകൽപ്പിച്ചിരുന്നു. സർക്കാർ തലത്തിൽ ഇടപെടൽ ആവശ്യമായ 256 പരാതികളാണ് മുഖ്യമന്ത്രി വേദിയിൽ പരിഗണിച്ചത്. വിവിധ വകുപ്പുകളിലെ 2500 ഓളം ഉദ്യോഗസ്ഥർ പരാതി പരിഹാരവുമായി ബന്ധപ്പെട്ട് ജനസമ്പർക്ക പരിപാടിയിൽ പങ്കാളികളായി.

ജനങ്ങളുടെ ന്യായമായ പ്രശ്നങ്ങൾ പരിഹരിക്കുകയാണ് ജനസമ്പർക്കത്തിന്റെ ലക്ഷ്യമെന്നും പരിപാടിയുമായി മുന്നോട്ടു പോകുമെന്നും മുഖ്യമന്ത്രി ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. ജനസമ്പർക്ക പരിപാടികളിൽ പ്രശ്നപരിഹാരത്തിനുള്ള പുതിയ നിർദേശങ്ങളും പദ്ധതികളും മുന്നോട്ട് വെക്കപ്പെടുന്നു. ഇവ പരിഗണിച്ച് ആവശ്യമെങ്കിൽ ജനക്ഷേമപരമായ ഉത്തരവുകൾ പുറത്തിറക്കും. ജനസമ്പർക്ക പരിപാടി നടക്കുന്നിടത്തുതന്നെ അവസാനിക്കുന്നതല്ല. ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികളുടെ തുടക്കം കുറിക്കലാണതെന്നും മുഖ്യമന്ത്രി പറഞ്ഞു. കൂട്ടായ പരിശ്രമമാണ് പരിപാടിയുടെ വിജയത്തിന് കാരണം. സർക്കാരും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും കൂട്ടായി പ്രവർത്തിച്ചാൽ മാത്രമേ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ളൂ.





ശരിയെന്നു തോന്നുന്നതും ജനങ്ങൾക്ക് ചെയ്തുകൊടുക്കേണ്ടതുമായ കാര്യങ്ങൾ നടപ്പാക്കണമെന്നാണ് സർക്കാരിന്റെ ആഗ്രഹം. സർക്കാർ എടുക്കുന്ന തീരുമാനങ്ങൾ നടപ്പാക്കാനുള്ളവരാണ് ഉദ്യോഗസ്ഥർ. അവർക്ക് നിബന്ധനകൾക്കുള്ളിൽ നിന്നേ പ്രവർത്തിക്കാനാകൂ. എന്നാൽ ചട്ടങ്ങൾ അനുവദിക്കാത്തിനാൽ പലപ്പോഴും അതിന് സാധ്യമാകുന്നില്ല. ഇത്തരം സാഹചര്യങ്ങളിൽ ഉദ്യോഗസ്ഥരെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. അവർക്ക് ചട്ടങ്ങളും നിയമങ്ങളും വ്യവസ്ഥകളും ലംഘിക്കാനാകില്ല. ഈ സാഹചര്യത്തിലാണ് ജനസമ്പർക്ക പരിപാടിയിലൂടെ ചട്ടങ്ങളിലുൾപ്പെടെ ജനക്ഷേമകരമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിന് സർക്കാർ ശ്രമിക്കുന്നതെന്നും മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. കഴിഞ്ഞ ജനസമ്പർക്ക പരിപാടിക്കുശേഷം പുറപ്പെടുവിച്ച 45 സർക്കാർ ഉത്തരവുകൾ ഗവൺമെന്റിന് ജനങ്ങളോടുള്ള കരുതലിന്റെ വ്യക്തമായ ഉദാഹരണങ്ങളാണ്. ഈ ഉത്തരവുകൾ 'ജനപക്ഷചുവടുകൾ' വിവര-പൊതുജന സമ്പർക്ക വകുപ്പ് പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ളത് മുഖ്യമന്ത്രി എടുത്തു പറഞ്ഞു.

ധന മന്ത്രി കെ.എം. മാണി, ആഭ്യന്തര മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ, ഗ്രാമവികസന മന്ത്രി കെ.സി. ജോസഫ്, ചിഫ് വിപ്പ് പി.സി. ജോർജ്, എം.പിമാരായ ജോസ് കെ. മാണി, ആന്റോ ആന്റണി, ജോയി എബ്രഹാം, എം.എൽ.എമാരായ സി.എഫ്. തോമസ്, മോൻസ് ജോസഫ്, എൻ. ജയരാജ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർമല ജിമ്മി, മുനിസിപ്പൽ ചെയർമാൻ എം.പി. സന്തോഷ് കുമാർ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. ഫിൽസ മാത്യൂസ്, കളക്ടർ അജിത് കുമാർ, തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു. ■





# തൃശൂരിന്റെ മണ്ണിൽ

അമ്മ പ്രീതിക്ക് പ്രസവവേളയിലുണ്ടായ അണുബാധയെത്തുടർന്ന് ജനിച്ചനാൾ മുതൽ കിടക്കയിൽ തന്നെ കഴിയേണ്ടിവന്ന അഞ്ചു വയസുകാരൻ നിമിലിന് മുഖ്യമന്ത്രിയുടെ സ്നേഹസ്പർശമേകിയ ആശ്വാസം ആ കുടുംബത്തിന് പറയാനാകുന്നതല്ലായിരുന്നു. കുട്ടിയുടെ ഭാരിച്ച ചികിത്സാ ചെലവുകൾ താങ്ങാനാവാത്ത കുടുംബത്തിന് സൗജന്യ ചികിത്സാ സഹായവും ഒരു ലക്ഷം രൂപയുടെ ധനസഹായവും മുഖ്യമന്ത്രി ജനസമ്പർക്ക പരിപാടിയിൽ പ്രഖ്യാപിച്ചു. 90 ശതമാനം അംഗപരിമിതിയും പൂർണാന്ധതയും കണ്ടെത്തിയ നിമിലിന്റെ കുടുംബത്തിന് നിലവിലുള്ള എ.പി.എൽ. പദവി ബി.പി.എല്ലാക്കി മാറ്റിയതും ഏറെ ആശ്വാസം പകരുന്നതായി. നിമിലിനെപ്പോലെ ദുരിതമനുഭവിക്കുന്ന് ആയിരക്കണക്കിന് ആൾക്കാർക്കാണ് നവംബർ 22 ന് തൃശൂരിൽ നടന്ന ജനസമ്പർക്കപരിപാടി സാന്ത്വനം നൽകിയത്. 2.03 കോടി രൂപയുടെ ധനസഹായമാണ് തൃശൂരിലെ പരിപാടിയുടെ ഭാഗമായി വിതരണം ചെയ്തത്.












| മലപ്പുറം | |
|---|---|
| മുഖ്യമന്ത്രി ജനങ്ങൾക്കൊപ്പം ചെലവഴിച്ചത് | രാവിലെ ഒൻപത് മുതൽ രാത്രി 11 വരെ (14 മണിക്കൂർ) |
| നേരത്തെ ലഭിച്ച പരാതികൾ | 10171 |
| നേരിട്ട് വാങ്ങിയതിൽ മുഖ്യമന്ത്രി തീർപ്പാക്കിയ പരാതികൾ | 1796 |
| നേരിട്ട് വാങ്ങിയതിൽ കലക്ടറുടെ പരിഗണനയ്ക്ക് വിട്ടത് | 5248 |
| ആകെ പരാതികൾ | 17215 |
| **ധനസഹായം അനുവദിച്ചത്** | |
| നേരത്തെ ലഭിച്ച 1146 പരാതികളിൽ | 2.14 കോടി |
| നേരിട്ട് വാങ്ങിയതിൽ പരിഗണിച്ച 1796 പരാതികളിൽ | 2.62 കോടി |
| **ആകെ** | **4.76** |
| ബി.പി.എൽ. റേഷൻ കാർഡ് | 2463 |
| പട്ടയം | 1 |
| വീൽചെയർ | 2 |
| ശ്രവണ സഹായി | 4 |
| ഐ.എ.വൈ. പദ്ധതിയിലുൾപ്പെടുത്തി വീട് | 1 |
| വിദ്യാഭ്യാസ സഹായം | 1 |





അഷ്റഫ് കാവിൽ

# ഭിന്നശേഷിയുള്ളവർ മുഖ്യധാരയിലേക്ക്



**സംസ്ഥാന അംഗപരിമിത പെൻഷൻ ലഭിക്കുന്നതിനുള്ള വാർഷിക വരുമാന പരിധി നിലവിലുള്ള 22,375 രൂപയിൽ നിന്ന് മൂന്ന് ലക്ഷം രൂപയായി ഉയർത്തുമെന്ന് ഈ വർഷത്തെ ജനസമ്പർക്കപരിപാടിയിൽ മുഖ്യമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. അംഗപരിമിതരുടെ ഏറെക്കാലമായുള്ള ആഗ്രഹമാണ് ഇതുവഴി യാഥാർഥ്യമാകുന്നത്. സംസ്ഥാനത്തുള്ള 29 ലക്ഷം അംഗപരിമിതരിൽ 17 ലക്ഷം പേർക്കാണ് ഇപ്പോൾ പെൻഷൻ ലഭിക്കുന്നത്. വാർഷിക വരുമാന പരിധി മൂന്നു ലക്ഷം രൂപയായി ഉയർത്തുന്നതോടെ എട്ടു ലക്ഷം പേർക്കു കൂടി പെൻഷൻ പദ്ധതിയുടെ ആനുകൂല്യം ലഭിക്കും. ഇതോടെ 25 ലക്ഷം പേർ അംഗപരിമിത പെൻഷൻ പദ്ധതി വഴി സാമൂഹികസുരക്ഷിതത്വം നേടുന്ന സംസ്ഥാനമായി കേരളം മാറും.**

ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവരുടെ ക്ഷേമവും സംരക്ഷണവും പുനരധിവാസവും ഉറപ്പുവരുത്തേണ്ടത് ഏതൊരു ജനാധിപത്യഭരണകൂടത്തിന്റെയും പരമപ്രധാനമായ ഉത്തരവാദിത്വമാണ്. ഭരണഘടനാപരവും ധാർമികവുമായ ഈ ഉത്തരവാദിത്വം ആത്മാർഥമായി നിറവേറ്റുന്നതിന്, ഫലപ്രദമായ പദ്ധതികളും പരിപാടികളും ആവിഷ്കരിച്ച് നടപ്പാക്കുന്ന കാര്യത്തിൽ ഇന്ത്യയിൽ തന്നെ മുന്നിൽ നിൽക്കുന്ന സംസ്ഥാനമാണ് ഇന്ന് കേരളം. അംഗപരിമിതരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ഭരണഘടന അനുശാസിക്കുന്ന വിധം സമത്വം, സ്വാതന്ത്ര്യം, നീതി എന്നിവ അവർക്ക് ഉറപ്പുവരുത്തുന്നതിനുള്ള നൂതനമായ പദ്ധതികളാണ് കേരളസർക്കാർ നടപ്പാക്കുന്നത്. ശാരീരികവും മാനസികവുമായ പരിമിതികൾ മൂലം പലപ്പോഴും കുടുംബങ്ങളിലും സമൂഹത്തിലും അവഗണനയും വിവേചനവും അനുഭവിക്കുന്നവരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്ന പ്രവർത്തനങ്ങൾക്കാണ് സർക്കാർ മുൻഗണന നൽകുന്നത്.

ലോകാരോഗ്യസംഘടനയുടെ 2011 ലെ 'വേൾഡ് റിപ്പോർട്ട് ഓൺ ഡിസബിളിറ്റി' പ്രകാരം ലോകത്ത് 10 കോടി കുട്ടികൾ ഉൾപ്പെടെ 100 കോടി ജനങ്ങൾ ഏതെങ്കിലും വിധത്തിൽ വൈകല്യമുള്ളവരാണ്. 2002-04 കാലയളവിൽ നടത്തിയ സർവെയുടെ അടിസ്ഥാനത്തിൽ തയാറാക്കിയ ഈ റിപ്പോർട്ട് പ്രകാരം ഇന്ത്യയിൽ ആകെ ജനസംഖ്യയുടെ 25 ശതമാനം പേർ ഭിന്നശേഷിയുള്ളവരാണ്. അതായത് നമ്മുടെ രാജ്യത്ത് നാലിൽ ഒരാൾ വീതം ഏതെങ്കിലും രീതിയിൽ ശാരീരിക ദൗർബല്യം അനുഭവിക്കുന്നു എന്നർഥം! കേരളത്തിൽ ഇങ്ങനെയുള്ളവരുടെ എണ്ണം 29 ലക്ഷം വരുമെന്നാണ് കണക്ക്. അംഗപരിമിതരുടെ ജനസംഖ്യ വർധിക്കുന്നതനുസരിച്ച് അവർ അനുഭവിക്കുന്ന പ്രശ്നങ്ങളും വർധിക്കുകയാണ്. ഭിന്നശേഷിയുള്ളവരുടെ പ്രശ്നങ്ങൾ യഥാസമയം പരിഹരിക്കുന്നതിന് സംസ്ഥാനസർക്കാർ സ്വീകരിക്കുന്ന ഫലപ്രദമായ നടപടികൾ ഇന്ന് ദേശീയതലത്തിൽ തന്നെ ശ്രദ്ധനേടുകയാണ്. ബധിരരും മൂകരുമായ കുട്ടികൾക്ക് സൗജന്യ കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിയിലൂടെ കേൾവിശക്തി നൽകുന്നതിനുള്ള സംസ്ഥാനസർക്കാരിന്റെ 'ശ്രുതിതരംഗം' പദ്ധതി, യു.പി.എ. അധ്യക്ഷ സോണിയാ ഗാന്ധിയുടെ പ്രശംസയ്ക്കു പാത്രമായതും അതുവഴി യു.പി.എയുടെ ലോക്സഭാ തെരഞ്ഞെടുപ്പു പത്രികയിൽ ഇടംനേടാൻ വഴിയൊരുങ്ങിയതും വികലാംഗക്ഷേമ മേഖലയിൽ സംസ്ഥാന സർക്കാരിന്റെ പദ്ധതികൾ ദേശീയ ശ്രദ്ധനേടുന്നതിന് തെളിവാണ്.

## 25 ലക്ഷം പേർക്ക് പെൻഷൻ

ജനങ്ങളുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കി അവ അതിവേഗം പരിഹരിക്കാൻ കഴിഞ്ഞതുവഴി, ഐക്യരാഷ്ട്രസഭയുടെ അന്താരാഷ്ട്ര പുരസ്കാരം നേടിയ, നൂതനവും സുതാര്യവുമായ ജനക്ഷേമ ഭരണനിർവഹണ രീതിയാണ് മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി. ജനസമ്പർക്ക പരിപാടിയുടെ തുടർപ്രവർത്തനമെന്ന നിലയിൽ ഒരു വർഷത്തിനിടയിൽ ജനോപകാരപ്രദമായ 45 പുതിയ ഉത്തരവുകൾ ഇറങ്ങുകയുണ്ടായി. ഇവയിൽ പലതും ഭിന്നശേഷിയുള്ളവർ ഏറെക്കാലമായി അനുഭവിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രാപ്തമാകുന്നതാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ധന

സഹായം ലഭിക്കുന്നതിനുള്ള വാർഷിക വരുമാന പരിധി 20,000 രൂപയിൽ നിന്ന് ഒരു ലക്ഷം രൂപയായി വർധിപ്പിച്ചുകൊണ്ടുള്ള തീരുമാനമാണ് അതിൽ പ്രധാനം. അംഗപരിമിതർ ഉൾപ്പെടെ അവശതയനുഭവിക്കുന്ന ജനവിഭാഗങ്ങൾക്ക് വലിയ ആശ്വാസമാണ് ഈ ഉത്തരവുവഴി ലഭിച്ചിരിക്കുന്നത്.

മാനസികവും ശാരീരികവുമായ വെല്ലുവിളികൾ നേരിടുന്നവരും ഓട്ടിസം ബാധിച്ചവരും, പരസഹായമില്ലാതെ ജീവിതം നയിക്കാൻ കഴിയാത്തവരും ശരീരം തളർന്ന് കിടപ്പിലായവരുമുള്ള കുടുംബങ്ങളെക്കൂടി ബി.പി.എൽ. പട്ടികയിലുൾപ്പെടുത്താനുള്ള പുതിയ സർക്കാർ തീരുമാനം, വൈകല്യം അനുഭവിക്കുന്നവർക്ക് കൂടുതൽ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് പ്രാപ്തമാക്കും. മാത്രമല്ല, ഓർഫനേജ് കൺട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്ത അംഗപരിമിത സ്ഥാപനങ്ങളിലെ അന്തേവാസികളെക്കൂടി ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ പട്ടികയിൽ ചേർക്കാനും അതുപ്രകാരമുള്ള സർക്കാർ ആനുകൂല്യങ്ങൾ ലഭ്യമാക്കാനും തീരുമാനമായിട്ടുണ്ട്.

ഇന്ദിരാഗാന്ധി ദേശീയ അംഗപരിമിതി പെൻഷൻ (ഐ.ജി.എൻ.ഡി.പി.എസ്.) കേരളത്തിൽ നടപ്പാക്കാൻ തീരുമാനിച്ചത് സംസ്ഥാനത്തെ ഭിന്നശേഷിയുള്ളവർക്ക് മറ്റൊരു അനുഗ്രഹമാകുകയാണ്. അർഹരായ പുതിയ അപേക്ഷകർക്ക് ഈ പദ്ധതിയിൽ ചേരാം. കൂടാതെ നിലവിൽ സംസ്ഥാന സർക്കാരിന്റെ വികലാംഗപെൻഷൻ ലഭിക്കുന്നവർക്കും ഈ പെൻഷൻ പദ്ധതിയിലേക്ക് അർഹതയനുസരിച്ച് മാറാവുന്നതാണ്. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള 18 നും 79 നും ഇടയിൽ പ്രായമുള്ള അംഗപരിമിതർ ഈ പെൻഷന് അർഹരാണ്. ഇന്ദിരാഗാന്ധി ദേശീയ പെൻഷൻ പദ്ധതിയോടൊപ്പം നിലവിലുള്ള സംസ്ഥാന പെൻഷൻ പദ്ധതി തുടരുകയും ചെയ്യും.

സംസ്ഥാന അംഗപരിമിത പെൻഷൻ ലഭിക്കുന്നതിനുള്ള വാർഷിക വരുമാന പരിധി നിലവിലുള്ള 22,375 രൂപയിൽ നിന്ന് മൂന്ന് ലക്ഷം രൂപയായി ഉയർത്തുമെന്ന് ഈ വർഷത്തെ ജനസമ്പർക്കപരിപാടിയിൽ മുഖ്യമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. അംഗപരിമിതരുടെ ഏറെക്കാലമായുള്ള ആഗ്രഹമാണ് ഇതുവഴി യാഥാർഥ്യമാകുന്നത്. സംസ്ഥാന

**സ്ഥിരമായ ശാരീരിക ദൗർബല്യമുള്ളവർക്ക് കെ.എസ്.ആർ.ടി.സി. ബസ്സിൽ യാത്രാ ഇളവ് കിട്ടാൻ ഇനിമുതൽ ഒറ്റപ്രാവശ്യം പാസ് എടുത്താൽ മതിയെന്ന ഉത്തരവ് ഇറങ്ങിക്കഴിഞ്ഞു.**

ത്തുള്ള 29 ലക്ഷം അംഗപരിമിതരിൽ 17 ലക്ഷം പേർക്കാണ് ഇപ്പോൾ പെൻഷൻ ലഭിക്കുന്നത്. വാർഷിക വരുമാന പരിധി മൂന്നു ലക്ഷം രൂപയായി ഉയർത്തുന്നതോടെ എട്ടു ലക്ഷം പേർക്കു കൂടി പെൻഷൻ പദ്ധതിയുടെ ആനുകൂല്യം ലഭിക്കും. ഇതോടെ 25 ലക്ഷം പേർ അംഗപരിമിത പെൻഷൻ പദ്ധതി വഴി സാമൂഹികസുരക്ഷിതത്വം നേടുന്ന സംസ്ഥാനമായി കേരളം മാറും.

## ധനസഹായത്തിൽ വർധന

2013 ഏപ്രിൽ ഒന്നു മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം സാമൂഹികസുരക്ഷാ പെൻഷനും ധനസഹായവും വർധിപ്പിക്കാൻ സർക്കാർ തീരുമാനിച്ചത് ഭിന്നശേഷിയുള്ളവർക്ക് ഏറെ ഗുണം ചെയ്തിട്ടുണ്ട്. വികലാംഗ പെൻഷൻ 525 രൂപയിൽ നിന്ന് 700 രൂപയായി ഉയർന്നു. 80 ശതമാനത്തിന് മുകളിൽ ശാരീരിക ദൗർബല്യമുള്ളവരുടെ പെൻഷൻ 700 രൂപയിൽ നിന്ന് 1000 രൂപയായായി വർധിപ്പിച്ചു. കുഷ്ഠരോഗികൾക്ക് നൽകിവരുന്ന പ്രതിമാസ ധനസസഹായമായ 525 രൂപ 800 രൂപയായി ഉയർത്തി. വികലാംഗ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് നൽകുന്ന പ്രതിമാസ ഗ്രാന്റ് 525 ൽ നിന്ന് 700 രൂപയായി പുതുക്കി നിശ്ചയിച്ചു. സർക്കാർ-എയ്ഡഡ്, അന്ധ-ബധിര വിദ്യാലയങ്ങളിലെ വിദ്യാർഥികൾക്ക് ഭക്ഷണത്തിനുള്ള പ്രതിമാസ ഗ്രാന്റായി 750 രൂപയ്ക്കു പകരം ഇനിമുതൽ 900 രൂപ ലഭിക്കും. തീവ്രമായ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നതിനാൽ ശയ്യാവലംബരായി വീട്ടിൽ തന്നെ കഴിയേണ്ടിവരുന്നവരെ പരിചരിക്കുന്നവർക്ക്, കേരള സാമൂഹികസുരക്ഷാ മിഷന്റെ 'ആശ്വാസ കിരണം' പദ്ധതി പ്രകാരം നൽകുന്ന പ്രതിമാസ ധനസഹായമായ 400 രൂപ 525 രൂപയായി വർധിപ്പിച്ചു. ഗുരുതരമായി അംഗവൈകല്യം സംഭവിച്ച് വിദേശരാജ്യങ്ങളിൽ നിന്ന് മടങ്ങിയെത്തുന്ന പ്രവാസി മലയാളികൾക്ക് സഹായോപകരണങ്ങൾ വാങ്ങുന്നതിന്, 'സാന്ത്വന' പദ്ധതി പ്രകാരം നൽകിവരുന്ന സഹായം 10,000 രൂപയിൽ നിന്ന് 20,000 രൂപയായാണ് സർക്കാർ വർധിപ്പിച്ചത്.

പൊതു ഇടങ്ങളിലും കെട്ടിടങ്ങളിലും അംഗപരിമിതരായ വ്യക്തികൾക്ക് തടസ്സരഹിതമായ സഞ്ചാരസ്വാതന്ത്ര്യവും സൗകര്യങ്ങളും ഉറപ്പു വരുത്തണമെന്ന് 1995 ലെ അംഗപരിമിതർക്കായുള്ള (തുല്യ അവസരങ്ങൾ, അവകാശ സംരക്ഷണം, സമ്പൂർണമായ പങ്കാളിത്തം) നിയമത്തിൽ വ്യവസ്ഥയുണ്ട്. നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് പുതുതായി നിർമിക്കുന്ന എല്ലാ സർക്കാർ കെട്ടിടങ്ങളിലും അംഗപരിമിതർക്ക് സുഗമമായി പ്രവേശിക്കാനും സഞ്ചരിക്കാനുമുള്ള സൗകര്യങ്ങളും പ്രത്യേക ടോയ്‌ലറ്റ് സംവിധാനങ്ങളും ഏർപ്പെടുത്തണമെന്നത് നിർബന്ധമാക്കിക്കഴിഞ്ഞു. ഇതിനുവേണ്ടി കെട്ടിടങ്ങളുടെ രൂപകല്പനകളിൽ പൊതുമരാമത്ത് വകുപ്പ് ഉചിതമായ മാറ്റങ്ങൾ വരുത്തണമെന്നും കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന ധനസഹായം ഇക്കാര്യത്തിന് ഉപയോഗിക്കണമെന്നും സർക്കാർ കർശന നിർദേശം നൽകിയിട്ടുണ്ട്. സ്ഥിരമായ അംഗവൈകല്യമുള്ളവർക്ക് കെ.എസ്.ആർ.ടി.സി. ബസ്സിൽ യാത്രാ ആനുകൂല്യം ലഭിക്കുന്നതിന് എല്ലാ വർഷവും സർട്ടിഫിക്കറ്റും പാസും പുതുക്കണമെന്ന് നിർബന്ധമുണ്ടായിരുന്നു. അംഗപരിമിതരെ ഏറെക്കാലമായി ബുദ്ധിമുട്ടിക്കുന്ന ഈ സമ്പ്രദായം അവസാനിക്കുകയാണ്. സ്ഥിരമായ ശാരീരിക ദൗർബല്യമുള്ളവർക്ക് കെ.എസ്.ആർ.ടി.സി. ബസ്സിൽ യാത്രാ ഇളവ് കിട്ടാൻ ഇനിമുതൽ ഒറ്റപ്രാവശ്യം പാസ് എടുത്താൽ മതിയെന്ന ഉത്തരവ് ഇറങ്ങിക്കഴിഞ്ഞു.

## സർക്കാർ ജോലിയിൽ സംവരണം

1995 ലെ നിയമപ്രകാരം എല്ലാ സർക്കാരുകളും മൂന്ന ശതമാനത്തിൽ കുറയാത്ത തസ്തികകൾ അംഗപരിമിതർക്ക് സംവരണം ചെയ്യേണ്ടതുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കു കീഴിലുള്ള വകുപ്പുകളിലും കമ്പനികളിലും സ്ഥാപനങ്ങളിലും അവർക്ക്





മൂന്നു ശതമാനം തൊഴിൽ സംവരണം നൽകണമെന്ന് സുപ്രീം കോടതിയും വിധിച്ചിട്ടുണ്ട്. സർക്കാർ തസ്തികകളിൽ അംഗപരിമിതർക്ക് അർഹമായ പ്രാതിനിധ്യം ഉറപ്പുവരുത്തുന്ന കാര്യത്തിൽ സംസ്ഥാന സർക്കാർ ആത്മാർഥമായ നടപടികളാണ് ഇന്ന് സ്വീകരിച്ചിരിക്കുന്നത്. അംഗപരിമിതർക്ക് സർക്കാർ ജോലിയിൽ അനുയോജ്യമായ കൂടുതൽ തസ്തികകൾ കണ്ടെത്തുന്നതിന്, സർക്കാർ ഒരു വിദഗ്ധ സമിതിയെ നിയോഗിക്കുകയുണ്ടായി. സമിതി നൽകിയ ശുപാർശയുടെ അടിസ്ഥാനത്തിൽ, സർക്കാർ സർവീസിലെ കൂടുതൽ തസ്തികകൾ അംഗപരിമിതർക്കായി സംവരണം ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

ക്ലാസ് ഒന്ന്, രണ്ട് വിഭാഗങ്ങളിൽ, അംഗപരിമിതർക്കുള്ള സംവരണത്തിൽ ചില സുപ്രധാന തസ്തികകൾ കൂടി ഉൾപ്പെടുത്താനാണ് തീരുമാനം. ചലനവൈകല്യമുള്ളവർക്ക് (ലോക്കോ മോട്ടോർ ഡിസബിളിറ്റി), കേരള സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ സർവീസിൽ, അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ തസ്തിക പുതിയതായി സംവരണം ചെയ്യുന്നു. തദ്ദേശസ്വയംഭരണം, വാട്ടർ അതോറിറ്റി, കെഎസ്.ഇ.ബി., ഭവന നിർമാണ ബോർഡ്, മലിനീകരണ നിയന്ത്രണ ബോർഡ്, കെ.എസ്.എൽ.ഡി.ബി. എന്നീ വകുപ്പുകളിലെ അസിസ്റ്റന്റ് എൻജിനീയർ തസ്തിക അസ്ഥിവൈകല്യം, ബധിരത, കാഴ്ചക്കുറവ് എന്നിവ അനുഭവിക്കുന്നവർക്ക് സംവരണം ചെയ്തിട്ടുണ്ട്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താത്കാലിക നിയമനം ലഭിച്ച അംഗപരിമിതരെ, അർഹതയ്ക്കു വിധേയമായി സർക്കാർ സർവീസിൽ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികളും ഘട്ടംഘട്ടമായി പൂർത്തിയായി വരികയാണ്. 1999 ഓഗസ്റ്റ് 16 മുതൽ 2013 ഡിസംബർ 31 വരെയുള്ള കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താത്കാലികമായി നിയമിതരായി, സർക്കാർ സർവീസ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ബോർഡ്, കോർപറേഷൻ, പൊതുമേഖലാ സ്ഥാപനങ്ങൾ, സർവകലാശാലകൾ, പി.എസ്.സി. എന്നിവിടങ്ങളിൽ 179 ദിവസം സേവനം പൂർത്തിയാക്കിയ അംഗപരിമിതർക്ക് സ്ഥിര നിയമനം നൽകുന്നതിന് സർക്കാർ തീരുമാനിച്ചുകഴിഞ്ഞു. ഇതോടെ സർക്കാർ ജോലികളിൽ അംഗപരിമിതരുടെ പ്രാതിനിധ്യം ഗണ്യമായി വർധിപ്പിക്കുകയാണ്.

### ദേശീയ കേന്ദ്രം കേരളത്തിലും

കേന്ദ്രസർക്കാരിന്റെ സാമൂഹികനീതി ശാക്തീകരണ മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് 'ഭിന്നശേഷിയുള്ളവർക്കായുള്ള സംയുക്ത പുനരധിവാസ കേന്ദ്രം. (സി.ആർ.സി. കോമ്പസിറ്റ് റീജിയണൽ സെന്റർ ഫോർ പെഴ്സൺസ് വിത്ത് ഡിസബിലിറ്റി) ഭിന്നശേഷിയുള്ളവരുടെ സമഗ്രവികസനം ലക്ഷ്യമാക്കി, ഇത്തരം എട്ട് സ്ഥാപനങ്ങളാണ് ഇന്ന് ഇന്ത്യയിൽ പ്രവർത്തിക്കുന്നത്. സംസ്ഥാനസർക്കാരിന്റെ

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താത്കാലിക നിയമനം ലഭിച്ച അംഗപരിമിതരെ, അർഹതയ്ക്കു വിധേയമായി സർക്കാർ സർവീസിൽ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികളും ഘട്ടംഘട്ടമായി പൂർത്തിയായി വരികയാണ്.**

സമയോചിതമായ ഇടപെടൽ മൂലം ദേശീയ നിലവാരത്തിലുള്ള ഒരു കേന്ദ്രം കേരളത്തിലും ആരംഭിച്ചുകഴിഞ്ഞു. കോഴിക്കോട് ജില്ലയിൽ വെള്ളിമാടുകുന്നിലാണ് ഈ സ്ഥാപനം 2011 ഡിസംബർ എട്ട് മുതൽ താത്കാലികമായി പ്രവർത്തിക്കുന്നത്. ചെന്നൈ ആസ്ഥാനമായുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എംപവർമെന്റ് ഓഫ് പേഴ്സൺസ് വിത്ത് മൾട്ടിപ്പിൾ ഡിസെബിലിറ്റീസ് (എൻ.ഐ.ഇ.പി.എം.ഡി.) എന്ന സ്ഥാപനത്തിന്റെ മേൽനോട്ടത്തിലാണ് ഡി.ആർ.സി. ഇപ്പോൾ പ്രവർത്തിച്ചുവരുന്നത്. കോഴിക്കോട് ചേവായൂരിൽ നിർമിക്കാനിരിക്കുന്ന ഈ ദേശീയ കേന്ദ്രത്തിന്റെ കെട്ടിട ശിലാസ്ഥാപനം കേന്ദ്ര സാമൂഹികനീതി മന്ത്രി നിർവഹിച്ചു. ബുദ്ധിവൈകല്യം, അന്ധത, ബധിരത, സെറിബ്രൽ പൾസി, ഓട്ടിസം, ബഹുവൈകല്യം തുടങ്ങി വികലാംഗനിയമത്തിൽ പരാമർശിച്ച ഏതു വിഭാഗത്തിൽപ്പെട്ട വൈകല്യമുള്ളവർക്കും ഏതു വയസ്സിലുള്ളവർക്കും സമഗ്രവികസനത്തിനുതകുന്ന വിവിധ സേവനങ്ങൾ സി.ആർ.സിയിൽ നിന്നും സൗജന്യമായി ലഭിക്കും.

സംസാരശേഷിയും കേൾവിശക്തിയുമില്ലാത്തവർക്ക് ആവശ്യമായ ശാസ്ത്രീയ പരിശീലനവും സാങ്കേതിക സഹായവും നൽകുന്ന കേരളത്തിലെ മറ്റൊരു ദേശീയ സ്ഥാപനമാണ് നിഷ് – നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിങ് (NISH). തിരുവനന്തപുരം ആസ്ഥാനമായുള്ള ഈ സ്ഥാപനം വഴി ബധിരരും മൂകരുമായവരുടെ സർവതോമുഖമായ പുരോഗതിയും പുനരധിവാസവും ലക്ഷ്യമാക്കുന്ന ഗുണമേന്മയുള്ള സേവനങ്ങളാണ് ഇന്ന് നൽകുന്നത്.



### സ്ഥാപന പരിചരണം

അംഗപരിമിതി അനുഭവിക്കുന്ന കുട്ടികളുടെയും മുതിർന്നവരുടെയും സംരക്ഷണവും വിദ്യാഭ്യാസവും ലക്ഷ്യമാക്കി, ഹോം ഫോർ മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൻ (എച്ച്.എം.ഡി.സി.), പ്രതീക്ഷാ ഭവൻ, പ്രത്യാശാ ഭവൻ, വികലാംഗ സദനം, തൊഴിൽ പരിശീലനകേന്ദ്രങ്ങൾ, തുടങ്ങിയ സ്ഥാപനങ്ങൾ നടത്തുന്നു.

### നിയമ നിർവഹണം

അംഗപരിമിതരുടെ അവകാശ സംരക്ഷണവുമായി ബന്ധപ്പെട്ട, നാഷണൽ ട്രസ്റ്റ് ആക്ട്, പെഴ്സൺസ് വിത്ത് ഡിസബിലിറ്റീസ് ആക്ട്, തുടങ്ങിയ നിയമങ്ങൾ നിർവഹിക്കുന്നതിൽ മുഖ്യപങ്കുവഹിക്കുന്നു.

### പുരസ്കാരങ്ങൾ

അംഗപരിമിതിയുള്ളവരുടെ ക്ഷേമ മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ചവെക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും, സംഘടനകൾക്കും സംസ്ഥാനതലത്തിലും ദേശീയതലത്തിലും അവാർഡുകൾ നൽകിവരുന്നു.

### ദിനാചരണം

ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവരുടെ കലാപരവും കായികവുമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിന്, സാമൂഹികനീതി വകുപ്പ് എല്ലാ വർഷവും സംഘടിപ്പിക്കുന്ന ദിനാചരണത്തിന് കഴിയുന്നു.

### സുരക്ഷാ മിഷൻ വഴി

സാമൂഹികനീതി വകുപ്പിനു കീഴിലുള്ള കേരള സാമൂഹിക സുരക്ഷാ മിഷനിലൂടെ, അംഗപരിമിതർക്ക് ലഭിക്കുന്ന സേവനങ്ങൾ നിരവധിയാണ്.

### ആശ്വാസകിരണം

ശാരീരിക–മാനസിക വെല്ലുവിളികൾ നേരിടുന്നവരെയും ഗുരുതര രോഗമുള്ളവരെയും ഗുരുതരമായി കിടപ്പിലായ രോഗികളെയും പരിചരിക്കുന്നവർക്ക് പ്രതിമാസം ധനസഹായം നൽകുന്ന പദ്ധതി.

### താലോലം

സെറിബ്രൽ പൾസി, ഓട്ടിസം, അസ്ഥിവൈകല്യങ്ങൾ, എൻഡോസൾഫാൻ മൂലമുള്ള രോഗങ്ങളാൽ ദുരിതം അനുഭവിക്കുന്ന 18 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് ഈ പദ്ധതിപ്രകാരം ചികിത്സാധനസഹായം ലഭിക്കുന്നു.

### ശ്രുതിതരംഗം

അഞ്ച് വയസ്സുവരെ പ്രായമുള്ള ശ്രവണ

വൈകല്യമുള്ള കുട്ടികൾക്ക്, സൗജന്യ കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിയിലൂടെ കേൾവിശക്തിയും തുടർന്ന് ഓഡിയോ വെർബൽ ഹെബിലിറ്റേഷനിലൂടെ സംസാരശേഷി ലഭിക്കുന്ന പദ്ധതി. അഞ്ചരലക്ഷം രൂപ ചെലവു വരുന്ന ഈ ചികിത്സ പൂർണ്ണമായും സൗജന്യമാണ്. രണ്ടു ലക്ഷം രൂപ വരെ കുടുംബ വരുമാനമുള്ള കുട്ടികൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിക്കും. ആദ്യ ഘട്ടത്തിൽ 200 കുട്ടികൾക്ക് പദ്ധതിയുടെ ഗുണം ലഭിച്ചു.

## തിരിച്ചറിയൽ കാർഡ് വിതരണം

ബ്ലോക്ക് തലത്തിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തി, സർക്കാർ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള ആധികാരിക രേഖയായ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും തത്സമയം നൽകുന്ന പദ്ധതി. 2009 ഡിസംബർ മുതൽ 2012 ഡിസംബർ വരെ 2,60,000 പേർക്ക് ഈ പദ്ധതി നേട്ടം ലഭിച്ചുകഴിഞ്ഞു.

## സ്നേഹസാന്ത്വനം

കാസർകോട് എൻഡോസൾഫാൻ ദുരിതബാധിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ടവരും വികലാംഗ പെൻഷൻ ലഭിക്കുന്നവർക്കുമായി ഈ പദ്ധതി പ്രകാരം 1700 രൂപ പ്രതിമാസം നൽകുന്നു. പെൻഷൻ ലഭിക്കാത്തവർക്ക് 2000 രൂപയും എൻഡോസൾഫാൻ ദുരിതബാധിതരായ മറ്റ് രോഗികൾക്ക് 1000 രൂപയും പ്രതിമാസം നൽകുന്നു. ഈ പദ്ധതി പ്രകാരം പ്രതിമാസം 65 ലക്ഷത്തോളം രൂപയാണ് സുരക്ഷാമിഷൻ നൽകുന്നത്.

## കാരുണ്യ നിക്ഷേപ പദ്ധതി

ഒരു ലക്ഷം രൂപയോ അതിന്റെ ഗുണിതങ്ങളോ നിക്ഷേപിക്കുന്ന വ്യക്തിക്ക് ഒരു വർഷത്തിനു ശേഷം നിക്ഷേപിച്ച തുക തിരിച്ചു നൽകുകയും തുകയുടെ പലിശയും സാമൂഹികസുരക്ഷാ മിഷന്റെ ഫണ്ടിൽ നിന്നും തത്തുല്യ തുകയും മാനസികവെല്ലുവിളി നേരിടുന്ന ഒരു കുട്ടിക്ക് നൽകുകയും ചെയ്യുന്ന പദ്ധതി. ഗുണഭോക്താവിനെ തിരഞ്ഞെടുക്കാൻ നിക്ഷേപകന് സ്വാതന്ത്ര്യമുണ്ട്.

അംഗപരിമിതരെ സമൂഹത്തിന്റെ പൊതുധാരയിൽ എത്തിക്കുന്നതിനായി, മറ്റ് സർക്കാർ വകുപ്പുകൾ വഴിയും വികലാംഗ ക്ഷേമ കോർപറേഷൻ സംസ്ഥാന വികലാംഗ കമ്മിഷണറേറ്റ് തുടങ്ങിയ സംവിധാനങ്ങൾ വഴിയും നിരവധി പദ്ധതികളും പരിപാടികളും സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ■



**ഭിന്നശേഷിയുള്ളവരുടെ ക്ഷേമവും സംരക്ഷണവും ലക്ഷ്യമാക്കി, നിരവധി പദ്ധതികളും പരിപാടികളും ഇന്ന് സാമൂഹികനീതി വകുപ്പ് നടപ്പാക്കിവരുന്നു. സാമൂഹികനീതി വകുപ്പു വഴി അംഗപരിമിതർക്ക് ലഭിക്കുന്ന സേവനങ്ങൾ താഴെ കൊടുക്കുന്നു.**

### 1) വിദ്യാഭ്യാസ സ്കോളർഷിപ്പ്

ഒന്നാം ക്ലാസ് മുതൽ ബിരുദാനന്തരബിരുദം വരെ പഠിക്കുന്ന വിദ്യാർഥികൾക്കും, പ്രൊഫഷണൽ കോഴ്സ്, ടെക്നിക്കൽ ട്രെയിനിങ്, ഐ.ടി. കോഴ്സുകൾ, പോളിടെക്നിക്, ബി.ഇ., ബി.ടെക്, എം.ബി.ബി.എസ്., എൽ.എൽ.ബി., ബി. എഡ്., എം.എഡ്., എൽ.എൽ.എം. തുടങ്ങിയ കോഴ്സുകൾക്ക് പഠിക്കുന്നവർക്കും സ്കോളർഷിപ്പ് തുക ലഭിക്കും. കൂടാതെ അന്ധരായ വിദ്യാർഥികൾക്ക് റീഡേഴ്സ് അലവൻസും ലഭിക്കും. വാർഷിക വരുമാന പരിധി 36000 രൂപ. മുൻ വാർഷിക പരീക്ഷയിൽ 40 ശതമാനത്തിൽ കുറയാത്ത മാർക്ക് ലഭിച്ചിരിക്കണം. അപേക്ഷകൾ ജില്ലാ സാമൂഹികനീതി ഓഫിസിൽ ലഭ്യമാണ്.

### അഭിഭാഷകർക്ക് ധനസഹായം

കുടുംബവാർഷിക വരുമാനം പ്രതിമാസം 18,000 രൂപയിൽ കവിയാത്ത അന്ധരോ, അസ്ഥിവൈകല്യമുള്ളവരോ ആയ അഭിഭാഷകർക്ക് നിയമപുസ്തകം, സ്യൂട്ട് തുടങ്ങിയവ വാങ്ങാൻ 2500 രൂപ ധനസഹായം ലഭിക്കും. അന്ധരായ അഭിഭാഷകർക്ക് അഞ്ച് വർഷത്തേക്ക് 1000 രൂപ വീതം റീഡേഴ്സ് അലവൻസും കിട്ടും. അപേക്ഷ സാമൂഹികനീതി ഡയറക്ടറേറ്റിൽ സമർപ്പിക്കണം.

### യാത്രാ ബത്ത

കുടുംബവാർഷിക വരുമാനം 10,000 രൂപയിൽ കവിയാത്ത ഉദ്യോഗാർഥികൾക്ക് എഴുത്തു പരീക്ഷയ്ക്കും അഭിമുഖത്തിനും പങ്കെടുക്കുന്നതിന് യാത്രാബത്ത അനുവദിക്കും

### അന്തേവാസികൾക്ക് ഗ്രാന്റ്

അംഗീകൃത സന്നദ്ധ സംഘടനകൾ നടത്തുന്ന അംഗപരിമിതക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് പ്രതിമാസ ഗ്രാന്റ് നൽകുന്നു.

### സ്ഥാപന രജിസ്ട്രേഷൻ

അംഗപരിമിതരായ വിദ്യാർഥികൾക്കുവേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക്, 1995 ലെ വികലാംഗ നിയമ പ്രകാരം രജിസ്ട്രേഷൻ ലഭിക്കുന്നതിന് ജില്ലാ സാമൂഹികനീതി ഓഫീസിൽ അപേക്ഷ നൽകണം.

### ദുരിതാശ്വാസ നിധി

വികലാംഗ ദുരിതാശ്വാസ നിധിയിൽ നിന്ന് ചികിത്സാസഹായമായി 5000 രൂപ നൽകിവരുന്നു. അപേക്ഷകൾ ജില്ലാ സാമൂഹികനീതി ഓഫീസിൽ നൽകണം.

### വിവിധ ധനസഹായം

പ്രതിവർഷം 36000 രൂപയിൽ താഴെ വരുമാനമുള്ള ശാരീരിക വെല്ലുവിളികൾ നേരിടുന്ന പെൺകുട്ടികൾക്കും ശാരീരിക വെല്ലുവിളികൾ നേരിടുന്ന മാതാപിതാക്കളുടെ പെൺമക്കൾക്കും വിവാഹധനസഹായമായി 10,000 രൂപ ലഭിക്കും. അപേക്ഷകൾ ജില്ലാ സാമൂഹികനീതി ഓഫിസിൽ നൽകണം.

### ഉപകരണ വിതരണം

അംഗവൈകല്യമുള്ളവർക്ക്, എ.ഡി.ഐ.പി. (അസിസ്റ്റൻസ് ഫോർ ഡിസേബിൾഡ് പേഴ്സൺ ഫോർ പർച്ചേസ്/ഫിറ്റിങ് ഓഫ് എയ്ഡ് അപ്ലയൻസ്) പദ്ധതിപ്രകാരം കൃത്രിമ സഹായോപകരണങ്ങൾ വാങ്ങുന്നതിനും ഘടിപ്പിക്കുന്നതിനും സേവനം ലഭിക്കും.

### സമഗ്രപുനരധിവാസം

'ദീനദയാൽ ഡിസേബിൾഡ് റിഹാബിലിറ്റേഷൻ' പദ്ധതി പ്രകാരം, വികലാംഗർക്ക് പരിശീലനം, വിദ്യാഭ്യാസം, ബോധവത്കരണം തുടങ്ങിയവ നൽകുന്നതിന് സഹായം ലഭിക്കും. കൂടാതെ, സ്പെഷ്യൽ സ്കൂളുകൾ, തൊഴിൽ പരിശീലനകേന്ദ്രങ്ങൾ തുടങ്ങിയവ ആരംഭിക്കുന്നതിനും വികലാംഗരുടെ സമഗ്ര വികസനത്തിനുതകുന്ന മറ്റ് പദ്ധതികൾ ആരംഭിക്കുന്നതിനും ധനസഹായം ലഭിക്കും. സാമൂഹികനീതി മേഖലാ അസിസ്റ്റന്റ് ഡയറക്ടർക്ക് അപേക്ഷ നൽകണം. ■

ചന്ദ്രൻ ടി.എസ്.

# നിതാഖത്തിനെ എന്തിന് ഭയക്കണം?

**കേരളത്തിലേക്കുള്ള മടക്കം പ്രവാസികളുടെ സ്വപ്നങ്ങളുടെ അവസാനമാണെന്ന ഭീതിയുണർത്തൽ നിർത്താറായി. ഒന്നു ശ്രദ്ധിച്ചാൽ വേണ്ടുവോളം അവസരങ്ങൾ ജന്മനാട് അവർക്കായി ഒരുക്കിയിരിക്കുന്നുവെന്ന് കാണാം**



സ്വപ്നങ്ങൾ ബാക്കിയാക്കി അനേകം മലയാളികൾ നാട്ടിലേക്ക് മടങ്ങിക്കൊണ്ടിരിക്കുന്നു. എല്ലാവരും ആശങ്കയിലാണെന്നാണ് റിപ്പോർട്ടുകൾ. ഇനിയെന്ത് എന്നാണ് ചോദ്യം. നാട്ടിലെ കടങ്ങളും പ്രാരാബ്ധങ്ങൾക്കുമൊപ്പം സ്ഥിരമായി ലഭിച്ചുകൊണ്ടിരിക്കുന്ന വരുമാനം കൂടി ഇല്ലാതാകുമ്പോൾ എന്താകും സ്ഥിതി. സാമൂഹിക പ്രവർത്തകരും സർക്കാരും ഇതര സംഘടനകളും ആശ്വാസത്തിന്റെ വഴികൾ തേടിക്കൊണ്ടിരിക്കുന്നു. നിതാഖത്തിനെത്തുടർന്ന് മടങ്ങിയെത്തുന്നവരുടെ ഭാവി വെള്ളത്തിലാകുമോ? 25 ലക്ഷം അന്യസംസ്ഥാന തൊഴിലാളികളാണ് ഇന്ന് കേരളത്തിലെ തൊഴിൽ രംഗം ഭരിക്കുന്നത്. അവരിൽ 'നിതാഖത്ത്' പ്രയോഗിക്കേണ്ടതില്ല. കേരളത്തിലെ സാമൂഹിക-സാമ്പത്തിക സ്ഥിതിയെക്കുറിച്ച് പഠിക്കാൻ തയാറായാൽ മതി, അവസരങ്ങൾ വേണ്ടുവോളമുണ്ടെന്ന് ബോധ്യപ്പെടാൻ.

## നിപുണരായ തൊഴിലാളികൾ

സാങ്കേതിക വിദഗ്ധരെയല്ല നൈപുണ്യം നേടിയ തൊഴിലാളികളെയാണ് ഇന്ന് കേരളത്തിന് ആവശ്യമുള്ളത്. വിദ്യാഭ്യാസ യോഗ്യത വിഷയമേ അല്ല. ഇലക്ട്രീഷ്യൻ, പ്ലംബർ, മെയ്സൻ, പെയിന്റർ, കാർപെന്റർ, എ.സി. മെക്കാനിക്, ലിഫ്റ്റ് ടെക്നീഷ്യൻ, അലുമിനിയം ഫാബ്രിക്കേഷൻ വർക്കർ, വെൽഡർ, ഗ്രൈന്റർ, ആട്ടോമൊബൈൽ റിപ്പയർ, ടയർ ചെയ്ഞ്ചർ, പഞ്ചർ വർക്കർ, ടൈലർ, ഹെയർ കട്ടർ, ഡ്രൈവർ, ബ്യൂട്ടീഷൻ, ഡി.ടി.പി. ഓപ്പറേറ്റർ, പ്രിന്റർ തുടങ്ങി എത്രയോ മേഖലകളിൽ പരിജ്ഞാനമുള്ളവരെ കിട്ടാതെ കേരളം കഷ്ടപ്പെടുകയാണ്. അതോടൊപ്പം യാതൊരു പരിജ്ഞാനവും ആവശ്യമില്ലാത്ത 'ലേബർ' എന്ന നിലയിൽ എത്രയോ പേരെ ആവശ്യമുണ്ട്. ഹൗസ് കീപ്പിങ്, വിൻഡോ ക്ലീനർ, ക്ലീനിങ്, നിർമാണ തൊഴിലാളികൾ, പാർക്കിങ്, കാരിയർ, സപ്ലയർ, കൃഷിപ്പണിക്കാർ എന്നീ മേഖലകളിലും വൻതോതിൽ ആളുകളെ വേണം. 500 രൂപയിൽ കുറഞ്ഞ ദിവസക്കൂലി ഇന്ന് കേരളത്തിൽ അപൂർവം. കണക്കുകൂട്ടി ജീവിക്കാൻ ശ്രമിച്ചാൽ കേരളത്തിലെ തൊഴിലാളികളുടെ കൂലി ഒരു കുടുംബം പോറ്റാൻ പര്യാപ്തം തന്നെയാണ്. ചെറിയ ചിട്ടികളും/ലഘുസമ്പാദ്യ പരിപാടികളും വീടിനോട് അനുബന്ധിച്ചുള്ള സൗകര്യങ്ങളും നന്നായി ഉപയോഗപ്പെടുത്താൻ ശ്രമിച്ചാൽ സമ്പാദ്യം ഉണ്ടാക്കിയെടുക്കാം. വീട്ടിൽ അടച്ചുപൂട്ടിയിരുന്നാൽ പറ്റില്ല. വിദഗ്ധ/അവിദഗ്ധ തൊഴി



ലാളികളുടെ പാനലുണ്ടാക്കണം. കേരളത്തിലെ 60 മുനിസിപ്പാലിറ്റികളിലും അഞ്ച് കോർപറേഷനുകളിലും കൊള്ളാവുന്ന ഗ്രാമ പഞ്ചായത്തുകളിലും ഇത്തരം പാനലുകൾ ഉണ്ടാക്കാവുന്നതാണ്. കഴിയുമെങ്കിൽ ഒരു ഓഫീസ് ഉണ്ടാക്കുക. പൊതുജനങ്ങൾക്ക് ബന്ധപ്പെടാവുന്ന നമ്പറുകളും നൽകുക. ദിവസവേതനത്തിനോ കരാർ അടിസ്ഥാനത്തിലോ ഇത്തരം ജോലികൾ ഏറ്റെടുത്ത് ചെയ്യുവന്നതാണ്.

## ചെറുകിട സംരംഭങ്ങൾക്ക് വൻസാധ്യതകൾ

ഉപഭോക്തൃ ഉത്പന്നങ്ങളുടെ വിപണന രംഗത്ത് വൻസാധ്യതയുള്ള സംസ്ഥാനമാണ് കേരളം. മൂന്നരക്കോടി ജനങ്ങൾ സംരംഭകരുടെ മൂലധനമാണ്. സ്വന്തമായൊരു തൊഴിൽ എന്നതിലുപരി ഒരു 'ചലഞ്ചിങ് കരിയർ' ഏറ്റെടുക്കുവാൻ സൂക്ഷ്മ -ചെറുകിട വ്യവസായ മേഖല അവസരം നൽകുന്നു. എത്രത്തോളം വരുമാനം വേണമെന്ന് സംരംഭകനുതന്നെ നിശ്ചയിക്കാം. നിക്ഷേപകരുടെ തടസ്സങ്ങളെക്കുറിച്ചുള്ള ഭീതികളാണ് പലപ്പോഴും തൊഴിൽ അന്വേഷകരെ വ്യവസായ സംരംഭങ്ങളിൽ നിന്നും പുറകോട്ട് വലിക്കുന്നത്. തീരെ റിസ്ക് ഇല്ലാതെയും സംരംഭങ്ങൾ ആരംഭിക്കാൻ കഴിയും. നാമമാത്രമായ സംഖ്യയുടെ നിക്ഷേപംകൊണ്ട് എത്രയോ സംരംഭങ്ങളാണ് സംസ്ഥാനത്ത് വിജയകരമായി നടത്തിക്കൊണ്ടിരിക്കുന്നത്. കുടുംബ സംരംഭമായും അല്ലാതെയും നല്ലനിലയിൽ സ്ഥാപനങ്ങൾ നടത്തി വർഷം തോറും ലക്ഷങ്ങൾ സമ്പാദിക്കുകയും നിരവധി

> പ്രവാസികൾക്ക് ആശങ്കകൾ ഇല്ലാതെ സംരംഭമേഖലയിലേക്ക് വരാൻ കഴിയുന്ന ധാരാളം സർക്കാർ സഹായപദ്ധതികൾ നിലവിലുണ്ട്. സൂക്ഷ്മ-ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിന് 10 ലക്ഷം രൂപവരെ യാതൊരു ജാമ്യവുമില്ലാതെ വായ്പ നൽകുന്നതിന് വ്യവസ്ഥയുണ്ട്. തുടങ്ങുന്ന സ്ഥാപനം മാത്രമാണ് ഇവിടെ ജാമ്യം.

പേർക്ക് തൊഴിൽ നൽകുകയും ചെയ്യുന്ന ഒട്ടനവധി സംരംഭകർ നമുക്കു ചുറ്റുമുണ്ട്. വലിയ പരസ്യങ്ങളോ, ബ്രാൻഡ് നെയിമോ ഉണ്ടാകില്ല. വീട് തന്നെയായിരിക്കും ഫാക്ടറി. ചിലപ്പോൾ അടുക്കളമാത്രവും. കാർഷിക അധിഷ്ഠിത സംരംഭങ്ങൾ, ഭക്ഷ്യ ഉത്പന്നങ്ങൾ, ഗാർമെന്റ് സ്ഥാപനങ്ങൾ, പേപ്പർ അധിഷ്ഠിത ഉത്പന്നങ്ങൾ, എണ്ണിയാൽ തീരാത്ത ബേക്കറി സാധനങ്ങൾ, വറപൊരികൾ, അച്ചാർ, സ്ക്വാഷ്, ജാം, സോഡ, സോഫ്റ്റ് ഡ്രിങ്ക്സ്, കരകൗശല ഉത്പന്നങ്ങൾ, ബ്യൂട്ടി പാർലറുകൾ, കാറ്ററിങ് സർവീസുകൾ, ഭക്ഷ്യ എണ്ണകൾ, പേപ്പർ പ്ലെയ്റ്റുകൾ/കപ്പുകൾ, പ്രിന്റിങ് മേഖലകൾ, പ്ലാസ്റ്റിക് കണ്ടെയ്നറുകൾ, പ്ലാസ്റ്റിക് റീ-പ്രൊസസ്സിങ്, കർട്ടൺ വർക്കുകൾ, കാർട്ടൺ ബോക്സുകൾ, വർക്ക് ചെയ്ത് സാരികൾ, ബെഡ് ഷീറ്റുകൾ അങ്ങനെ പോകുന്നു ഭവനങ്ങളിൽ ആരഭിക്കാവുന്ന ലഘു സംരംഭങ്ങളുടെ പട്ടിക. കൊണ്ടാട്ടങ്ങളും ഉണ്ണിയപ്പവും നെയ്യപ്പവും പരിപ്പുവടയും പപ്പടവടയും കട്‌ലറ്റും പഫ്സും പ്രാദേശിക രുചിഭേദങ്ങൾക്കനുസരിച്ചുള്ള കറികളും കറിക്കൂട്ടുകളും ഇന്ന് ലക്ഷങ്ങൾ വിറ്റുവരവുള്ള കുടിൽ സംരംഭങ്ങളാണ്. 100 ഗ്രാം നല്ല കുരുമുളക് പൊടി വാങ്ങാൻ 60 രൂപ കൊടുക്കണം. 35 രൂപ നിരക്കിൽ ഉണങ്ങിയ കുരുമുളക് നാട്ടിൽ ലഭിക്കും. വെറുതെ പൊടിച്ച് പാക്കറ്റിലാക്കി വിറ്റാൽ പോലും അതിന്റെ ലാഭം എത്രയാണ്. ഒരു ലക്ഷം രൂപ മുടക്കി ഇത്തരത്തിൽ ഒരു സംരംഭം ആരംഭിക്കാൻ കഴിയുമെങ്കിൽ എന്തിന് ഗൾഫിൽ നിന്നും തിരിച്ചു വന്നതിനെക്കുറിച്ച് വ്യാകുലപ്പെടണം. വലുതാകണമെന്നുള്ള ഉൾക്കാഴ്ചയോടെ ചെറിയ നിക്ഷേപത്തിൽ ആരംഭിച്ചാൽ മതി. റിസ്കും കുറയും സ്ഥാപനവും വളരും.

## നിരവധി സർക്കാർ സഹായ പദ്ധതികളും

പ്രവാസികൾക്ക് ആശങ്കകൾ ഇല്ലാതെ സംരംഭമേഖലയിലേക്ക് വരാൻ കഴിയുന്ന ധാരാളം സർക്കാർ സഹായപദ്ധതികൾ നിലവിലുണ്ട്. സൂക്ഷ്മ-ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിന് 10 ലക്ഷം രൂപ വരെ യാതൊരു ജാമ്യവുമില്ലാതെ വായ്പ നൽകുന്നതിന് വ്യവസ്ഥയുണ്ട്. തുടങ്ങുന്ന

സ്ഥാപനം മാത്രമാണ് ഇവിടെ ജാമ്യം. എല്ലാ വാണിജ്യ ബാങ്കുകൾക്കും ഇതുസംബന്ധിച്ച് റിസർവ് ബാങ്ക് നിർദേശം നൽകിയിട്ടുണ്ട്. 10 ലക്ഷം രൂപവരെയുള്ള വായ്പ മറ്റ് ജാമ്യങ്ങൾ ഇല്ലാതെ മാത്രമേ നൽകാവൂ എന്നാണ് നിർദേശം. ഒരു കോടി രൂപ വരെയുള്ള പദ്ധതികൾക്ക് ക്രെഡിറ്റ് ഗ്യാരണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തിയും മറ്റു ജാമ്യങ്ങൾ ഇല്ലാതെ വായ്പ നൽകണം. ഇവിടെ തുടങ്ങുന്ന സ്ഥാപനമാണ് ജാമ്യം. ബാങ്ക് വായ്പയോടൊപ്പം സർക്കാർ സബ്സിഡി നൽകുന്ന നിരവധി പദ്ധതികൾ നിലവിലുണ്ട്. വ്യവസായ-വാണിജ്യ വകുപ്പ്, തൊഴിൽ വകുപ്പ്, ഖാദി ബോർഡ്/കമ്മിഷണർ, ഫിഷറീസ് വകുപ്പ്, കൃഷി വകുപ്പ് തുടങ്ങിയവയിൽ നിന്നും സബ്സിഡി ആനുകൂല്യങ്ങൾ ലഭിക്കും. സംസ്ഥാന സംരംഭക വികസന മിഷനിൽ നിന്നും പലിശയില്ലാതെ 20 ലക്ഷം രൂപവരെ വായ്പ ലഭിക്കും. കേരള ഫിനാൻഷ്യൽ കോർപറേഷൻ വഴിയാണ് ഇതിന് അപേക്ഷിക്കേണ്ടത്.




ജില്ലാ വ്യവസായ കേന്ദ്രം, ഖാദി ബോർഡ്/കമ്മിഷൻ എന്നിവ വഴി നടപ്പാക്കുന്ന പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി പ്രകാരം 15 ശതമാനം മുതൽ 35 ശതമാനം വരെ സർക്കാർ ഗ്രാന്റ് ലഭിക്കുന്നു. പദ്ധതി ചിലവിനാണ് ഗ്രാന്റ്. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നടപ്പാക്കുന്ന എന്റർപ്രണർ സപ്പോർട്ട് സ്കീം (ഇ.എസ്.എസ്.) പ്രകാരം ഏതൊരു നിർമാണ സ്ഥാപനം ആരംഭിക്കുന്നതിനും വികസിപ്പിക്കുന്നതിന് 15 മുതൽ 40 ശതമാനം വരെ അതിന്റെ സ്ഥിര നിക്ഷേപത്തിന് സബ്സിഡി നൽകുന്നു. സംസ്ഥാന സർക്കാരിന്റെ ഈ പദ്ധതിയിൽ 30 ലക്ഷം രൂപ വരെ സബ്സിഡിയായി ലഭിക്കും. വായ്പ എടുക്കാതെ സ്വന്തം നിലയിൽ പണം മുടക്കി സംരംഭം ആരംഭിച്ചാലും ഈ ആനുകൂല്യം ലഭിക്കുന്നു.

എംപ്ലോയ്മെന്റ് വകുപ്പ് വഴി രണ്ട് പദ്ധതികൾ ഗൾഫ് മലയാളികൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. കെസ്റു ആണ്

| തീയതി | ഓൺലൈൻ | എയർപോർട്ടുകളിലെ നോർക്ക കൗണ്ടറുകളിൽ രജിസ്റ്റർ ചെയ്ത പ്രവാസികളുടെ എണ്ണം | | | ആകെ |
|---|---|---|---|---|---|
| | | തിരുവനന്തപുരം | നെടുമ്പാശ്ശേരി | കരിപ്പൂർ | |
| 04-11-2013 | 6 | 22 | 5 | 51 | 84 |
| 05-11-2013 | 14 | 22 | 10 | 85 | 131 |
| 06-11-2013 | 18 | 56 | 13 | 74 | 161 |
| 07-11-2013 | 35 | 31 | 24 | 76 | 166 |
| 08-11-2013 | 29 | 40 | 13 | 81 | 163 |
| 09-11-2013 | 26 | 30 | 13 | 105 | 174 |
| 10-11-2013 | 7 | 30 | 4 | 100 | 141 |
| 11-11-2013 | 22 | 14 | 20 | 126 | 182 |
| 12-11-2013 | 26 | 13 | 5 | 96 | 140 |
| 13-11-2013 | 15 | 35 | 15 | 92 | 157 |
| 14-11-2013 | 20 | 51 | 5 | 53 | 129 |
| 15-11-2013 | 20 | 7 | 8 | 92 | 127 |
| 16-11-2013 | 13 | 22 | 5 | 95 | 135 |
| 17-11-2013 | 3 | 21 | 2 | 74 | 100 |
| 18-11-2013 | 6 | 7 | 10 | 23 | 46 |
| 19-11-2013 | 24 | 11 | 3 | 69 | 107 |

ഒന്ന്. ഒരു ലക്ഷം രൂപവരെ വായ്പയും 20 ശതമാനം സബ്സിഡിയുമാണ് ഈ പദ്ധതിയിലുള്ളത്. മൾട്ടി പർപ്പസ് ജോബ് ക്ലബാണ് രണ്ടാമത്തേത്. 10 ലക്ഷം രൂപ വരെ വായ്പയും 25 ശതമാനം സബ്സിഡിയും (പരമാവധി രണ്ടു ലക്ഷം രൂപ) ഇതു പ്രകാരം ലഭിക്കും. ഖാദി ബോർഡ് നടപ്പാക്കുന്ന എന്റെ ഗ്രാമം പദ്ധതിയിൽ. അഞ്ച് ലക്ഷം രൂപവരെ വായ്പയും 35 ശതമാനം വരെ ഗ്രാന്റും ലഭിക്കും. പിന്നാക്ക വിഭാഗവികസന കോർപറേഷൻ, വനിതാ വികസന കോർപറേഷൻ, എസ്.സി./എസ്.ടി. വികസന കോർപറേഷൻ എന്നീ ഏജൻസികളും വളരെ കുറഞ്ഞ പലിശനിരക്കിൽ വ്യവസായ വായ്പകൾ ലഭ്യമാക്കുന്നു. സംരംഭം ആരംഭിക്കുന്നതിന് ആവശ്യമായ ലൈസൻസുകൾ ലഭ്യമാക്കുന്നതിന് വ്യവസായ വകുപ്പിൽ നിന്നും കൈത്താങ്ങ് സഹായവും ലഭിക്കുന്നതാണ്. സംരംഭം ആരംഭിക്കുന്നതിന് പണം ഒരു പ്രശ്നമല്ലാത്ത സ്ഥിതിയാണ് സംസ്ഥാനത്തുള്ളത്.

വലിയ തോതിൽ നിക്ഷേപം ഉൾപ്പെടുന്ന ഒട്ടനവധി വികസന പദ്ധതികളാണ് ഇന്ന് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. 5500 കോടിയുടെ പദ്ധതിയായ കൊച്ചി മെട്രോ റെയിൽ നിർമാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിലാണ് പുരോഗമിക്കുന്നത്. എൻ.എൻ.ജി. ടെർമിനൽ, സ്മാർട്ട് സിറ്റി, ശബരി റെയിൽ പാത, കണ്ണൂർ വിമാനത്താവളം, എഡ്യുസിറ്റി, മലയാളം സർവകലാശാല, വിനോദസഞ്ചാര പദ്ധതികൾ തുടങ്ങി നിരവധി വൻ പദ്ധതികൾ സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്നു ഇത്തരം പദ്ധതികൾക്ക് ആവശ്യമുള്ള അനുബന്ധ ഉത്പന്നങ്ങൾ നൽകുവാൻ ചെറുകിട സംരംഭങ്ങൾക്ക് കഴിയുന്നു എന്നതാണ് ഒരു മേന്മ. ലക്ഷക്കണക്കിന് വിദഗ്ധ/അവിദഗ്ധ തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുവാൻ അവസരമുണ്ടാക്കുന്നു എന്നതാണ് മറ്റൊരു മേന്മ. എന്തിന്റെ പേരിലായാലും വിദേശത്തു നിന്നും തിരിച്ചെത്തുന്നവർക്ക് ആശങ്കകൂടാതെ ജീവിക്കാൻ കഴിയുന്ന എല്ലാ സാഹചര്യവും ഇന്ന് കേരളത്തിലുണ്ട്. ദുരഭിമാനം മാറ്റിവെച്ച് സമൂഹത്തിലേക്കിറങ്ങുകയേ വേണ്ടൂ. ■



| തീയതി | ഓൺലൈൻ | എയർപോർട്ടുകളിലെ നോർക്ക കൗണ്ടറുകളിൽ രജിസ്റ്റർ ചെയ്ത പ്രവാസികളുടെ എണ്ണം | | | ആകെ |
|---|---|---|---|---|---|
| | | തിരുവനന്തപുരം | നെടുമ്പാശ്ശേരി | കരിപ്പൂർ | |
| 20-11-2013 | 20 | 17 | 10 | 181 | 228 |
| 21-11-2013 | 22 | 16 | 5 | 109 | 152 |
| 22-11-2013 | 13 | 15 | 6 | 42 | 76 |
| 23-11-2013 | 16 | 20 | 5 | 95 | 136 |
| 24-11-2013 | 8 | 19 | 3 | 40 | 70 |
| 25-11-2013 | 13 | 6 | 4 | 79 | 102 |
| 26-11-2013 | 29 | 9 | 7 | 83 | 128 |
| 27-11-2013 | 21 | 18 | 12 | 81 | 132 |
| 28-11-2013 | 25 | 7 | 6 | 55 | 93 |
| 29-11-2013 | 3 | 3 | 0 | 36 | 42 |

**2013 ഏപ്രിൽ രണ്ട് മുതൽ നവംബർ 29 വരെ ആകെ രജിസ്റ്റർ ചെയ്തവർ**

| ഓൺലൈൻ | എയർപോർട്ടുകളിലെ നോർക്ക കൗണ്ടറുകളിൽ രജിസ്റ്റർ ചെയ്ത പ്രവാസികളുടെ എണ്ണം | | | ആകെ |
|---|---|---|---|---|
| | തിരുവനന്തപുരം | നെടുമ്പാശ്ശേരി | കരിപ്പൂർ | |
| **2086** | **3381** | **1237** | **10228** | **16932** |

അവലംബം: നോർക്ക

■ എൻ.പി. മുരളീകൃഷ്ണൻ

**ആകാശവാണിയിലെ വയലും വീടും പരിപാടിയുടെ രജതജൂബിലി വർഷമാണിത്**

# കാർഷിക ജീവിതത്തിന്റെ ഹരിതപാഠങ്ങൾ

മലയാളിയുടെ റേഡിയോ ഗൃഹാതുരതയുടെ മുൻനിരയിലുള്ള പേരുകളിലൊന്നാണ് വയലും വീടും. തിരുവനന്തപുരം ആകാശവാണിയുടെ വയലും വീടും പരിപാടി 25 വർഷം പിന്നിടുകയാണ്. കൃഷിയിലേക്ക് അടുപ്പിച്ചും നാട്ടറിവുകളെ ഓർമപ്പെടുത്തിയും വയലും വീടും കേരളത്തിലെ വീട്ടുവൈകുന്നേരങ്ങളെ അർഥവത്താക്കി. ഈ പരിപാടിയുടെ തുടക്കത്തിലെയും ഒടുക്കത്തിലെയും ശബ്ദതാളം തലമുറകളെ കൈമാറി അടയാളപ്പെടുത്തിപ്പോന്നു. മലയാളി ഗൃഹാതുരതയുടെ സൂചക ശബ്ദങ്ങളിലൊന്നായി ഇതിന്റെ ശീർഷകഗാനത്തെ കാണാം.

ഗ്രാമീണജീവിതവും ഗ്രാമവികസനവും പ്രതിഫലിപ്പിക്കുന്ന 'ഗ്രാമീണ പരിപാടി' എന്ന പേരിലാണ് ഇന്നത്തെ വയലും വീടും പരിപാടിയുടെ പിറവി. കൃഷി, മൃഗസംരക്ഷണം, കോഴിവളർത്തൽ, മത്സ്യകൃഷി, കുടിൽ വ്യവസായങ്ങൾ, ആരോഗ്യ കുടുംബക്ഷേമം, സമ്പാദ്യപദ്ധതികൾ തുടങ്ങി നിത്യജീവിതവുമായി ബന്ധപ്പെട്ട നൂറുകണക്കിന് വിഷയങ്ങളെക്കുറിച്ചുള്ള അറിവ് പകരുവാൻ ഗ്രാമീണ പരിപാടിക്ക് കഴിഞ്ഞിട്ടുണ്ട്.

തൊണ്ണൂറുകൾക്കുശേഷം കൃഷിയിടങ്ങൾ വൻതോതിൽ നികന്ന് മറ്റു കച്ചവടങ്ങൾ നാടുനീളെ വളർന്നുകയറിയപ്പോൾ കൃഷിയേയും പച്ചപ്പിനെയും സ്നേഹിക്കുന്ന മനസ്സുകൾ കുറച്ചെങ്കിലും അവശേഷിക്കുന്നുണ്ടെന്ന ഉറപ്പും പ്രതീക്ഷയുമാണ് വയലും വീടും പോലൊരു പരിപാടിയെ കഴിഞ്ഞ 25 വർഷമായി നിലനിർത്തിയത്. ഇതേ കാലയളവിൽ തന്നെ പിറവികൊണ്ട സ്വകാര്യ ചാനൽ വിപ്ലവത്തിന്റെ കൂടി ഇടയിൽ പിടിച്ചു നിൽക്കേണ്ടതായിവന്നു റേഡിയോയ്ക്കും ഇത്തരം പരിപാടികൾക്കും. പക്ഷെ കൂട്ടത്തിൽ വേറിട്ടു നിൽക്കുകയെന്ന വലിയ ഗുണം വയലും വീടും പോലെയുള്ള പരിപാടികളെ നിലനിർത്തുകയും ജനപ്രിയമാക്കുകയും ചെയ്തു. ഇതിന്റെ തെളിവാണ് ഈ പരിപാടിയിലേക്ക് ദിനംപ്രതി വരുന്ന പ്രതികരണങ്ങൾ, വൈകുന്നേരം 6.30 നായുള്ള കാത്തിരിപ്പുകൾ...

തലസ്ഥാനത്തുനിന്നുള്ള ഒരു നിത്യോദാഹരണമുണ്ട് - മ്യൂസിയത്തിലെ റേഡിയോയിൽ നിന്നും വയലും വീടും പരിപാടി കേൾക്കാൻ മാത്രായി കൂത്തമ്പലത്തിനു ചുറ്റുമുള്ള ബെഞ്ചുകളിൽ വൈകുന്നേരം സ്ഥാനം പിടിക്കുന്ന ഒരുപാടു പേർ. അതിൽത്തന്നെ വർഷങ്ങളായി ഈ പതിവ് തെറ്റിക്കാത്തവരുമുണ്ട്. പലരും പ്രായാധിക്യത്തിലെത്തിയവർ, കൃഷിയിടത്തിൽ ഇറങ്ങാൻ ആരോഗ്യം അനുവദിക്കുന്നില്ലെങ്കിലും മനസ്സിൽ നിറയെ വിത്തുനിറച്ചവർ. അവർ വയലും വീടും പരിപാടിയെ നെഞ്ചേറ്റുന്നവരാണ്.

## ഗ്രാമീണരെ ലക്ഷ്യമാക്കി തുടക്കം

ശ്രോതാക്കൾക്ക് വിനോദം മാത്രമല്ല അറിവും വിദ്യാഭ്യാസവും നൽകി ജീവിതത്തെ ഗുണമേന്മയുള്ളതും അർഥപൂർണവുമാക്കി മാറ്റുവാനും പ്രക്ഷേപണകലയ്ക്ക് കഴിയണം എന്ന ലക്ഷ്യമാണ് വയലും വീടും പരിപാടി സാർഥകമാക്കുന്നതെന്ന് ഈ പരിപാടിയുടെ തലച്ചോറുകൂടിയായ മുരളീധരൻ തഴക്കര അഭിപ്രായപ്പെടുന്നു.

ഗ്രാമീണ മേഖലയുടെ സർവതോമുഖമായ വളർച്ചയ്ക്ക് ഉതകുന്ന പരിപാടികൾ 1935 ൽ പെഷവാറിലാണ് സംപ്രേഷണം ചെയ്തു തുടങ്ങിയത്. അതിൽപ്പിന്നെ തുടങ്ങിയ എല്ലാ നിലയങ്ങളും ഈ മാതൃക തുടർന്നുപോരുന്നു. നാട്ടിൻപുറം, റേഡിയോ-ഗ്രാമം എന്നീ പേരുകളിലാണ് കേരളത്തിൽ ഗ്രാമീണ കാർഷിക പരിപാടികൾ മുൻപ് സംപ്രേഷണം ചെയ്തിരുന്നത്.

1965 ലാണ് കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം വയലും വീടും പരിപാടി തുടങ്ങാൻ തീരുമാനമെടുക്കുന്നത്. 1966 ജൂണിൽ രാജ്യത്തെ 10

റേഡിയോ നിലയങ്ങളിൽ വയലും വീടും ആരംഭിച്ചു. ഇതേ വർഷം ഓഗസ്റ്റിൽ തൃശൂർ നിലയത്തിലാണ് കേരളത്തിൽ ആദ്യമായി പരിപാടി തുടങ്ങിയത്. 1972 ൽ കോഴിക്കോട്ടും 1988 ൽ തിരുവനന്തപുരത്തും വയലും വീടും ആരംഭിച്ചു.

ശാസ്ത്രീയ കൃഷിരീതികളിൽ ഗ്രാമീണ കർഷകർക്കുണ്ടായിരുന്ന ആശങ്കയകറ്റാൻ വയലും വീടും ശ്രമിച്ചു. ചാണകവും പച്ചിലവളവും മാത്രമുപയോഗിച്ചു ശീലിച്ച കർഷകർ രാസവളത്തെ സ്വീകരിക്കാൻ തയാറായില്ല. ആകാശവാണിയുടെ സമയോചിതവും നിരന്തരവുമായ ബോധനപ്രവർത്തനം കൊണ്ട് ഈ ആശങ്ക മാറ്റിയെടുക്കാനായി.

വയലും വീടും പരിപാടിയുടെ ഭാഗമായി രൂപംകൊടുത്ത 'കൃഷിപാഠം' നിശ്ചിതമായൊരു പാഠ്യപദ്ധതിയുടെ അടിസ്ഥാനത്തിൽ ഓരോ മേഖലയിലെയും വിദഗ്ധരുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് പ്രക്ഷേപണം ചെയ്യുന്നത്. പാലിലൂടെ സമ്പത്സമൃദ്ധി, ഇല്ലം നിറ വല്ലം നിറ, കേര രക്ഷ നാടിന്റെ രക്ഷ, മധുരകേരളം ഹരിതകേളം, തേൻ നുകരാം പണം നേടാം, റബർ എന്ന കല്പധേനു, പണം കായ്ക്കുന്ന കശുമാവ്, പൂവിൽ നിന്ന് പൊന്ന് തുടങ്ങിയ കൃഷിപാഠങ്ങളെല്ലാം കേരളത്തിലെ കാർഷിക വിജ്ഞാന വ്യാപനരംഗത്ത് വലിയ പങ്കാണ് വഹിച്ചിട്ടുള്ളത്.

## പുതുകാലത്തും ജനകീയം

വിവിധ സർക്കാർ-സർക്കാരിതര വകുപ്പുകളുടെയും ഏജൻസികളുടെയും സ്പോൺസർഷിപ്പോടെയാണ് വയലും വീടും പരിപാടി ഇപ്പോൾ മിക്ക ദിവസങ്ങളിലും സംപ്രേഷണം ചെയ്യുന്നത്. മാറിയ മാധ്യമസാഹചര്യത്തിൽ ശ്രദ്ധേയമായ നേട്ടമാണിതെന്ന് പറയാം. ഈ പരിപാടിയുടെ ജനകീയതയ്ക്കൊപ്പം ആവശ്യകതയെക്കൂടിയാണ് ഇത് കാണിക്കുന്നത്.

കൃഷി നിലങ്ങൾ കുറയുകയും കൃഷിയിൽ നിന്നും വിട്ടുപോകുന്നവരുടെ എണ്ണം കൂടുകയും ചെയ്യുന്ന അവസ്ഥ ഉടലെടുത്തതോടെ വയലും വീടും പോലുള്ള പരിപാടിയുടെ ഉത്തരവാദിത്വം വർധിച്ചു. കൃഷിയുടെ മൂല്യത്തെപ്പറ്റി തലമുറകളെ ഉദ്ബോധനം ചെയ്യേണ്ടുന്ന വലിയ ഉത്തരവാദിത്വമാണ് ഇതിലൂടെ ആകാശവാണി ഏറ്റെടുത്തിരിക്കുന്നത്. കൃഷിയെ ജീവന്റെ നിലനിൽപ്പായി കണ്ട ഒരു തലമുറ ഇല്ലാതാകുന്നതോടെ നമ്മൾ എത്തിച്ചേരുന്ന ശൂന്യത നികത്താനാകാത്തതാകും. ഈയൊരു സാഹചര്യത്തിൽ മാധ്യമങ്ങൾക്ക് ഉത്തരവാദിത്വമേറുന്നു. അതുകൊണ്ടുതന്നെ വയലും വീടും പോലൊരു പരിപാടി കൃഷിയും ജീവവായുവും പോലെ നിലനിൽക്കേണ്ട ഒന്നാകുന്നുവെന്നു പറയേണ്ടിവരും.





ചർച്ചകൾക്കു പകരം വിളനിലങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് പ്രായോഗികപാഠങ്ങൾക്ക് ഊന്നൽ കൊടുത്തുള്ള വയലും വീടും പരിപാടിയുടെ രീതി സത്യസന്ധമാണ്. ശീതീകരിച്ച മുറികളിലെ ചർച്ചകളെക്കാളും ഉപകരിക്കുക ചെളി നിറഞ്ഞ വയലിലെ വിത്തനുഭവങ്ങളാണെന്ന തിരിച്ചറിവു തന്നെയാണ് വലുത്. ജനകീയ പങ്കാളിത്തത്തോടെ എല്ലാ വർഷവും ഗ്രാമങ്ങളിൽ സംഘടിപ്പിക്കുന്ന 'വയലും വീടും ഫാം ഫെസ്റ്റു'കളിലൂടെ ഈ ബഹുജനമാധ്യമം ജനമധ്യത്തിലേക്കിറങ്ങിച്ചെല്ലുന്നു.

ഇ-മീഡിയയുടെ കാലത്ത് ശ്രോതാക്കളുമായി നേരിട്ട് സംവദിക്കാനും അഭിപ്രായങ്ങൾ തേടാനും പങ്കുവെക്കാനും ഉതകുന്ന രീതിയിൽ വയലും വീടും പരിപാടി ക്രമീകരിച്ചിട്ടുണ്ട്. ടെലിവോട്ടിങ്, ഫോൺ-ഇൻ-പ്രോഗ്രാമുകൾ എന്നിവ ഇത്തരം പുതിയ പരീക്ഷണങ്ങളാണ്. ആധുനിക കാർഷിക വിജ്ഞാനവും മാനേജ്മെന്റ് രീതികളും കൂട്ടിച്ചേർത്ത് കൃഷി വളർത്താനും ജീവനോപാധിക്കൊപ്പം ലാഭമുള്ള ബിസിനസ്സായി കൃഷിയെ കാണാനുമുള്ള ആശയങ്ങൾകൂടി ഇത്തരം പരിപാടികൾ പങ്കുവെക്കുന്നു.

എല്ലാം നഷ്ടപ്പെട്ടുവെന്നു പറയുന്നതിനേക്കാളും നഷ്ടപ്പെടാത്ത ചിലതിനെ കൂട്ടുപിടിക്കുന്നതായിരിക്കും നല്ലത്. സ്വന്തം വീട്ടുമുറ്റത്തുപോലും ഒരു ചെടിയെ വെച്ചുപിടിപ്പിക്കാത്ത തലമുറയുടെ പ്രതിനിധികളാണ് വളർന്നുകൊണ്ടിരിക്കുന്നതെന്ന സത്യം ഉൾക്കൊള്ളുമ്പോൾ തന്നെ വിദ്യാലയങ്ങളിലും മറ്റും നടപ്പിലായിക്കൊണ്ടിരിക്കുന്ന ചില കാർഷിക കൂട്ടായ്മകൾ നേരിയ പ്രകാശം പകരുന്നുണ്ട്. അങ്ങനെ എല്ലാം നഷ്ടപ്പെടുത്തിയൊന്നും നമുക്ക് ജീവിക്കാനാകില്ലെന്ന നിത്യസത്യത്തെ തന്നെയാണ് ഇത് വെളിപ്പെടുത്തുന്നത്. പച്ചപ്പും തണലും തണുപ്പുമൊന്നുമില്ലാത്ത ഒരു ഊഷരഭൂമി നമുക്ക് വേണ്ട. മണ്ണിലേക്കിറങ്ങാനുള്ള ആഹ്വാനമാകട്ടെ ഓരോ കാർഷിക പാഠങ്ങളും. ■











ഇന്ദു എം.ആർ.

# നീര
# കേരളം 'ചെത്താൻ' കാത്തിരിക്കുന്നു

**നീരയുടെ ഉത്പാദന വിപണന മേഖലകളിൽ സാധ്യതകൾ മുതലാക്കാൻ ഒരുങ്ങുകയാണ് കേരളം.**

"നീരയിൽ നിന്നുണ്ടാക്കുന്ന ചക്കര തേനിനേക്കാൾ മധുരമുള്ളതാണ്. പ്രകൃതിദത്തമായി ലഭിക്കുന്ന ഈ ഉത്പ്പന്നം ഒരു ഫാക്ടറിയിലും ഉത്പാദിപ്പിക്കുവാൻ സാധിക്കുകയില്ല. തെങ്ങിൻ ചക്കര തെങ്ങിൽ നിന്നും മാത്രം ലഭിക്കുന്നതാണ്. ലോകത്തിന്റെ ദാരിദ്ര്യ നിർമാർജനത്തിന് ഇതൊരു പോംവഴിയാണ്. ദുരിതങ്ങൾക്കുള്ള ഒരു പ്രതിവിധി കൂടിയാണിത്" - ഗാന്ധിജി.

1939 ൽ ഗാന്ധിജി കണ്ട ഈ ആശയം ഇന്ന് ഫിലിപ്പീൻസ് കോക്കനട്ട് അതോറിറ്റിയുടെ വിജയരഹസ്യമാണ്. ഈ മഹത്തായ ആശയം ഫിലിപ്പീൻസിന്റെ രക്ഷയായപ്പോൾ ഗാന്ധിജിയുടെ സ്വന്തം നാടായ ഇന്ത്യയിൽ പൂർണതോതിൽ ഇന്നും ഇത് പ്രാവർത്തികമാക്കിയിട്ടില്ല, വിശേഷിച്ചും കേരത്തിന്റെ നാടായ കേരളത്തിൽ. കേരളീയരാകട്ടെ തെങ്ങ് ഉപേക്ഷിച്ച് വിദേശവിളയായ റബറിന് പിന്നാലെയാണ് പായുന്നത്. കുതിച്ചുകയറുന്ന ഉത്പാദനവിലയും ഇടിഞ്ഞുതാഴുന്ന നാളികേര വിലയും തെങ്ങുകയറ്റ തൊഴിലാളികളുടെ ദൗർലഭ്യവും മൂലം കേരകർഷകർ നിരന്തരം വലയുന്നു. ഇവിടെയാണ് നാളികേരത്തിൽ നിന്നുള്ള നീരയുടെയും മൂല്യവർധിത ഉത്പന്നങ്ങളുടെയും പ്രസക്തി.

18 കോടി തെങ്ങുകളും 42 ലക്ഷം കർഷകകുടും






ബങ്ങളുമുള്ള കേരളത്തിന്റെ കാർഷികമേഖലയിൽ തെങ്ങിനുള്ള പ്രാധാന്യം നിസ്സാരമല്ല. എൺപതുകളുടെ തുടക്കത്തിൽ വെള്ളായണി കാർഷിക കോളേജിലെ സസ്യരോഗ വിഭാഗത്തിലെ പ്രൊഫസർ പൈലി ആയിരുന്നു കള്ള് പുളിക്കാതെ സംരക്ഷിക്കാനുള്ള നടപടിക്രമങ്ങൾ കേരളത്തിൽ ആദ്യമായി രൂപപ്പെടുത്തിയത്. അദ്ദേഹത്തിന്റെ ആശയം കർഷകനിൽ എത്തുന്നത് മൂന്ന് ദശാബ്ദങ്ങൾക്ക് ശേഷമാണ് എന്നത് നമ്മുടെ അശ്രദ്ധ മൂലമാണെന്ന് പറയാതെ വയ്യ. മദ്യവ്യവസായത്തെക്കുറിച്ച് പഠിച്ച 'ഉദയഭാനു കമ്മിഷനും' ലോകവ്യാപാര കരാറിനെക്കുറിച്ചുള്ള 'സ്വാമിനാഥൻ കമ്മീഷനും' നീര ഉത്പാദിപ്പിക്കുന്ന കർഷകരെ പ്രോത്സാഹിപ്പിക്കാനും സഹായിക്കാനും ശക്തമായി ശുപാർശ നൽകിയിട്ടുണ്ട്. 2002ൽ കേരള ഗവൺമെന്റ് നിയോഗിച്ച 'ദിനേശ് കമ്മിഷൻ' റിപ്പോർട്ടിലും, കർഷകന് നീര ചെത്താനുള്ള അനുവാദം നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 2005 ജൂലൈ എട്ടിന് ഡോ. എ.പി.ജെ. അബ്ദുൾകലാം കേരള നിയമസഭയിൽ അവതരിപ്പിച്ച പത്തിന വികസനരേഖയിൽ തെങ്ങിൽ നിന്ന് മൂല്യവർധിത ഉത്പ്പന്നങ്ങൾ ഉണ്ടാക്കേണ്ടതിന്റെ ആവശ്യകത എടുത്തു പറഞ്ഞിരുന്നു. ഇതിനെല്ലാമുപരി കൊച്ചിയിൽ 2012 ജൂലൈയിൽ നടന്ന കൊക്കോടെക് എന്ന അന്താരാഷ്ട്ര സെമിനാർ, നാളികേരത്തിൽ നിന്നുള്ള മൂല്യവർധിത ഉൽപ്പന്നങ്ങളുടെ പുത്തൻ സാദ്ധ്യതകളെക്കുറിച്ച് കേര കർഷകന് പരിചയപ്പെടുത്തികൊടുത്തു.

## കോടികളുടെ പ്രതിമാസ വരുമാനം

നീര പുളിക്കാതെ ശേഖരിക്കുന്നതിനുള്ള സാങ്കേതികവിദ്യ ഇതിനോടകംതന്നെ നാം വികസിപ്പിച്ചെടുത്തിട്ടുണ്ട്. കാസർകോട് കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിൽ തെങ്ങിൽ നിന്ന് പുളിക്കാത്ത ശുദ്ധമായ ആരോഗ്യകരമായ നീര ശേഖരിക്കുന്നതിനുള്ള ലഘുഉപകരണം വികസിപ്പിച്ചെടുത്തിട്ടുണ്ട്. കേരള കാർഷിക സർവകലാശാല ഗവേഷണത്തിലൂടെ നീര അതേപടി തെങ്ങിൽ നിന്ന് സ്വീകരിക്കാനും പിന്നീട് സംസ്കരിച്ച് 'കേരാമൃതം' എന്ന പേരിൽ ഒരു ശീതള പാനീയമായി വിപണനം നടത്താനുമുള്ള സാങ്കേതിക വിദ്യ വികസിപ്പിച്ചിട്ടുണ്ട്. കേരള കാർഷിക സർവകലാശാല വൈസ് ചാൻസലർ പി. രാജേന്ദ്രന്റെ അഭിപ്രായത്തിൽ ഒരു ടെക്നീഷ്യൻ കുറഞ്ഞത് 12 തെങ്ങെങ്കിലും ഒരു ദിവസം ചെത്തിയാൽ ശരാശരി 18 ലിറ്റർ നീര ഉല്പാദിപ്പിക്കാം. അതിൽനിന്ന് കുറഞ്ഞത് ഒൻപതു ലിറ്റർ കേരാമൃതം ഉണ്ടാക്കാം. 150 മില്ലിലിറ്ററിന് 20 രൂപ വെച്ച് വിപണനം ചെയ്താൽ 12 തെങ്ങിൽ നിന്നുള്ള മാസവരുമാനം 36,000

> നീര പുളിക്കാതെ ശേഖരിക്കുന്നതിനുള്ള സാങ്കേതിക വിദ്യ ഇതിനോടകംതന്നെ നാം വികസിപ്പിച്ചെടുത്തിട്ടുണ്ട്. കാസർകോട് കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിൽ തെങ്ങിൽ നിന്ന് പുളിക്കാത്ത ശുദ്ധമായ ആരോഗ്യകരമായ നീര ശേഖരിക്കുന്നതിനുള്ള ലഘു ഉപകരണം വികസിപ്പിച്ചെടുത്തിട്ടുണ്ട്.

രൂപയാണ്. കൂടാതെ ഡിഫൻസ് ഫുഡ് റിസർച്ച് ലബോറട്ടറി, കേന്ദ്ര ഭക്ഷ്യ സാങ്കേതിക ഗവേഷണകേന്ദ്രം, മൈസൂർ എന്നീ സ്ഥാപനങ്ങൾ സമാനമായ സാങ്കേതിതവിദ്യകൾ വികസിപ്പിച്ചിട്ടുണ്ട്.

ടാപ്പുചെയ്തെടുക്കുന്ന നീരയുടെ വിലയുടെ 50% തുക കർഷകർക്കും, 25% തൊഴിലാളികൾക്കും, 25% സംസ്കരണ പ്രവർത്തനങ്ങൾക്കും എന്ന രീതിയിലാണ് കണക്കാക്കിയിരിക്കുന്നത്. ഇപ്രകാരം സംസ്ഥാനത്തെ 10 ശതമാനം തെങ്ങുകളിൽ നിന്ന് നീര ടാപ്പ് ചെയ്ത് ലിറ്ററിന് 100 രൂപാവെച്ച് കണക്കാക്കിയാൽ, സംസ്ഥാനത്തിന് ലഭ്യമാകുന്ന പ്രതിവർഷവരുമാനം 54000 കോടി രൂപയാണ്. ഇതിൽ കർഷകന് ലഭിക്കുന്നത് 27000 കോടിയും, ടെക്നീഷ്യൻസിന് (ചെത്തുതൊഴിലാളികൾ) 13500 കോടിയും സംസ്ഥാനത്തിന് അധികനികുതി വരുമാനമായി 4650 കോടിയും ലഭിക്കും. ഗ്രാമീണ മേഖലയിൽ 10 ലക്ഷം പേർക്ക് തൊഴിൽസാധ്യതകളും സൃഷ്ടിക്കപ്പെടും എന്ന് നാളികേര വികസനബോർഡ് ചെയർമാൻ ടി.കെ. ജോസ് അഭിപ്രായപ്പെട്ടു. ഇതൊക്കെയാണെങ്കിലും കേരളത്തിൽ അബ്കാരി നിയമപ്രകാരം നീര ഉത്പാദിപ്പിക്കാനുള്ള അധികാരം കർഷകർക്കില്ല.

11-5-1967 മുതൽ കൊച്ചി അബ്കാരി നിയമം ഭേദഗതികളോടുകൂടി സംസ്ഥാനത്തിന്റെ അബ്കാരി നിയമമായി പ്രാബല്യത്തിൽ വന്നു. ഇതുപ്രകാരം 'ലിക്കറി'ന്റെ നിർവ്വചനത്തിൽ വൈൻ, അറാക്ക് (ചാരായം), സ്പിരിറ്റ്, കള്ള്, ബിയർ തുടങ്ങി ആൽക്കഹോളിന്റെ അംശമുള്ള എല്ലാ പാനീയങ്ങളേയും ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ 'കള്ളി'ന്റെ നിർവചനത്തിൽ തെങ്ങ്, പന, ഈന്തപ്പന തുടങ്ങിയവയിൽ നിന്ന് ലഭിക്കുന്ന പുളിച്ചതും, പുളിക്കാത്തതുമായ എല്ലാ പാനീയങ്ങളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം അബ്കാരി നിയമം അനുസരിച്ച് നീര കള്ളിന്റെ പട്ടികയിലാണ് ഉൾപ്പെടുന്നത്. അതുകൊണ്ട് തന്നെ നീര ചെത്തുന്നതിന് സർക്കാർ വിലക്കുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതാണ് ഇന്നത്തെ നീര വ്യവസായത്തിന്റെ സാദ്ധ്യതകൾക്ക് വിലങ്ങുതടിയായിരിക്കുന്നത്.

ധനകാര്യമന്ത്രി കെ.എം. മാണി നിയമസഭയിൽ അവതരിപ്പിച്ച ബജറ്റിൽ 10 ജില്ലകളിലായി 10 നീരയുത്പാദന യൂണിറ്റുകൾ ആരംഭിക്കാൻ 15 കോടി രൂപ വകയിരുത്തി



യത് കേരകർഷകർക്ക് ഒരു പുത്തൻ പ്രതീക്ഷ നൽകുന്നു. നീരയുടെ ഉത്പാദനവും വിപണനവും സംബന്ധിച്ചുള്ള പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് സംസ്ഥാന എക്സൈസ് കമ്മിഷണർ ചെയർമാനായി രൂപീകരിച്ച നീര കമ്മിറ്റിയുടെ റിപ്പോർട്ട് സംസ്ഥാന എക്സൈസ് മന്ത്രി കെ. ബാബുവിന് സമർപ്പിച്ചു. ശരിയായ മേൽനോട്ടത്തിന്റെ കീഴിലാണെങ്കിൽ നീര ഉത്പാദിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നതിനും തടസ്സമില്ലെന്ന് കമ്മിറ്റി നിർദേശിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ എക്സൈസ് മന്ത്രി പരീക്ഷണാടിസ്ഥാനത്തിൽ അതാത് ജില്ലകളിലെ ഓരോ ഫെഡറേഷന്റെ പേരിൽ 1500 തെങ്ങുകൾ വീതം ചെത്താൻ അനുവാദം നൽകി. തിരുവനന്തപുരം, പത്തനംതിട്ട, കൊല്ലം ജില്ലകളിൽ കള്ളുഷാപ്പുകൾ ഇല്ലാത്തതുകാരണം ഈ പ്രദേശങ്ങളിൽ വ്യാപകമായി നീര ടാപ്പു ചെയ്യാനുള്ള അനുമതി നൽകി. നീര ഉത്പാദക സൊസൈറ്റികളിൽ ചെത്തുതൊഴിലാളികൾക്ക് പ്രഥമ പരിഗണന നൽകുമെന്നും നീര ഉത്പാദനത്തിന് അബ്കാരി നിയമത്തിന്റെ ചട്ടങ്ങളിൽ മാറ്റം വരുത്തുമെന്നും മന്ത്രി ഉറപ്പുനൽകി. നീര-കള്ള് വ്യവസായബോർഡ് രൂപവൽക്കരിക്കണമെന്ന ചെത്തുതൊഴിലാളി യൂണിയനുകളുടെ ആവശ്യം സർക്കാർ പരിഗണിക്കും. കൂടാതെ പ്രതിദിനം ആയിരം ലിറ്റർ നീര ഉത്പാദിപ്പിക്കാൻ കഴിവുള്ള മൂന്ന് പ്ലാന്റുകൾ പീലിക്കോട്ടും, വെള്ളാനിക്കരയിലും, വെള്ളായണിയിലും സ്ഥാപിക്കാൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. ഈ പദ്ധതിക്കുവേണ്ടി 5.45 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

കേരളത്തിൽ ആകെയുള്ള തെങ്ങുകളുടെ 10 ശതമാനം ടാപ്പിംഗിനായി നൽകിയാൽ 10 ലക്ഷം നീര ടെക്നീഷ്യൻമാരെ ആവശ്യമായി വരും. ടാപ്പ് ചെയ്തെടുക്കുന്ന നീരയുടെ വിലയുടെ 25 ശതമാനം ടെക്നീഷ്യന് ലഭിക്കുകയാണെങ്കിൽ രണ്ട് ലിറ്റർ നീര ലഭിക്കുന്ന ഒരു തെങ്ങ് ടാപ്പ് ചെയ്താൽ 750 രൂപ ദിവസ ശമ്പളം ലഭിക്കും. അതേസമയം ഒരു ചെത്തുതൊഴിലാളിയുടെ ശരാശരി വേതനം 330 രൂപ മാത്രമാണ്. അതായത് നിലവിലുള്ള ചെത്തുതൊഴിലാളികൾക്ക് നീര ടാപ്പിങ്ങിലൂടെ അവരുടെ വരുമാനം വർധിക്കുന്നതാണ്

## നീരയുടെ തൊഴിൽ സാധ്യതകൾ

തെങ്ങിന്റെ വിരിയാത്ത പൂങ്കുലയിൽ നിന്നാണ് നീര ചെത്തിയെടുക്കുന്നത്. ഒരു തെങ്ങിൽ നിന്ന് ശരാശരി 2.1 ലിറ്റർ നീര ലഭിക്കുമെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. 4.5 ലിറ്റർ മുതൽ അഞ്ച് ലിറ്റർ വരെ ലഭിക്കുന്ന തെങ്ങുകളും ഉണ്ട്.

നീരയുടെ ഔഷധഗുണം വിലമതിക്കാനാകാത്തതാണ്. അമിനോ അമ്ലങ്ങളുടേയും, വിറ്റാമിൻ, കാൽസ്യം, ഇരുമ്പ് തുടങ്ങിയ ധാതുക്കളുടേയും, കാർബോളിക് അമ്ലമായ ഫിനോളുകളുടെയും കലവറയാണ് നീര. ഇതിൽ ശരീരത്തിലെ പ്രോട്ടീൻ നിർമാണത്തിന് സഹായിക്കുന്ന ഗ്ലൂട്ടാമിക് ആസിഡ് എന്ന അമിനോ ആസിഡ് ഉയർന്ന അളവിൽ അടങ്ങിയിരിക്കുന്നു. 100 മി. ലിറ്റർ നീരയിൽ 15 മില്ലിഗ്രാം ഇരുമ്പും 7.5 മില്ലിഗ്രാം ഫോസ്ഫറസും 16–30 മില്ലിഗ്രാം അസ്കോർബിക് ആസിഡും 0.23 – 0.32 മില്ലിഗ്രാം പ്രോട്ടീനും അടങ്ങിയിരിക്കുന്നു. കൂടാതെ പൊട്ടാസ്യവും സോഡിയവും നീരയിൽ സമൃദ്ധമായുണ്ട്. കൊഴുപ്പും കൊളസ്ട്രോളും ഇല്ല എന്നത് ഏതു പ്രായക്കാർക്കും ഉപയോഗിക്കാവുന്ന ആരോഗ്യപാനീയമായി നീരയെ ആകർഷകമാക്കുന്നു. 100 മി. ലിറ്റർ നീരയിൽ 16–18 ഗ്രാം വരെ അന്നജം, 0.22 ഗ്രാം മാംസ്യം, 0.40 ഗ്രാം കൊഴുപ്പ്, 0.018 ഗ്രാം ജീവകം ബി – 1,0.006 ഗ്രാം ജീവകം ബി – 2, 16 ഗ്രാം ജീവകം സി എന്നിവ അടങ്ങിയിരിക്കുന്നു. പ്രമേഹരോഗികൾക്ക് കഴിക്കാവുന്ന ഗ്ലൈഡമിക് ഇൻഡക്സിന്റെ അളവു കുറഞ്ഞ പഞ്ചസാര (സാധാരണ പഞ്ചസാരയുടെ ഗ്ലൈഡമിക് ഇൻഡക്സ് 60നോട് അടുത്തുനിൽക്കുന്നുവെങ്കിൽ തെങ്ങിൻ പഞ്ചസാരയിൽ അത് 35 മാത്രമാണ്) അടങ്ങിയിരിക്കുന്നതിനാൽ പ്രമേഹ രോഗികളുടെ എണ്ണം താരതമ്യേന കൂടുതലുള്ള കേരളത്തിൽ നീര വളരെയധികം സ്വീകരിക്കപ്പെടും എന്നതിൽ തർക്കമില്ല. നേത്രരോഗങ്ങളുടെയും, എക്സിമ തുടങ്ങിയ രോഗങ്ങളുടെയും ചികിത്സക്ക് ഉപയോഗിക്കുന്ന ഇനോസിറ്റോൾ നീരയിൽ ധാരാളമായി അടങ്ങിയിരിക്കുന്നു. കൂടാതെ ആസ്ത്മ, ക്ഷയം, ശ്വാസംമുട്ട്, അർശസ്സ് എന്നീ അസുഖങ്ങൾക്കുള്ള ഔഷധമായും നീര ശുപാർശ ചെയ്യപ്പെടുന്നു. മധുരക്കള്ള് മുന്തിരി ചേർത്തും അല്ലാതെയും കുട്ടികൾക്ക് നൽകുന്നത് ആരോഗ്യത്തിന് നല്ലതാണ്. സ്ത്രീകളിൽ ഗർഭാവസ്ഥയുടെ തുടക്കത്തിലും നീര നൽകാവുന്നതാണ്. നല്ലൊരു ദഹനസഹായിയും, മൂത്രവർധകവും, മഞ്ഞപ്പിത്തത്തെ പ്രതിരോധിക്കുന്നതുമാണ് നീര. ഇത്തരത്തിൽ, പാർശ്വഫലങ്ങളില്ലാത്ത ഒരു ഔഷധമായി നീരയെ കണക്കാക്കാം.

ഗൾഫ് രാജ്യങ്ങളിലെ തൊഴിൽമേഖലയിലെ സ്വദേശിവത്ക്കരണത്തിന്റെ ഭാഗമായി ഭൂരിപക്ഷം പ്രവാസി മലയാളികളും തൊഴിൽ നഷ്ടപ്പെട്ട് കേരളത്തിലേക്ക് തിരിച്ചുവരുന്ന അവസ്ഥയാണ് ഇന്ന്. ഇത്രയധികം ആളുകൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കികൊടുക്കുക എന്നത് വിഷമമേറിയ പ്രശ്നമാണ്. ഈ അവസരത്തിൽ നീര സൃഷ്ടിക്കുന്ന തൊഴിൽ സാദ്ധ്യതകൾക്ക് വളരെ പ്രാധാന്യം ഉണ്ട്. കേരളത്തിൽ ആകെയുള്ള തെങ്ങുകളുടെ 10 ശതമാനം ടാപ്പിംഗിനായി നൽകിയാൽ 10 ലക്ഷം നീര ടെക്നീഷ്യൻമാരെ ആവശ്യമായി വരും. ടാപ്പ് ചെയ്തെടുക്കുന്ന നീരയുടെ വിലയുടെ 25 ശതമാനം ടെക്നീഷ്യന് ലഭിക്കുകയാണെങ്കിൽ രണ്ട് ലിറ്റർ നീര

ലഭിക്കുന്ന ഒരു തെങ്ങ് ടാപ്പ് ചെയ്താൽ 750 രൂപ ദിവസ ശമ്പളം ലഭിക്കും. അതേസമയം ഒരു ചെത്തുതൊഴിലാളിയുടെ ശരാശരി വേതനം 330 രൂപ മാത്രമാണ്. അതായത് നിലവിലുള്ള ചെത്തുതൊഴിലാളികൾക്ക് നീര ടാപ്പിങ്ങിലൂടെ അവരുടെ വരുമാനം വർധിക്കുന്നതാണ്. നീരവ്യവസായം പ്രാബല്യത്തിൽ വന്നാൽ ചെത്തുതൊഴിലാളികൾക്ക് ജോലി ഇല്ലാതാകും എന്ന പ്രചരണം തികച്ചും വാസ്തവവിരുദ്ധമാണെന്ന് ഇതിൽ നിന്നും മനസ്സിലാക്കാം. നീര തോട്ടങ്ങളിൽ നിന്ന് ശേഖരിച്ച് പ്രാഥമിക സംസ്കരണ യൂണിറ്റുകളിൽ എത്തിച്ച് മൂല്യവർധിത വസ്തുക്കൾ ഉണ്ടാക്കുന്നു. അവിടെനിന്ന് ജില്ലാ സംസ്കരണ, പാക്കറ്റിങ്ങ് യൂണിറ്റിലേക്ക് കൊണ്ടുപോകുന്നു. തുടർന്ന് അവ വിപണനകേന്ദ്രങ്ങളിലെത്തിക്കുന്നു. ഇത്തരം ഉത്പാദനത്തിന്റെ വിവിധ ഘട്ടങ്ങളിൽ തൊഴിൽ സാധ്യതകൾ വളരെ വലുതാണ്. ഒരു തെങ്ങിൽ നിന്ന് ഒരു ദിവസം ഒരു ലിറ്റർ നീര ലഭിച്ചാൽ 80 തെങ്ങിൽ നിന്ന് മൂന്ന് മാസം കൊണ്ട് 7200 ലിറ്റർ നീര ലഭിക്കും. ലിറ്ററിന് 80 രൂപ വീതം കർഷകന് ലഭിച്ചാൽ ഒരു തെങ്ങിൽ നിന്ന് ഒരു മാസം 1800 രൂപ വീതം ലഭിക്കും. ഇപ്രകാരം 80 തെങ്ങുകളുള്ള കർഷകന് മൂന്ന് മാസം കൊണ്ട് 3.5 ലക്ഷം രൂപ ലഭിക്കും. കിട്ടുന്ന തുകയുടെ 25 ശതമാനം ടാപ്പിങ്ങ് തൊഴിലാളികൾക്ക് നൽകിയാലും 2.5 ലക്ഷം രൂപയിൽ അധികം കർഷകന് അറ്റാദായം ലഭിക്കും. സ്ഥിരമായ പ്രതിദിന വരുമാനം ലഭിക്കുന്നതിനാൽ ഗ്രാമീണ മേഖലയിൽ ജീവിതനിലവാരവും അതുവഴി കർഷകരുടെ നിക്ഷേപങ്ങളും

മദ്യത്തിന്റെ ഉപയോഗത്തിൽ നമ്മുടെ സംസ്ഥാനം ഒട്ടും പിന്നിലല്ല. കലർപ്പില്ലാത്ത കള്ള് ഉത്പാദിപ്പിച്ച് വിപണനം ചെയ്യുകവഴി മദ്യലോബിയിൽ നിന്നും സംസ്ഥാനത്തെ രക്ഷിക്കാം. പെപ്സി, കൊക്കക്കോള തുടങ്ങിയ ശീതളപാനീയങ്ങൾ പുതിയ തലമുറയുടെ ശീലമായി മാറികഴിഞ്ഞിരിക്കുന്നു. ഇതുമൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളും വർദ്ധിച്ചുവരികയാണ്. ഇതിന്റെ ഫാക്ടറികൾ ഭൂഗർഭജലം അമിതമായി ചൂഷണം ചെയ്യുന്നു. ഇത് പ്രകൃതിയുടെ സന്തുലിതാവസ്ഥയെ തകിടം മറിക്കുന്നു. ഈ വിപത്തിൽ നിന്നും നമ്മുടെ നാടിനെ രക്ഷിക്കാൻ നീരയിൽ നിന്നുള്ള ശീതളപാനീയങ്ങൾക്ക് കഴിയും.

വർധിക്കും. ഈ നിക്ഷേപങ്ങൾ വ്യാവസായിക പുരോഗതിക്കും അതുവഴി സാമ്പത്തിക വളർച്ചക്കും കാരണമാകും. ഒരു തെങ്ങ് ആറുമാസം വരെ തുടർച്ചയായി ടാപ്പ് ചെയ്യാം. ഒരു തോട്ടത്തിൽ ഏകദേശം 50 ശതമാനം തെങ്ങുകൾ ഒരേസമയം ടാപ്പ് ചെയ്യാം. അതായത് തേങ്ങയുടെ ഉത്പാദനത്തിൽ ഗണ്യമായ കുറവുണ്ടാവുകയില്ല. എന്നാൽ തേങ്ങയ്ക്കും വെളിച്ചെണ്ണയ്ക്കും നല്ല വില കിട്ടുകയും ചെയ്യും. ഉത്പാദനത്തിന് ഇടത്തട്ടുകാരില്ലാത്തതിനാൽ കർഷകർക്ക് മികച്ച വില ലഭിക്കും. നീരയ്ക്ക് 100 രൂപയ്ക്കുമേൽ മാർക്കറ്റ് വിലയുള്ളതിനാൽ 25 മുതൽ 50 രൂപ വരെ ലിറ്ററിന് വില ലഭ്യമാക്കാം. ഇപ്പോൾ കള്ളിന് ലഭിക്കുന്ന തുഛമായ വിലയ്ക്ക് (ലിറ്ററിന് 1.50 മുതൽ നാല് രൂപ വരെ) പകരമാണ് ഇത്.

മദ്യത്തിന്റെ ഉപയോഗത്തിൽ നമ്മുടെ സംസ്ഥാനം ഒട്ടും പിന്നിലല്ല. കലർപ്പില്ലാത്ത കള്ള് ഉത്പാദിപ്പിച്ച് വിപണനം ചെയ്യുകവഴി മദ്യലോബിയിൽ നിന്നും സംസ്ഥാനത്തെ രക്ഷിക്കാം. പെപ്സി, കൊക്കക്കോള തുടങ്ങിയ ശീതളപാനീയങ്ങൾ പുതിയ തലമുറയുടെ ശീലമായി മാറികഴിഞ്ഞിരിക്കുന്നു. ഇതുമൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളും വർദ്ധിച്ചുവരികയാണ്. ഇതിന്റെ ഫാക്ടറികൾ ഭൂഗർഭജലം അമിതമായി ചൂഷണം ചെയ്യുന്നു. ഇത് പ്രകൃതിയുടെ സന്തുലിതാവസ്ഥയെ തകിടം മറിക്കുന്നു. ഈ വിപത്തിൽ നിന്നും നമ്മുടെ നാടിനെ രക്ഷിക്കാൻ നീരയിൽ നിന്നുള്ള ശീതളപാനീയങ്ങൾക്ക് കഴിയും.

കൊച്ചിയിൽ 2012ൽ നടന്ന കോക്കോടെക് എന്ന അന്താരാഷ്ട്ര സെമിനാർ നാളികേരത്തിൽ നിന്നുള്ള മൂല്യവർധിത ഉൽപ്പന്നങ്ങളുടെ ഉത്പാദനത്തെക്കുറിച്ച് കേരകർഷകർക്ക് അവബോധം ഉണ്ടാക്കാൻ സഹാ





യിച്ചു. ഇൻഡോനേഷ്യയിൽ നിന്നെത്തിയ ബഞ്ചമിൻ റിപ്പിളിന്റെ അഭിപ്രായത്തിൽ കൊപ്ര ഉൽപ്പാദിപ്പിക്കുന്നതിനെ അപേക്ഷിച്ച് തെങ്ങിൻചക്കര ഉത്പാദനത്തിലൂടെ കേര കർഷകന് 16 ഇരട്ടി വരുമാനവർധന ഉണ്ടാകുന്നു. നീരയിൽ നിന്നുള്ള പഞ്ചസാരയുടെ ഉൽപ്പാദനത്തിൽ നിന്നുമാത്രം 10000 കോടി രൂപ കണ്ടെത്താനുള്ള സാദ്ധ്യതയുണ്ടെന്ന് നാളികേര വികസന കോർപറേഷൻ ചെയർമാൻ ടി. കെ. ജോസ് അഭിപ്രായപ്പെട്ടു. മൂല്യവർധന ഉത്പ്പന്നങ്ങളിലൂടെ നീരയുടെ അന്താരാഷ്ട്ര സാദ്ധ്യത വളരെ വലുതാണ്. നീരയിൽ നിന്ന് തെങ്ങിൻ ചക്കര, പഞ്ചസാര, സിറപ്പ്, മിഠായി, സിപ്പ്അപ്പ്, ന്യൂഡിൽസ്, തേൻ, ബിസ്കറ്റ്, ഐസ്ക്രീം തുടങ്ങിയ ധാരാളം ഉൽപ്പന്നങ്ങൾ ഉണ്ടാക്കാം. ശീതള പാനീയമായി ഇളനീർ നമ്മുടെ നാട്ടിൽ സ്വീകരിക്കപ്പെട്ടതിനാൽ നീരയുൽപ്പന്നങ്ങളും മലയാളികൾക്ക് പ്രിയങ്കരമാകും. നീരയിൽ നിന്നുള്ള ചക്കര നിർമാണം പണ്ടുകാലത്ത് തിരു-കൊച്ചി മേഖലയിലെ സ്ത്രീകളുടെ വരുമാനമാർഗവും കൈതൊഴിലുമായിരുന്നു.

## നീര-ചില മറുനാടൻ വിശേഷങ്ങൾ

ശ്രീലങ്കയിലെ അല്ലികള്ള്, ഗോവയിലെ ഫെനി എന്നിവ നമ്മുടെ നീരയുടെ മുൻഗാമികളാണ്. ലോകരാഷ്ട്രങ്ങളുടെ ഇടയിൽ ഇൻഡോനേഷ്യയും ഫിലിപ്പൈൻസും തന്നെയാണ് നീരയുടേയും, നീരയിൽ നിന്നുള്ള ഉത്പന്നങ്ങളുടേയും ഉത്പാദനത്തിൽ മുന്നിൽ നിൽക്കുന്നത്. ഫിലിപ്പീൻസിൽ ഉത്പാദനം 2009 ൽ പതിനായിരം മെട്രിക് ടൺ ആയിരുന്നത് 2012 ആയപ്പോഴേക്കും 10 ഇരട്ടിയിലധികം വർധിച്ചു. ഇൻഡോനേഷ്യ 2006ൽ കേവലം 11.5 മെട്രിക് ടൺ തെങ്ങിൻ പഞ്ചസാര ഉത്പ്പാദിപ്പിച്ചത് 2012ൽ 10 ലക്ഷം മെട്രിക് ടൺ ആയി വർധിച്ചു. നീരയുടേയും അനുബന്ധ ഉൽപ്പന്നങ്ങളുടേയും വിപണി

> നാം നീര ഉത്പാദിപ്പിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഇതിനായി നാളികേര വികസനബോർഡ് സംസ്ഥാന സർക്കാരിന്റെ സഹായത്തോടുകൂടി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ പ്രാരംഭനടപടികൾ ആരംഭിച്ചുകഴിഞ്ഞു

കേന്ദ്രീകരിച്ചിരിക്കുന്നത് യു.എസ്., കാനഡ, നോർവെ, ഫ്രാൻസ്, മദ്ധ്യേഷ്യ, ഓസ്ട്രേലിയ, ന്യൂസിലാന്റ്, ജപ്പാൻ, ദക്ഷിണ കൊറിയ എന്നിവിടങ്ങളിലാണ്. ഇന്ത്യയിൽ മഹാരാഷ്ട്ര, ഗോവ, ആന്ധ്ര, ഒഡീസ എന്നീ സംസ്ഥാനങ്ങളിലും ലക്ഷദ്വീപ്, ആൻഡമാൻദ്വീപ് സമൂഹത്തിലും നീര ടാപ്പിങ് അനുവദനീയമാണ്.

മദ്യം നിഷിദ്ധമായിട്ടുള്ള ലക്ഷദ്വീപിൽ, കൃഷിവകുപ്പിന്റെ മേൽനോട്ടത്തിലാണ് തെങ്ങുചെത്തുന്നത്. ഒരു ദിവസം 10 ലിറ്റർ നീര ഇവർ നിർബന്ധമായും ശേഖരിക്കണം. പ്രതിദിനം 250 രൂപയാണ് ചെത്തുകാരുടെ വേതനം. ഒരു തെങ്ങ് ചെത്തുന്നതിന് കർഷകന് 800 രൂപയാണ് 6 മാസത്തെ കാലയളവിലേക്ക് നൽകുന്നത്. ദ്വീപുകാർ നീര പുളിക്കാൻ അനുവദിക്കാതെ വളരെ ലളിതമായ രീതിയിൽ ചുരുങ്ങിയ സമയത്തിനുള്ളിൽ സംസ്കരിച്ച് മൂല്യവർധിത ഉത്പ്പന്നങ്ങളായി മാറ്റുന്നു. പരിമിതമായ അടിസ്ഥാന സൗകര്യമുള്ള ദ്വീപിൽ ഇത് സാധിക്കുമെങ്കിൽ എന്തുകൊണ്ട് നമ്മുടെ നാട്ടിൽ ഇത്രയും സാങ്കേതിക മികവിന്റെ സഹായത്തോടെ നീര പ്രയോജനപ്പെടുത്തിക്കൂടാ. ദ്വീപുകാർ നീരയിൽ നിന്ന് വിനാഗിരി, ചക്കര തുടങ്ങിയ ഉൽപ്പന്നങ്ങളും തേങ്ങയിൽ നിന്ന് ദ്വീപൻ അലുവ, കോക്കനട്ട് ചിപ്സ്, വെന്തവെളിച്ചെണ്ണ, കോക്കനട്ട് പൗഡർ തുടങ്ങിയ വിഭവങ്ങളും ഉണ്ടാക്കുന്നു. ഇവയ്ക്ക് നമ്മുടെ നാട്ടിൽ വലിയ വിപണിയുണ്ട്.

2014 ഏപ്രിൽ ഒന്നു മുതൽ ആസിയാൻ രാജ്യങ്ങളിൽ ഉത്പാദിപ്പിക്കുന്ന എല്ലാ കാർഷിക ഉത്പന്നങ്ങളും അവയുടെ മൂല്യവർധിത ഉത്പന്നങ്ങളും ഇന്ത്യയിലേക്ക് ചുങ്കമില്ലാതെ ഇറക്കുമതി ചെയ്യുന്ന സാഹചര്യം ഉണ്ടാകാം. (നമ്മുടെ വാണിജ്യനികുതി വകുപ്പിന്റെ പട്ടികയിൽ നീര ഉൾപ്പെടാത്തതിനാൽ നീരയ്ക്ക് ഇവിടെ നികുതിയില്ല.) ഇപ്രകാരം ഇറക്കുമതി ചെയ്യുന്ന ഉത്പന്നങ്ങളുടെ വിപണനത്തിൽ എക്സൈസ് വകുപ്പിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ കഴിയുകയില്ല. കേരത്തിന്റെ സ്വന്തം നാടായ നമ്മുടെ സംസ്ഥാനം ഇവിടുത്തെ തെങ്ങുകളെ ഉപയോഗിക്കാതെ ഇറക്കുമതി ചെയ്യുന്ന നാളികേര ഉത്പന്നങ്ങളെ ആശ്രയിക്കേണ്ടിവരും. ഇത് കസ്തൂരിമാനിന്റെ അവസ്ഥയെ ഓർമിപ്പിക്കുന്നു. നാം നീര ഉത്പാദിപ്പിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഇതിനായി നാളികേര വികസനബോർഡ് സംസ്ഥാന സർക്കാരിന്റെ സഹായത്തോടുകൂടി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ പ്രാരംഭനടപടികൾ ആരംഭിച്ചുകഴിഞ്ഞു. നാളികേര വികസനബോർഡിന്റെ നേതൃത്വത്തിൽ നാളികേര ഉത്പാദന സൊസൈറ്റികൾ രൂപീകരിക്കും. 10 തൊട്ട് 25 വരെ സൊസൈറ്റികൾ ഉൾപ്പെടുത്തി ഫെഡറേഷനുകൾ രൂപീകരിക്കും. നീര ഉത്പാദനത്തിന്റെയും സംഭരണത്തിന്റെയും ചുമതല ഫെഡറേഷനുകൾക്കായിരിക്കും.

ഈ സംരംഭം പൂർണവിജയം കൈവരിച്ച് എല്ലാവിധ ലക്ഷ്യങ്ങളും നേടണമെങ്കിൽ ഈ പദ്ധതിയുടെ എല്ലാ ഘട്ടങ്ങളിലും കർഷകരുടെ മേൽനോട്ടം ഉണ്ടായിരിക്കണം. ഫെഡറേഷന്റെ കീഴിലുള്ള ഉത്പാദന കമ്പനികൾ പൂർണമായും സർക്കാരിന്റെ കീഴിലായിരിക്കണം. ഈ സംരംഭത്തിൽ അംഗങ്ങളായിട്ടുള്ള എല്ലാ വ്യക്തികൾക്കും ഗവൺമെന്റിൽ നിന്നുള്ള സ്ഥിരമായ വരുമാനം ഉറപ്പുവരുത്തണം. എക്സൈസ് വകുപ്പിന് ഇവരുടെ മേൽ വളരെ പരിമിതമായ അധികാരങ്ങൾ മാത്രമേ ഉണ്ടാകാൻ പാടുള്ളൂ. ഉത്പാദനത്തിനും വിപണനത്തിനും എല്ലാ വിധത്തിലുമുള്ള ശാസ്ത്രീയ പരിശീലനം സർക്കാർ നൽകേണ്ടതാണ്. ഉത്പാദന കമ്പനികളുടെ നിക്ഷേപങ്ങളിൽ സ്വകാര്യ കടന്നുകയറ്റം പൂർണമായും അനുവദിക്കരുത്. എങ്കിൽ മാത്രമേ ഈ പദ്ധതിയിലൂടെ ഗാന്ധിജിയുടെ മഹത്തായ ആശയം നമുക്ക് ഗ്രാമങ്ങളിൽ എത്തിക്കുവാൻ സാധിക്കുകയുള്ളൂ. നീര എന്ന സംരംഭം വിജയിച്ചാൽ സമാനമായ സാധ്യതകൾ മറ്റു ഭക്ഷ്യവിളകളിലും പരീക്ഷിക്കാവുന്നതാണ്. കാർഷികമേഖലയെ തകർച്ചയിൽ നിന്ന് പിടിച്ചുകയറ്റുന്ന കൈത്താങ്ങാകട്ടെ നീര എന്ന് നമുക്ക് പ്രത്യാശിക്കാം. ■

*കേരള സർവകലാശാലയിൽ ഗവേഷകയാണ് ലേഖിക*

■ സാവിയോ സജി ഇ.ആർ

# നഗരവികസനം പുത്തനുണർവിലേക്ക് നിക്ഷേപക സംഗമം 2013

അടിസ്ഥാന ഭൗതിക സൗകര്യ വികസനത്തിന് പണം കണ്ടെത്താൻ കഴിയാതെ വികസന പദ്ധതികളിൽ മുരടിപ്പ് അനുഭവിക്കുന്ന കേരളത്തിലെ നഗരസഭകളുടെ വികസന സ്വപ്നങ്ങൾക്ക് കുതിപ്പേകാൻ നഗരവികസന വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് നിക്ഷേപക സംഗമം 2013. പൊതു സ്വകാര്യ പങ്കാളിത്തത്തോടെയുള്ള വിഭവ സമാഹരണം ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ് ഡിസംബർ 19, 20 തീയതികളിൽ കൊച്ചി ലേ മെറിഡിയൻ ഹോട്ടലിൽ നടക്കുന്ന സംഗമം.

ദിന ചെലവുകൾക്ക് ഇന്നും സർക്കാരിനെ ആശ്രയിക്കുകയാണ്. ഈ ആശ്രയത്വം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ സ്കൂളുകൾ, ആശുപത്രികൾ, മറ്റ് സേവന സ്ഥാപനങ്ങൾ ഇവയുടെ വളർച്ചയ്ക്കും ആധുനികവത്ക്കരണത്തിനും തടസ്സമായി നിൽക്കുന്ന കാഴ്ചയാണ് നാം കാണുന്നത്.

ഈ സാഹചര്യത്തിലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേകിച്ച് നഗരസഭകൾ നേരിടുന്ന സാമ്പത്തിക പ്രശ്നങ്ങളെക്കുറിച്ച് ഗൗരവതരമായി ചിന്തിക്കുവാനായി തുടങ്ങിയത്. നമ്മുടെ മിക്ക നഗരസഭകളുടെ വരുമാനം വർധിപ്പിക്കാമെന്ന ആശയത്തിലേക്ക് എത്തിച്ചത്.



നിക്ഷേപക സംഗമം വെബ്സൈറ്റ് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്യുന്നു

എമർജിങ് കേരള മാതൃകയിൽ കേരളത്തിലെ നഗരവികസന പദ്ധതികളിൽ നിക്ഷേപ സമാഹരണം നടത്തുവാനും ആധുനിക ജീവിത രീതികൾക്ക് അനുസരണമായ നൂതന സംരംഭങ്ങൾ അവതരിപ്പിക്കുവാനും അടിസ്ഥാന സൗകര്യ വികസന പരിപാടികളിലേക്ക് സാമൂഹിക പ്രതിബദ്ധതയുള്ള നിക്ഷേപകരെ ക്ഷണിക്കുവാനുമായി ഒരു നിക്ഷേപക സംഗമം നടത്തുകയാണ്. ദേശീയ തലത്തിലും അന്തർദേശീയ തലത്തിലുമുള്ള നിക്ഷേപകരോടൊപ്പം തദ്ദേശീയരായ നിക്ഷേപകരും ഈ സംഗമത്തിൽ പങ്കെടുക്കും.

മാലിന്യസംസ്കരണം, ഷോപ്പിങ് കോംപ്ലക്സ്, ഷോപ്പിങ് മാളുകൾ, കൺവെൻഷൻ സെന്ററുകൾ തുടങ്ങിയവയുടെ നിർമാണവും നവീകരണവും, ആധുനിക സിവറേജ് പ്ലാന്റുകൾ, ഫ്ളൈ ഓവറുകൾ, പാലങ്ങൾ, പാർക്കിങ് സ്ഥലങ്ങൾ തുടങ്ങിയവയുടെ നിർമ്മാണവും ആധുനികവത്ക്കരണവും, ബസ് ടെർമിനലുകളുടെ നിർമ്മാണം, കംഫർട്ട് സ്റ്റേഷനുകളുടെ നിർമ്മാണം, മാർക്കറ്റുകളുടെ നവീകരണം, ആധുനിക പരസ്യ ബോർഡുകളുടെ സ്ഥാപനം, നഗരം മോടിപിടിപ്പിക്കൽ, പാർക്കുകളുടെ നവീകരണവും ആധുനികവത്ക്കരണവും, തെരുവ് വിളക്കുകളുടെ സ്ഥാപനം തുടങ്ങിയ ദൈനംദിന നഗരജീവിതത്തിന് അവശ്യമായ പദ്ധതികളാണ് ഓരോ നഗരസഭകളുടെയും ഭൗതികസാഹചര്യങ്ങൾക്ക് അനുസരണമായ വിധത്തിൽ ഈ സംഗമത്തിൽ അവതരിപ്പിക്കപ്പെടുക.

വികേന്ദ്രീകൃതാസൂത്രണം വിജയകരമായി നടപ്പാക്കിയ സംസ്ഥാനങ്ങളിലൊന്നാണ് കേരളം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണത്തിലും വിഭവ വിതരണത്തിലും മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാണ് നമ്മുടെ സംസ്ഥാനം. വളരെ വേഗം വളർന്നു വികസിക്കുന്ന ലോക വ്യവസ്ഥയിൽ വർത്തമാന കാല ആവശ്യങ്ങളും സൗകര്യങ്ങളും ഒരുക്കുവാൻ പലപ്പോഴും നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയാതെ പോകുന്നു. അതിന്റെ പ്രധാന കാരണമായി ചൂണ്ടികാണിക്കുന്നത് സാമ്പത്തിക പരാധീനതയാണ്. നമ്മുടെ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ദൈനം

ഭകളും സാമ്പത്തികമായി വളരെ പ്രയാസം നേരിടുകയാണ്. ശമ്പളവും പെൻഷനും യഥാസമയം നൽകാൻ കഴിയാതെ സർക്കാർ ഫണ്ടിനെ മാത്രം ആശ്രയിക്കുന്ന സാഹചര്യമാണ് ഇപ്പോൾ പകുതിയോളം നഗരസഭകൾക്കുള്ളത്. ഈ സാഹചര്യത്തിൽ സ്വാഭാവികമായും വികസന കാര്യങ്ങൾക്കോ ക്ഷേമ പ്രവർത്തനങ്ങൾക്കോ പണം ചെലവഴിക്കാൻ കഴിയാതെ വരുന്നു. ഈ സ്ഥിതി മാറ്റി നഗരസഭകൾക്ക് ആസ്തിയും സ്ഥിര വരുമാനവും വർധിപ്പിക്കുന്നതിനുതകുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കണം എന്ന തീക്ഷ്ണമായ ആഗ്രഹമാണ് പൊതു, സ്വകാര്യ പങ്കാളിത്തം (പിപിപി) വഴി നഗര

കഴിഞ്ഞ മൂന്നു മാസത്തിലേറെയായി ഓരോ നഗരസഭകളും തങ്ങൾക്ക് അനുയോജ്യമായ പദ്ധതികൾ തയ്യാക്കുന്ന തീവ്ര യജ്ഞത്തിലാണ്. പദ്ധതി രൂപരേഖകൾ തയ്യാറാക്കുന്നതിന് നഗരസഭകളെ സഹായിക്കുന്നതിന് വിദഗ്ധരടങ്ങിയ ഒരു പട്ടികയും നഗരകാര്യ വകുപ്പ് പുറത്തിറക്കിയിട്ടുണ്ട്. പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന പദ്ധതികളുടെ സ്വീകാര്യത ഉറപ്പു വരുത്തേണ്ടത് അതാത് നഗരസഭകളാണ്.

കേരളത്തിന്റെ നഗരവികസന രംഗത്ത് പുത്തൻ ഉണർവു പകരാൻ ഈ നിക്ഷേപകസംഗമത്തിന് കഴിയും. സാമ്പത്തിക വൈഷമ്യങ്ങൾ കാരണം അടിസ്ഥാന വികസനങ്ങൾക്ക് പണം കണ്ടെത്താൻ കഴിയാതെ വരുന്ന നഗരസഭകൾക്ക് ആശ്വാസവും. ■




# ഇനി സുരക്ഷിത യാത്ര

## ഷീ ടാക്സിയും കുടുംബശ്രീ ട്രാവൽസും എത്തി

സ്ത്രീ ശാക്തീകരണവും സ്ത്രീ സുരക്ഷയും സാധ്യമാക്കുകയാണ് ഷീ ടാക്സികളുടെ ലക്ഷ്യമെന്ന് സാമൂഹ്യനീതി മന്ത്രി എം.കെ. മുനീർ പറഞ്ഞു. തിരുവനന്തപുരത്ത് കനകക്കുന്നിൽ ഷീ ടാക്സി സർവീസിന്റെ സംസ്ഥാനതല ഉദ്ഘാടനച്ചടങ്ങിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം. ജന്റർ പാർക്കിന് നിരവധി ലക്ഷ്യങ്ങളുണ്ട്. സ്ത്രീ സൗഹൃദപദ്ധതികൾ ധാരാളം നടപ്പിലാക്കുന്ന ജന്റർ പാർക്കിന് അടുത്ത വർഷം കെട്ടിട നിർമാണം ആരംഭിക്കും. ജന്റർ പാർ









ക്കിന്റെ ആദ്യ സംരംഭമാണ് ഷീ ടാക്സി. ധാരാളം സുരക്ഷാ നടപടികൾ ഇതിന് ആവശ്യമാണ്. ജി.പി.എസ്. അടക്കമുള്ള സംവിധാനങ്ങൽ ഇതിൽ ഒരുക്കിയിട്ടുണ്ട്. ഷീ ടാക്സി ഭാവിയിൽ വി ടാക്സിയാക്കണമെന്നും മന്ത്രി പറഞ്ഞു. സിനിമാ താരം മഞ്ജുവാര്യരെ പദ്ധതിയുടെ ഗുഡ്‌വിൽ അമ്പാസിഡറായി മന്ത്രി പ്രഖ്യാപിച്ചു. 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്റർ കെ. മുരളീധരൻ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. സാമൂഹിക നീതി വകുപ്പ്, റെയിൻ കൺസേർട്ട് ടെക്നോളജി, ജെന്റർ പാർക്ക് എന്നീ സ്ഥാപനങ്ങൾ ധാരണാപത്രങ്ങൾ കൈമാറി. നടി മഞ്ജുവാര്യർ ഡ്രൈവർമാർക്ക് താക്കോൽ കൈമാറി. മേയർ കെ. ചന്ദ്രിക, സാമൂഹിക നീതി വകുപ്പ് ഡയറക്ടർ അഭിലാഷ് പിള്ള, ട്രാൻസ്പോർട്ട് കമ്മിഷണർ ഋഷിരാജ് സിങ്, ജെന്റർ പാർക്ക് പ്രോജക്ട് ഓഫീസർ കുൽസു, കാന്താരി ഇന്റർനാഷണൽ സ്ഥാപക സെബ്രിയെ തെൻബെർകൻ തുടങ്ങിയവർ പങ്കെടുത്തു. വനിതകൾ ഡ്രൈവർമാരായ അഞ്ച് ഷി ടാക്സികളാണ് ഉദ്ഘാടനം ചെയ്തത്. വനിതാ വികസന കോർപറേഷനും ജന്റർ പാർക്കും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്.

സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിത യാത്ര ഒരുക്കാൻ കുടുംബശ്രീ വനിതകൾ സാരഥികളാകുന്ന കുടുംബശ്രീ ട്രാവൽസ് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു. കുടുംബസമേതം യാത്ര ചെയ്യുന്നവർ സ്ത്രീകൾ എന്നിവർക്ക് രാവിലെ 6 മുതൽ വൈകിട്ട് 8 വരെ സേവനം ലഭിക്കും. മോട്ടോർ വാഹന, പോലീസ്, ടൂറിസം വകുപ്പുകൾ സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. ■



■ സിൽവി മാക്സി മേന

18–ാമത് കേരള രാജ്യാന്തര ചലച്ചിത്രമേളയുടെ പശ്ചാത്തലത്തിൽ മുൻ ചലച്ചിത്രോത്സവങ്ങളിലെ ചില അവിസ്മരണീയ സിനിമകളിലൂടെ...



# സുവർണ ദൃശ്യങ്ങളുടെ ഫ്ളാഷ് ബാക്ക്



ലോകം മുഴുവൻ ഒരൊറ്റ ചലച്ചിത്ര സംസ്കാരമെന്ന ഒരുമയിലേക്ക് കേരളം എട്ടുനാൾ മിഴിയൂന്നുന്നതാണ് ഓരോ രാജ്യാന്തര ചലച്ചിത്രോത്സവങ്ങളും.

മലയാളത്തിന് ഇത് ത്രീജി ചിത്രങ്ങളുടെ കാലഘട്ടമാണ്. യൗവനത്തിന്റെ ചിന്തകളും പുത്തൻ ആശയങ്ങളുമായി മാറ്റത്തിന്റെ പാതയിലായ മലയാള ചലച്ചിത്രലോകത്തിന് ഉറ്റുനോക്കാൻ വകയുള്ള കാഴ്ചകൾ ചലച്ചിത്രമേളയിൽ പ്രതീക്ഷിക്കാം.

കഴിഞ്ഞ പതിനേഴു വർഷങ്ങളുടെ കണക്കെടുപ്പിൽ എന്നെന്നും ഓർമയിൽ സൂക്ഷിക്കാൻ ഒട്ടേറെ മികച്ച ചിത്രങ്ങൾ മേള സമ്മാനിച്ചിട്ടുണ്ട്. അതിലേറെയും മേളയുടെ ബാല്യ-കൗമാരദശകളിലാണെന്നത് എടുത്തു പറയണം. ഏതാണ്ട് പതിമൂന്നാം ചലച്ചിത്രമേള വരെ ഓരോ ചലച്ചിത്രമേളയിലും ആവേശപൂർവം ചർച്ചചെയ്യപ്പെടുന്ന അഞ്ചോ ആറോ ചിത്രങ്ങളുണ്ടായിരുന്നു. പിന്നീടങ്ങോട്ട് അത്തരം ചിത്രങ്ങളുടെ എണ്ണം കുറഞ്ഞുവന്നു. മുൻകാല മേളകളുമായി തട്ടിച്ചുനോക്കുമ്പോൾ വിരസസമ്പൂർണമായ ചിത്രങ്ങളുടെ എണ്ണം പറഞ്ഞ കാഴ്ചകൾ കഴിഞ്ഞ ഏതാനും മേളകളിൽ പ്രേക്ഷകരെ നിരാശപ്പെടുത്തിയെന്നത് പറയാതെ വയ്യ. കഴിഞ്ഞതവണ ലോകസിനിമകളേക്കാൾ മലയാളി പ്രേക്ഷകരെ അതിശയിപ്പിച്ചത് ഇന്ത്യൻ സിനിമകളാണെന്നു പറയേണ്ടിവരും. മത്സരവിഭാഗത്തിൽ പ്രേക്ഷകർ അംഗീകരിച്ചത് ജോയ് മാത്യുവിന്റെ *ഷട്ടർ* എന്ന ചിത്രത്തെയാണല്ലോ. ആദ്യമായാണ് ഒരു മലയാള ചലച്ചിത്രം മേളയിൽ ഈയൊരു ബഹുമതിനേടുന്നത്.

സമ്പൂർണ സിനിമ എന്ന നിലയിൽ മികവുറ്റ ചലച്ചിത്രങ്ങളുടെ കണക്കെടുപ്പിൽ നാം നാലഞ്ചുമേളകൾ പിറകിലേക്കു സഞ്ചരിക്കേണ്ടിവരും.

ഒൻപതാം ചലച്ചിത്രമേളയിൽ ഏറെ ശ്രദ്ധിക്കപ്പെടുകയും പ്രേക്ഷകരുടെ അംഗീകാരം നേടുകയും ചെയ്ത *കെഹക്സിലി മൗണ്ടൻ പട്രോൾ* എന്ന ചിത്രം ഓർക്കുക. അതിജീവനത്തിന്റെ പാതയിൽ നിയമങ്ങൾ നിറംമങ്ങുന്നതും വ്യക്തിബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതുമായ അവസ്ഥാവിശേഷം ഹൃദ്യമായി പ്രേക്ഷകർക്കു മുന്നിലെത്തിച്ച ഒരു ചിത്രമാണത്. ലു ചൂവാൻ ആണ് ഈ ചൈനീസ് ചിത്രത്തിന്റെ സംവിധായകൻ. ജീവന്മരണപോരാട്ടത്തിൽ കള്ളനും പൊലീസും കളിയല്ല, വ്യക്തികൾ തമ്മിലുള്ള സ്നേഹത്തിനും പരസ്പരധാരണയ്ക്കുമാണ് സ്ഥാനമെന്ന് ഈ ചിത്രം വെളിവാക്കുന്നു. ഇതേ മേളയിൽ പ്രദർശിപ്പിക്കപ്പെട്ട തിബത്തിൽ നിന്നുള്ള ചിത്രം *ട്രാവലേഴ്സ് ആൻഡ് മജീഷ്യൻ* സുന്ദരമായ ആഖ്യാനശൈലിയിലൂടെയും വിസ്മയിപ്പിക്കുന്ന പ്രകൃതിദൃശ്യങ്ങളിലൂടെയും മനുഷ്യന്റെ സ്വാർഥമോഹങ്ങളുടെ നിരർഥകത വരച്ചുകാട്ടുന്നു. മികച്ചതും വ്യത്യസ്തവുമായ ജീവിതനിലവാരം തേടിപ്പോകുന്ന ഒരു യുവാവിന്റെ സ്വപ്നസദൃശ്യമായ അനുഭവങ്ങളാണ് ഭൂട്ടാനിൽ നിന്നുള്ള ഈ ചിത്രത്തിന്റെ ഇതിവൃത്തം. ഒരു നാടോടിക്കഥയുടെ രൂപത്തിൽ ആഖ്യാനം ചെയ്യപ്പെട്ടിരിക്കുന്ന ചിത്രത്തിൽ കഥാപാത്രങ്ങൾ കുറവാണെങ്കിലും ഒരുമാത്രപോലും വിരസമല്ലാത്ത, സസ്പെൻസ് നിലനിർത്തുന്ന ഈ ചിത്രം പ്രേക്ഷകമനസ്സിൽ എക്കാലവും മായാതെ നിലനിൽക്കും. കയെൻസി നോർബു ആണ് സംവിധായകൻ.

## കിംകി ഡുക്കും വയലിനും

പത്താം ചലച്ചത്രമേള കിം കി ഡുക്ക് എന്ന ദക്ഷിണ കൊറിയൻ സംവിധായകനെ നെഞ്ചിലേറ്റിയാണ് വിടപറഞ്ഞത്. *സ്പ്രിങ്, സമ്മർ, ഫാൾ, വിന്റർ... ആൻഡ് സ്പ്രിങ്* എന്ന ഒരൊറ്റ ചിത്രത്തിലൂടെ പ്രേക്ഷകരെ വിസ്മയിപ്പിച്ച ഡുക്കിന്റെ *സമരിറ്റൻ ഗേൾ, കോസ്റ്റ് ഗാർഡ്* എന്നീ ചിത്രങ്ങളും ആ മേളയിൽ ജനപ്രീതി നേടിയിരുന്നു. എടുത്തുപറയാവുന്ന മികച്ച ചിത്രങ്ങൾ കാഴ്ചവെച്ച പത്താം ചലച്ചിത്ര മേള മേളയുടെ ചരിത്രത്തിൽ മുന്നിട്ടു നിൽക്കുന്നു.

പതിനൊന്നാം ചലച്ചിത്രമേളയിലെ ഉദ്ഘാടന ചിത്രം ഉൾപ്പെടെ മൂന്നു ചിത്രങ്ങൾ പ്രേക്ഷകമനസ്സിൽ തുടിക്കുന്ന ഓർമകളാണ് അവശേഷിപ്പിക്കുന്നത്. ഉദ്ഘാടന ചിത്രമായ *സൗണ്ട് ഓഫ് സാൻഡ്, സ്ക്രീം ഓഫ് ദി ആന്റ്സ്, ദി വയലിൻ* എന്നീ ചിത്രങ്ങളാണ് അവ. ഇതിൽ *ദി വയലിൻ* മാത്രമാണ് മേളയുടെ മത്സരവിഭാഗത്തിലുണ്ടായിരുന്നത്. അൻപതുശതമാനം പ്രേക്ഷകരുടെ വോട്ടുനേടി വയലിൻ പ്രേക്ഷകരുടെ ഇഷ്ടചിത്രത്തിനുള്ള പുരസ്കാരം നേടി. ഗറില്ലായുദ്ധത്തിന്റെ സമാധാനക്കേടിനിടയിലും സംഗീതത്തിന്റെ പ്രസക്തിയും സ്നേഹത്തിന്റെ നന്മകളും വേർതിരിച്ചുകാ



സ്പ്രിങ്, സമ്മർ, ഫാൾ, വിന്റർ... ആൻഡ് സ്പ്രിങ്

ട്ടുന്ന ഈ മെക്സിക്കൻ ബ്ലാക്ക് ആൻഡ് വൈറ്റ് ചിത്രം സംവിധാനം ചെയ്തത് ഫ്രാൻസിസ്കോ വാഗസ് ആണ്.

മാരിയൻ ഹാൻസെൽ നിർമിച്ച് സംവിധാനം ചെയ്ത ബൽജിയൻ ചിത്രം *സൗണ്ട് ഓഫ് സാൻഡ്* പലായനത്തിന്റെയും അതിജീവനത്തിന്റെയും ത്രസിപ്പിക്കുന്ന രംഗങ്ങൾ പ്രേക്ഷകർക്കു സമ്മാനിച്ചു. മരുഭൂമിയുടെ വ്യാസം വർധിക്കുമ്പോൾ കുടിവെള്ളത്തിനുപോലും മുട്ടനുഭവിക്കേണ്ടിവരുന്ന ഒരു കൂട്ടം ഗ്രാമീണരുടെ പലായന വേളയിൽ അവർ അനുഭവിക്കേണ്ടിവരുന്ന ജീവന്മരണ പോരാട്ടങ്ങളുടെ കഥയാണ് *സൗണ്ട് ഓഫ് സാൻഡ്*. അക്കൂട്ടത്തിൽ അൽപ്പം വിദ്യാഭ്യാസമുള്ള റെനേയും കുടുംബവുമുണ്ട്. ഭാര്യ മോനയും മൂന്നു കുട്ടികളുമാണയാൾക്ക്. ഇളയപെൺകുട്ടി സാഷയോട് റെനേയ്ക്ക് ഒട്ടും താത്പര്യമില്ല. കൂട്ടത്തിൽ ചേരാതെ മറ്റൊരുവഴിക്കാണ് ഈ കുടുംബത്തിന്റെ യാത്ര. വഴിയിൽ പലപ്പോഴും തോക്കേന്തിയ കൊള്ളക്കാരുടെ വേട്ടയാടലുകൾ. എവിടെയും രക്ഷപെടാൻ റെനെ അച്ചാരമായി വയ്ക്കുന്നത് തന്റെ മകൾ സാഷെയെയാണ്. പക്ഷെ, യാത്ര അവസാനിക്കുമ്പോഴേക്ക് അയാൾ ഏറ്റവുമധികം സ്നേഹിക്കുന്ന ആൺമക്കളെയാണ് അയാൾക്ക് നഷ്ടപ്പെടുന്നത്. ഒരു



ദി വയലിൻ

വനെ ചിലർ തട്ടിക്കൊണ്ടുപോകുന്നു. ഇളയവനെ എല്ലാവർക്കും മുന്നിലിട്ട് കൊള്ളക്കാർ വെടിവെച്ചുകാല്ലുന്നു. കടുത്ത ജീവിതസമരഭൂമിയിൽ ഒന്നൊച്ചവെച്ചു കരയാൻപോലും റെനേയ്ക്കും ഭാര്യയ്ക്കുമാകുന്നില്ല. യാത്ര തുടരുന്നതിനിടെ മരുഭൂമിയിൽ രോഗബാധിതനായി മോനയും മരണത്തിനുകീഴടങ്ങുന്നു. അപ്പോഴാണ് തന്റെ ഏക കൂട്ടാളിയായ ഏഴുവയസുകാരി മകൾ സാഷയെ റെനെ തിരിച്ചറിയുകയും ഇഷ്ടപ്പെട്ടുതുടങ്ങുകയും ചെയ്യുന്നത്.

പൊരിവെയിലിൽ മണൽക്കൂമ്പാരത്തിൽ കിടന്ന് മുകളിലേക്കു കണ്ണുയർത്തുമ്പോൾ ആ പെൺകുട്ടി ഒരു കാഴ്ചകാണുന്നു. നീലാകാശത്ത് പുകയുടെ നെടുനീളൻ രേഖ സൃഷ്ടിച്ച് മിന്നിനീങ്ങുന്ന ജറ്റ്വിമാനം. അച്ഛാ അവർ നമ്മെ കാണുന്നുണ്ടാകുമോ? അവൾ ചോദിക്കുന്നു. നമ്മെപ്പോലുള്ളവർ ഈ ഭുമിയിലുണ്ടെന്നുപോലും അവർ അറിയുന്നുണ്ടാകില്ല. റെനെയുടെ ഈ മറുപടിയിൽ ലോകത്തെമ്പാടുമുള്ള മനുഷ്യരുടെ ജീവിതാവസ്ഥകളുടെ അന്തരം വ്യക്തമാകുന്നുണ്ട്. സുഖലോലുപതയിൽ പുളയുന്ന ഒരു വിഭാഗം. കുടിവെള്ളത്തിനുപോലും ജീവന്മരണപോരാട്ടം നടത്തുന്ന മറ്റൊരു വിഭാഗം. ഇവർ ഒരിക്കലെങ്കിലും കണ്ടുമുട്ടുകയോ പരസ്പരം അറിയുകയോ ചെയ്യുന്നില്ല.

## മക്മൽബഫ് എന്ന താരം

വിശ്രുത ഇറാനിയൻ സംവിധായകൻ മക്മൽബഫിന്റെ *സ്ക്രീം ഓഫ് ദി ആന്റ്സ്* ഇന്ത്യൻ മതദർശനങ്ങളിൽ കടന്നുകൂടിയ തട്ടിപ്പുകളെ പരിഹസിച്ചുകൊണ്ടാണ് പതിനൊന്നാം മേളയിൽ ചർച്ചാവിഷയമായത്. ഇന്ത്യയിലെ മനുഷ്യദൈവങ്ങളുടെ തട്ടിപ്പുകളും പിന്തിരിപ്പൻ മതദർശനങ്ങളും ഒരു വിദേശസംവിധായകൻ തന്മയത്വത്തോടും സത്യസന്ധതയോടും ചലച്ചിത്രരൂപത്തിൽ അവതരിപ്പിച്ചത് പ്രേക്ഷകരെ ആവേശത്തിലാക്കിയിരുന്നു. ഇന്ത്യയിൽ ആത്മീയ മധുവിധു ആഘോഷിക്കാനെത്തിയ വിദേശദമ്പതികളുടെ കാഴ്ചകളിലൂടെയാണ് ഈ ചിത്രം പുരോഗമിക്കുന്നത്. നിരീശ്വരവാദിയായ വരൻ. വധുവാകട്ടെ തികഞ്ഞ ഈശ്വരവിശ്വാസിയും സമ്പൂർണനായ ഒരു മനുഷ്യനെ ഇന്ത്യയിൽ കണ്ടെത്താമെന്നും അദ്ദേഹത്തിൽ നിന്ന് അനുഗ്രഹം പ്രാപിക്കാമെന്നുമുള്ള താത്പര്യമാണ് വധുവിനുള്ളത്. അവരുടെ മനസ്സിൽ ഭാരതം അത്ഭുതങ്ങളുടെ നാടാണ്. ഋഷിമാരുടെയും ഗംഗാനദിയുടെയും ഗാന്ധിജിയുടെയും നാടാണിത്. കേട്ടറിവിൽ പുണ്യഭൂമിയായ ഭാരതത്തിന്റെ യഥാർഥമുഖം വ്യത്യസ്തമാണെന്ന് ഇന്ത്യയിലെ മധുവിധുകാലത്തെ അനുഭവങ്ങളിലൂടെ ദമ്പതിമാർ തിരിച്ചറിയുന്നു. പൂർണമായി ഇന്ത്യയിൽ ചിത്രീകരിച്ച, ഇന്ത്യൻ കഥപറയുന്ന വിദേശചിത്രമെന്ന പ്രത്യേകതയും *സ്ക്രീം ഓഫ് ദി ആന്റ്സി*നുണ്ട്.

പത്താം മേളയിൽ താരത്തിളക്കത്തോടെ എത്തിയ കിംകി ഡുക്ക് പതിനൊന്നാം മേളയിലും സ്വന്തം പ്രതിഭയുടെ മികവുകാട്ടി. അദ്ദേഹത്തിന്റെ *ദി ബോ* കാവ്യാത്മക ആഖ്യാനത്താൽ ശ്രദ്ധേയമായി. പ്രായം തികയാത്ത ഒരു പെൺകുട്ടിയോട് ഒരു വൃദ്ധന് തോന്നുന്ന പ്രണയമാണ് *ദി ബോ*യുടെ വിഷയം. അയാൾ കാത്തിരിക്കുകയാണ് അവൾക്ക് 17 വയസ് തികയാൻ. ആ ദിവസം തന്നെ അവളെ വിവാഹം കഴിക്കാനുള്ള ഒരുക്കങ്ങളൊക്കെ വൃദ്ധൻ പൂർത്തിയാക്കിക്കഴിഞ്ഞു. പക്ഷെ, പെൺകുട്ടിക്ക് ഒരു യുവാവിനോട് പ്രണയമുണ്ട്. വൃദ്ധന്റെ വികാരക്ഷോഭങ്ങളും പെൺകുട്ടിയുടെ നിസ്സഹായാവസ്ഥയും ഒടുവിൽ കഥയുടെ കാവ്യഭംഗിയുള്ള പരിസമാപ്തിയും ചിത്രത്തെ ദീപ്തമാക്കുന്നു. വിരലിലെണ്ണാവുന്ന അഭിനേതാക്കളും കടലും നൗകകളും മാത്രം പശ്ചാത്തലമാക്കി ഇത്തരമൊരു ചലച്ചിത്രകാവ്യമൊരുക്കാൻ ചലച്ചിത്രകാരൻ അസാമാന്യ പ്രതിഭാവിലാസമാണ് പ്രകടിപ്പിച്ചത്.

എന്നൽ തുടർന്നുള്ള മേളകളിൽ ഡുക്ക് ചിത്രങ്ങൾ വേണ്ടത് തിളങ്ങിയില്ലെന്നതാണ് നേര്.

ചലച്ചിത്രമേളയുടെ പതിവ് ആസ്വാദകർക്ക് ഒരിക്കലും വിസ്മരിക്കാനാവില്ല ഇറ്റാലിയൻ സംവിധായകൻ ജിയോവന്നി വെറോൻസിയുടെ *ദി മാന്വൽ ഓഫ് ലൗസ്റ്റോറി* എന്ന ചിത്രം. പ്രേക്ഷകരുടെ ഹൃദയമറിഞ്ഞുള്ള ഹാസ്യാവിഷ്കാരം ഓരോ നിമിഷവും തിയേറ്ററിൽ പൊട്ടിച്ചിരി മുഴക്കിയിരുന്നു



**ദി മാന്വൽ ഓഫ് ലൗസ്റ്റോറി**

## ചിരിയും ചിന്തയും

പന്ത്രണ്ടാം ചലച്ചിത്രമേളയിൽ അധികമാരും ശ്രദ്ധിക്കാതെപോയ ഒരു ചിത്രമാണ് പാക്കിസ്ഥാനിൽ നിന്നുള്ള സാഹിബ് മൻസൂറിന്റെ *ഖുദാ കേലിയെ*. മതവും പ്രണയവും രാജ്യസ്നേഹവും ഇടകലർന്ന ഈ ചിത്രം ഒരു ബോക്സ് ഓഫീസ് ഹിറ്റ് ഇന്ത്യൻ സിനിമയുടെ എല്ലാ ചേരുവകളും ഉൾക്കൊള്ളിച്ചുള്ളതാണ്. തീവ്രമായ വൈകാരികരംഗങ്ങൾ സിനിമയെ കെട്ടുറപ്പുള്ളതാക്കുന്നുണ്ട്. ദൈവത്തിന്റെ പേരിൽ മനുഷ്യനെ ചൂഷണം ചെയ്യുകയും അവന്റെ സമാധാനജീവിതം കെടുത്തുകയും ചെയ്യുന്ന മതമൗലിക ചിന്തകൾക്കെതിരായ ഈ ചിത്രം ഒരിക്കൽക്കൂടി മേളയിലെത്തിയെങ്കിലെന്ന് ആശിച്ചുപോകുന്നു.

ചലച്ചിത്രമേളയുടെ പതിവ് ആസ്വാദകർക്ക് ഒരിക്കലും വിസ്മരിക്കാനാവില്ല ഇറ്റാലിയൻ സംവിധായകൻ ജിയോവന്നി വെറോൻസിയുടെ *ദി മാന്വൽ ഓഫ് ലൗസ്റ്റോറി* എന്ന ചിത്രം. പ്രേക്ഷകരുടെ ഹൃദയമറിഞ്ഞുള്ള ഹാസ്യാവിഷ്കാരം ഓരോ നിമിഷവും തിയേറ്ററിൽ പൊട്ടിച്ചിരി മുഴക്കിയിരുന്നു. ഉബർട്ടോ പസോളിനിയെന്ന ഇറ്റാലിയൻ സംവിധായകന്റെ പ്രഥമചിത്രമായി 2008 ൽ പുറത്തിറങ്ങിയ ശ്രീലങ്കൻ ചിത്രം *മച്ചാൻ* പതിമൂന്നാം ചലച്ചിത്രമേളയെ ഹരംപിടിപ്പിച്ചിരുന്നു. ശ്രീലങ്കൻ ഹാൻഡ് ബോൾ ടീം തട്ടിക്കൂട്ടി കായിക ടീം എന്ന നിലയിൽ വിദേശത്തുകടന്ന് മറ്റേതെങ്കിലും തൊഴിൽ ചെയ്തു ജീവിക്കാനാഗ്രഹിച്ച ചില സിംഹള യുവാക്കളുടെ തന്ത്രപ്പാടുകളാണ് ഈ ഹാസ്യസിനിമയുടെ ഇതിവൃത്തം. ആ മേളയിൽ മികച്ച ചിത്രമായി ജനം വോട്ടുനൽകി ആദരിച്ചത് *മച്ചാനെ*യാണ്.

ഇത്തരം സിനിമകൾ, ജനങ്ങൾ ഹൃദയത്തിലേറ്റിയ പഴയകാല മേളച്ചിത്രങ്ങൾ വീണ്ടും പ്രദർശനത്തിനെത്തുന്നത് മേളയിലെ മികച്ച സിനിമകൾ കാണാനാവാതെ പോയ പ്രേക്ഷകർക്ക് ആശ്വാസത്തിന് വകനൽകും. ■

എം.സി. രാജനാരായണൻ

# സിനിമാലോകം മറന്ന ചരിത്രകാലങ്ങൾ

രണ്ട്

**മലയാള സിനിമയിലെ ആദ്യ വൻതാരം എന്ന് വിശേഷിപ്പിക്കാവുന്ന എസ്.പി. പിള്ളയുടെ ജന്മശതാബ്ദി ആരാലും ഓർമ്മപ്പെടാതെ കടന്നുപോവുകയാണ്. അതുപോലെ മധുവിന്റെ സിനിമാജീവിത സുവർണ ജൂബിലിയും...**



കേരളത്തിൽ ആദ്യം നിർമിച്ച ചിത്രം വിഗതകുമാരനും ആദ്യ സംവിധായകൻ ജെ.സി. ഡാനിയലുമാണെന്നത് അംഗീകരിച്ചുകൊണ്ടാണ് സംസ്ഥാന സർക്കാരിന്റെ സമഗ്രസംഭാവനാ പുരസ്കാരത്തിന് ഡാനിയലിന്റെ പേരു നൽകിയത്. *വിഗതകുമാരൻ* (1928) പുറത്തിറങ്ങി ഒരു പതിറ്റാണ്ടിനുശേഷമാണ് നൊട്ടാണി സംവിധാനം ചെയ്ത ആദ്യ ശബ്ദചിത്രം *ബാലൻ* (1938) പ്രദർശനത്തിനെത്തിയത്. അപ്പോൾ ആദ്യ നിശബ്ദചിത്രത്തിന് 85 ഉം ആദ്യ ശബ്ദചിത്രത്തിന് 75 ഉം ആയതായികാണാം. അങ്ങനെ മലയാളത്തിലെ ആദ്യ ശബ്ദചിത്രം വജ്ര ജൂബിലിയാഘോഷിക്കുന്ന വർഷം തന്നെയാണ് നടൻ മധു സിനിമാ ജീവിതത്തിന്റെ സുവർണ ജൂബിലി (50) ആഘോഷിക്കുന്നത്. മധുവിന്റെ ആദ്യ ചിത്രം *നിണമണിഞ്ഞ കാൽപ്പാടുകൾ* (1963) പുറത്തിറങ്ങി 50 വർഷം പൂർത്തിയാകുന്നു.

മലയാള സിനിമാ ചരിത്രത്തിലെ വലിയൊരധ്യായം മധുവിന് സ്വന്തം -യുവാവായി-കാമുകവേഷത്തിലെത്തി സിനിമാഭിനയം ആരംഭിച്ച മധു എന്ന മാധവൻ നായർ മധ്യവയസ്കനും വൃദ്ധനുമായപ്പോഴും സിനിമാഭിനയം തുടരുകതന്നെയാണ്. എൺപതു വയസ്സിന്റെ തികവിൽ, അൻപത് അഭിനയ വർഷങ്ങളുടെ നിറവിൽ മലയാള സിനിമയിലെ തലമുതിർന്ന കാരണവരായി മധു നിലയുറപ്പിച്ചിരിക്കുന്നു.

പോയകാലത്ത് സത്യൻ, പ്രേം നസീർ, മധു ത്രയമായിരുന്നു മലയാള സിനിമയുടെ ഗതിവിഗതികളും ഭാഗധേയവും നിർണയിച്ചിരുന്നത്. അക്ഷരലോകത്ത് സ്ഥിര പ്രതിഷ്ഠനേടിയ ഒട്ടനേകം കഥാപാത്രങ്ങളെ സിനിമയിലവതരിപ്പിച്ച ചരിത്രവും മധുവിനുതന്നെ. *ചെമ്മീനി*ലെ പരീക്കുട്ടി മുതലാളി മുതൽ വൈക്കം മുഹമ്മദ് ബഷീറിന്റെ പ്രതിപുരുഷനായി *ഭാർഗവീനിലയം* എന്ന ചിത്രത്തിലും *ഉമ്മാച്ചു*വിൽ ഇബ്രാഹിമിന്റെ കഥാപാത്രമായതും മധുവിന് ലഭിച്ച അസുലഭ അവസരങ്ങളാണ്. അക്കാലത്തെ പുതുമുഖസംവിധായകർക്ക് ഏറെ പ്രിയം മധുവിനോടായിരുന്നു.

തിരുവനന്തപുരത്ത് 1933 ൽ ജനിച്ച മാധവൻ നായരാണ് സിനിമയിലെ മധുവായി മാറിയത്. രാമു കാര്യാട്ട്

സംവിധാനം ചെയ്ത *ചെമ്മീൻ* എന്ന ചിത്രത്തിലെ നിരാശാ കാമുകനായ പരീക്കുട്ടിയാണ് ആദ്യകാലത്ത് മധുവിന് സ്വീകാര്യതനൽകി ഏറെ ശ്രദ്ധേയനാക്കിയത്. സത്യൻ, ഷീല, കൊട്ടാരക്കര ശ്രീധരൻ നായർ തുടങ്ങിയ വൻതാരങ്ങളുടെ സാന്നിധ്യമുണ്ടായിട്ടും മധുവാണ് ഏറെ ശ്രദ്ധിക്കപ്പെട്ടത്. *ചെമ്മീനു*ശേഷം തകഴിയുടെ തന്നെ കുറേ കഥാപാത്രങ്ങളെ മധു അവതരിപ്പിച്ചിട്ടുണ്ട്. *ഏണിപ്പടികൾ, ചുക്ക്* തുടങ്ങിയ ചിത്രങ്ങളിൽ. *ഓളവും തീരവും* (പി. എൻ. മേനോൻ-എം.ടി വാസുദേവൻ നായർ) മധുവിന്റെ അഭിനയജീവിതത്തിലെ മറ്റൊരു നാഴികക്കല്ലാണ്. അഭിനയ രംഗത്ത് മാത്രമൊതുങ്ങി നിൽക്കാതെ മധു സംവിധാനരംഗത്തേക്ക് പ്രവേശനം ചെയ്തു. സി. രാധാകൃഷ്ണൻ എഴുതിയ 'തേവിടിശ്ശി' എന്ന നോവൽ *പ്രിയ* എന്ന പേരിലാണ് മധു സിനിമയിലേക്ക് മൊഴിമാറ്റം ചെയ്തത്.



ചെമ്മീൻ

## മധുവിന്റെ മാതൃക

ആദ്യ ചിത്രത്തിനുശേഷം *സതി, അക്കൽദാമ, കാമം ക്രോധം, മോഹം* തുടങ്ങിയ ചലച്ചിത്രങ്ങൾ നിർമിച്ച് സംവിധാനം ചെയ്തു. അദ്ദേഹം നിർമിച്ച് ചന്ദ്രകുമാർ സംവിധാനം ചെയ്ത *മിനി* എന്ന കുട്ടികളുടെ ചിത്രം ദേശീയപുരസ്കാരവും നേടിയിരുന്നു. സിനിമാ നിർമാണ പ്രവർത്തനങ്ങൾ ഏതാണ്ട് പൂർണമായും മദ്രാസ് കേന്ദ്രീകരിച്ച് നടന്നിരുന്ന അക്കാലത്ത് സിനിമയെ കേരളത്തിലേക്കുതന്നെ പറിച്ചുനടാൻ പ്രയത്നിച്ച മധുവിന്റെ ഈ രംഗത്തെ സംഭാവന താരതമ്യമില്ലാത്തതാണ്. തിരുവനന്തപുരത്ത് ഉമാ സ്റ്റുഡിയോ സ്ഥാപിച്ചുകൊണ്ട് മലയാള സിനിമയെ കേരളത്തിലേക്കാനയിക്കുവാൻ മധു മുൻകയ്യെടുത്തു. ഏതാണ്ട് അതേകാലഘട്ടത്തിൽ തന്നെയാണ് സ്റ്റുഡിയോ ഫ്ളോറുകളിൽ നിന്ന് സിനിമ വാതിൽപ്പുറ ചിത്രീകരണ രീതിയിലേക്കു മാറിയത്. സിനിമയുടെ വ്യത്യസ്ത മേഖലകളിൽ കയ്യൊപ്പു ചാർത്തിയ മധു പിന്നീട് സീരിയൽ രംഗത്തും പാദമുദ്രപതിപ്പിച്ചു. അത് നിർബാധം തുടരുകയും ചെയ്യുന്നു.

അമിതാഭ് ബച്ചൻ എന്ന ഇന്ത്യൻ സിനിമയിലെ ജീവിക്കുന്ന ഇതിഹാസവും താരചക്രവർത്തിയുമൊത്ത് മധു അഭിനയിച്ച ചിത്രം *സാത്ത് ഹിന്ദുസ്ഥാനി* സംവിധാനം ചെയ്തത് കെ.എ. അബ്ബാസാണ്. അക്കാലത്ത് ഒരു മലയാളി നടൻ ഹിന്ദി സിനിമയിലഭിനയിക്കുക എന്നത് അത്യപൂർവമായിരുന്നു. ഏറെ ചർച്ച ചെയ്യപ്പെട്ട ചിത്രമായിരുന്നു *സാത്ത് ഹിന്ദുസ്ഥാനി.*

സത്യനും പ്രേം നസീറും അഭിനയരംഗത്തുമാത്രം നിലയുറപ്പിച്ചപ്പോൾ മധു സംവിധായകനും നിർമാതാവുമായി മാറി. വിവിധ തലമുറകളിൽപ്പെട്ട അഭിനേതാക്കൾക്കൊപ്പം രംഗത്തെത്തിയ മലയാള സിനിമയിലെ തലമുതിർന്ന കാരണവരായ മധു മലയാള സിനിമയുടെ വികാസപരിണാമത്തിൽ നിർണായകപങ്കുവഹിച്ച കലാകാരനാണ്. മലയാളത്തിലെ മറ്റ് അഭിനേതാക്കൾക്ക് ഒരു നല്ല മാതൃകയും.

വളരെ വൈകിയാണ് 'പത്മശ്രീ' മധുവിനെ തേടിയെത്തിയതെങ്കിലും പരാതിയില്ലാതെ അദ്ദേഹം അത് സ്വീകരിച്ചു. വിവാദങ്ങളിൽ നിന്ന് എന്നും അകന്നു നിൽക്കുവാനാണ് അദ്ദേഹം ഇഷ്ടപ്പെട്ടത്. അഭിനയമെന്ന തൊഴിലിനോട് ആത്മാർഥതയും കൂറും പുലർത്തുന്ന മധുവിനെപ്പോലുള്ള കലാകാരന്മാരാണ് സിനിമയുടെ ശക്തി. ഇന്ത്യൻ സിനിമയിലെ പരമോന്നത പുരസ്കാരമായ 'ഫാൽക്കെ' അവാർഡ് അർഹിക്കുന്ന കലാകാരനാണ് മധു. തമിഴിലും തെലുങ്കിലുമെല്ലാം പലതവണ നൽകപ്പെട്ട ഫാൽക്കെ മലയാളത്തിലേക്ക് വരുവാൻ സംശയിക്കുന്നതുകൊണ്ടാണ് മധുവിന് അത് ലഭിക്കുവാൻ വൈകുന്നത്. അര നൂറ്റാണ്ടുകാലത്തെ മലയാളസിനിമയ്ക്കുള്ള അദ്ദേഹത്തിന്റെ സംഭാവനയുടെ വ്യാപ്തിയും ആഴവും തിരിച്ചറിയുന്നവർക്ക് 'ഫാൽക്കെ' അവാർഡിനുള്ള അദ്ദേഹത്തിന്റെ അർഹത ഗ്രഹിക്കാനാകും. മലയാള സിനിമയിൽ സംവിധായകരായി മാറിയ അഭിനേതാക്കൾ വിരളമാണെന്നിരിക്കെ അവരുടെ മുൻനിരയിലാണ് മധുവിന്റെ സ്ഥാനമെന്നു കാണാം.

## ബാലനിലെ സാമൂഹിക ജീവിതം

മലയാളം സംസാരിച്ച ആദ്യ ചിത്രം *ബാലൻ* പ്രദർശനത്തിനെത്തിയത് 1938



ബാലൻ

ലായിരുന്നു. മോഡേൺ തിയറ്റേഴ്സിന്റെ (സേലം) ബാനറിൽ ടി.ആർ. സുന്ദരം നിർമിച്ച് എസ്. നൊട്ടാണി സംവിധാനം ചെയ്ത *ബാലന്റെ* കഥയും സംഭാഷണവും ഗാനങ്ങളുമെഴുതിയത് മുതുകുളം രാഘവൻപിള്ളയാണ്. കെ.കെ. അരൂർ നായകനും എം.കെ. കമലം നായികയുമായ *ബാലനിൽ* ആലപ്പി വിൻസന്റാണ് വില്ലൻ വേഷമണിഞ്ഞത്. കേരളത്തിന്റെ ജീവിതാന്തരീക്ഷവും സംസ്കാരവുമാണ് ബാലന്റെ ഇതിവൃത്തം. പിന്നീട് നിരവധി ചിത്രങ്ങൾക്ക് തിരക്കഥയും സംഭാഷണവുമെഴുതി ഹാസ്യകഥാപാത്രങ്ങളെ അവതരിപ്പിച്ച മുതുകുളം രാഘവൻ പിള്ളയുടെ ആദ്യ വിജയം ബാലനിലൂടെയായിരുന്നു. അക്കാലത്ത് ഏറ്റവും തിരക്കുള്ള-സ്റ്റാർ വാല്യുവുള്ള തിരക്കഥാകൃത്തും ഹാസ്യനടനുമായിരുന്നു മുതുകുളം.

രണ്ടാനമ്മയുടെ ക്രൂരത തെളിയുന്ന പടമാണ് *ബാലൻ*. 'പത്തമ്മ ചമഞ്ഞാലും പെറ്റമ്മയ്ക്കൊക്കില്ല' എന്ന ചൊല്ല് അന്വർഥമാക്കുന്നതാണ് ചിത്രം. മാതാപിതാക്കൾ മരിച്ച ബാലനും സരസയും സഹോദരീസഹോദരന്മാരും കണക്കറ്റ സ്വത്തിന്റെ അവകാശികളുമാണ്. മീനാക്ഷിയെന്ന രണ്ടാനമ്മയുടെ പീഡനങ്ങൾ കാരണം ബാലനും സരസയും വീട്ടിൽ നിന്ന് ഓടിപ്പോകുന്നു. ഒരു ചട്ടമ്പിയുടെ വലയിലകപ്പെടുന്ന അവർ അയാൾക്കൊപ്പം അലയുവാൻ നിർബന്ധിതരാകുന്നു. പിന്നീട് ഒരു ബംഗ്ലാവിൽ ജോലിക്കാരായി മാറുന്നു. എസ്റ്റേറ്റ് ഉടമയ്ക്ക് അവരോട് അനുകമ്പ തോന്നുന്നു. വക്കീലായ അദ്ദേഹം അവർക്കുവേണ്ടി കോടതിയിൽ കേസു വാദിക്കുന്നു. മീനാക്ഷി കോടതിയിൽ വാദം നടത്തുന്നതിനിടയിൽ വക്കീലിനെ വെടിവെക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും അതിന് ഇരയായത് ബാലനാണ്. പിന്നീട് സ്വത്തിന് അവകാശിയായ സരസ വക്കീൽ മേനോനെ കല്യാണം കഴിക്കുന്ന ശുഭപര്യവസായിയായ അന്ത്യമാണ് മുതുകുളം ബാലനു വേണ്ടി ഒരുക്കിയത്. വിധിയുടെ വിളയാട്ടത്തിനുശേഷമാണെങ്കിലും!

അസ്വാഭാവികതയും അതിശയോക്തിയുമെല്ലാമുണ്ടെങ്കിലും ചിലതലങ്ങളിൽ സാമൂഹികജീവിതപരിസരം തെളിയുന്നുണ്ട് ബാലനിൽ. കൂടാതെ പലായനത്തിനിടയിൽ ബാലനും സരസയും അഭിമുഖീകരിക്കേണ്ടിവരുന്ന പ്രശ്നങ്ങളും വേദനയും യാഥാർഥ്യത്തോട് ബന്ധം പുലർത്തുന്നതുമാണ്. അങ്ങനെ രണ്ടു തലങ്ങളിൽ നീങ്ങുന്ന കഥയാണ് ബാലന്റേത്. ബാലൻ തുറന്ന വഴിയിലൂടെയാണ് ഏറെക്കാലം മലയാളസിനിമ സഞ്ചരിച്ചതെന്നു പറയാം. എഴുപത്തഞ്ചു വർഷത്തെ മലയാളസിനിമാചരിത്രം പരിശോധിക്കുമ്പോൾ കച്ചവട സിനിമയിൽപ്പോലും ജീവിതയാഥാർഥ്യങ്ങളും സത്യങ്ങളും തെളിയുന്നത് മലയാളസിനിമയുടെ സവിശേഷതയായി കാണാം.

**അൻപതുകളിലും അറുപതുകളിലും മലയാള സിനിമയിലെ ഒഴിച്ചുകൂടാനാവാത്ത സാന്നിധ്യമായിരുന്നു എസ്.പി. പിള്ള. ജീവിത നൗക, വനമാല, യാചകൻ (1951), വിശപ്പിന്റെ വിളി (1952), അവകാശികൾ (1953), കണ്ടംബെച്ച കോട്ട് (1961), ഓടയിൽ നിന്ന്, ചെമ്മീൻ (1965), ആരോമലുണ്ണി (1971), നിർമാല്യം (1973) എന്നിങ്ങനെയാണ് പ്രധാന ചിത്രങ്ങൾ.**




വിഗതകുമാരൻ

## ആദ്യത്തെ സൂപ്പർ താരം

മലയാള സിനിമയിലെ ആദ്യ വൻതാരം - താരങ്ങളുടെ താരം ആരായിരുന്നുവെന്ന ചോദ്യത്തിന് ഒരു മറുപടി മാത്രം - എസ്. പി. പിള്ള. മലയാളത്തിൽ ആദ്യമായി ആറ് പടങ്ങളിൽ അഭിനയിച്ച നടനുംഎസ്.പി. തന്നെ. എസ്.പി. പിള്ളയുടെ ജന്മശതാബ്ദിയാണ് ഈ വർഷം. ശങ്കരൻ പിള്ളയെന്ന പൊലീസുകാരന്റെ പുത്രനായി ഹരിപ്പാട്ടിനടുത്ത മുട്ടമെന്ന ഗ്രാമത്തിലാണ് 1913ൽ എസ്. പങ്കജാക്ഷൻ പിള്ള ജനിച്ചത്.

ആദ്യം നാടകരംഗത്ത് കഴിവു തെളിയിച്ചശേഷമാണ് എസ്.പി. പിള്ള സിനിമയിലെത്തിയത്. അൻപതുകളിലും അറുപതുകളിലും മലയാള സിനിമയിലെ ഒഴിച്ചുകൂടാനാവാത്ത സാന്നിധ്യമായിരുന്ന എസ്. പി. പിള്ള. *ജീവിത നൗക, വനമാല, യാചകൻ* (1951), *വിശപ്പിന്റെ വിളി* (1952), *അവകാശികൾ* (1953), *കണ്ടംബെച്ച കോട്ട്* (1961), *ഓടയിൽ നിന്ന്, ചെമ്മീൻ* (1965), *ആരോമലുണ്ണി* (1971), *നിർമാല്യം* (1973) എന്നിങ്ങനെയാണ് പ്രധാന ചിത്രങ്ങൾ.

മലയാള സിനിമ വജ്ര ജൂബിലി ആഘോഷിക്കുമ്പോഴും ആദ്യ സൂപ്പർ സ്റ്റാറിന്റെ ജന്മശതാബ്ദി അറിയപ്പെടാതെ, ആഘോഷിക്കപ്പെടാതെ കടന്നു പോകുകയാണ്. കാക്കത്തൊള്ളായിരം സംഘടനകൾ ശ്രദ്ധിക്കുന്നുണ്ടോ? ■



അരപ്പവൻ : ജി.കെ. പിള്ള, എസ്.പി.പിള്ള, അംബിക

■ ഡോ. എഴുമറ്റൂർ രാജരാജവർമ

**കേരളത്തിലെ ആധുനിക രാഷ്ട്രീയപ്രക്ഷോഭണ ചരിത്രത്തിന്റെ ആരംഭമായി കണക്കാക്കുന്ന മലയാളി മെമ്മോറിയലിന് 2014 ജനുവരി ഒന്നിന് 123 വയസ്സാകും.**

# മലയാളി സ്വത്വത്തിന്റെ ആദ്യപ്രക്ഷോഭം

തിരുവിതാംകൂർ സർവീസിൽ വിദേശ ബ്രാഹ്മണർക്ക് വർധിച്ച പ്രാധാന്യം നൽകുന്നതിൽ പ്രതിഷേധിച്ചും നാട്ടുകാർക്ക് വേണ്ടത്ര പ്രാധാന്യം ലഭിക്കണമെന്ന് ആവശ്യപെട്ടും ശ്രീമൂലം തിരുനാൾ മഹാരാജാവിന് 1891 ജനുവരി ഒന്നിന് നാട്ടുകാർ സമർപ്പിച്ച ഭീമഹർജിയാണ്, 'തിരുവിതാംകൂർ മെമ്മോറിയൽ' അഥവാ 'മലയാളി മെമ്മോറിയൽ'. 'വിവിധ മതവർഗ വ്യാപാരസ്ഥരായ പ്രധാനികളും വിദ്വജ്ജനങ്ങളും കാര്യസ്ഥരും' ആയ 10,078 പേർ ഒപ്പിട്ട ഈ നിർവേദനത്തിലെ ഒന്നാം പേരുകാരൻ, അന്ന് മദ്രാസ് ഹൈക്കോടതി വക്കീലായിരുന്ന കെ.പി. ശങ്കരമേനോൻ ആണ്. പ്രസിദ്ധ നോവലി



തിരുവിതാംകൂർ മഹാരാജാവിന്റെ ദർബാർ (1900)

സ്റ്റായ സി.വി. രാമൻപിള്ളയും ബാരിസ്റ്റർജി. പരമേശ്വരപിള്ളയും (ജി.പി.), സി. കൃഷ്ണപിള്ളയും ആണ് മലയാളി മെമ്മോറിയലിന്റെ അണിയറശിൽപ്പികൾ.

## ചരിത്രപശ്ചാത്തലം

കന്യാകുമാരി മുതൽ വടക്കൻ പറവൂർ വരെ വ്യാപിച്ചിരുന്ന രാജ്യമാണ് തിരുവിതാംകൂർ. ഭരണരംഗത്ത് വിദേശീയരായ ആളുകളുടെ അംഗസംഖ്യ നാൾക്കുനാൾ വർധിക്കുകയും തദ്ദേശീയരും വിദ്യാസമ്പന്നരുമായ ആളുകൾ ജോലിയില്ലാതെ വലയുകയും ചെയ്യുന്ന സ്ഥിതിവിശേഷം ജനങ്ങളിൽ രോഷവും പ്രതിഷേധവും വർധിപ്പിച്ചുകൊണ്ടിരുന്നു. പരദേശികളായ ദിവാന്മാരുടെ രാജ്യസ്നേഹരാഹിത്യവും കെടുകാര്യസ്ഥതയും അഴിമതിയും ധൂർത്തും രാജ്യത്തിന്റെ സമ്പത്തിനെയും അന്തസ്സിനെയും തളർത്തിക്കൊണ്ടിരിക്കുന്നതും ജനങ്ങളിൽ മുമ്പില്ലാത്ത അസംതൃപ്തിയും അസ്വസ്ഥതയും വളർത്തി ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ കീഴിൽ ദിവാൻ രാമറാവു ഭരിക്കുന്ന കാലം. അന്ന് ആകെക്കൂടി സംസ്ഥാനത്ത് 16,167 ഉദ്യോഗങ്ങളുണ്ടായിരുന്നു. ഇതിൽ 13,000 ഉദ്യോഗങ്ങൾ ഒന്നോ രണ്ടോ അഞ്ചോ പത്തോ രൂപയ്ക്കുള്ളതായിരുന്നു. അക്കാലത്തെ സർക്കാർ പഞ്ചാംഗത്തിൽ പ്രസിദ്ധപ്പെടുത്തിയതനുസരിച്ച് 10 രൂപയോ അതിൽക്കൂടുതലോ ഉള്ള ഉദ്യോഗങ്ങളിൽ 0.11 ശതമാനം മലയാളികൾക്കും ജനസംഖ്യയിൽ പത്തിലൊന്നുമാത്രം വരുന്ന വിദേശ ബ്രാഹ്മണർക്ക് 0.45 ശതമാനവും നീക്കിവച്ചിരുന്നു. മൊത്തം ജനസംഖ്യയുടെ 1/6 വരുന്ന ഈഴവർക്ക് സംസ്ഥാനത്തുള്ള ഒരു ഉദ്യോഗവും നൽകിയിരുന്നില്ല. അഞ്ഞൂറു രൂപയ്ക്ക് മുകളിൽ ശമ്പളം വാങ്ങുന്ന ഒരാളോ അഞ്ഞൂറു രൂപ വാങ്ങുന്ന രണ്ടുപേരോ മലയാളി ഹിന്ദുക്കളിൽ ഇല്ലായിരുന്നു. എന്നാൽ വിദേശ ബ്രാഹ്മണർക്ക് 500 രൂപ മുതൽ 2000 രൂപ വരെ ശമ്പളം നൽകി പ്രോത്സാഹിപ്പിക്കുന്ന നയമാണ് സർക്കാർ സ്വീകരിച്ചത്. കാനേഷുമാരി കണക്കനുസരിച്ച് 17,55,610 ഹിന്ദുക്കളും 4,98,542 ക്രിസ്ത്യാനികളും 1,46,909 മുഹമ്മദീയരും 97 ജൂതന്മാരും ഉൾപ്പെടെ ആകെ 24,01,158 പേരാണ് തിരുവിതാംകൂറിലുണ്ടായിരുന്നത്.



## പ്രതിഷേധത്തിന്റെ തുടക്കം

“മദ്രാസ് ഗവർണറായിരുന്ന കണ്ണിമേറാ പ്രഭു 1807 ൽ തിരുവിതാംകൂർ സന്ദർശിച്ചപ്പോൾ യൂണിവേഴ്സിറ്റി (മഹാരാജാസ്) കോളേജ് വിദ്യാർഥിയും എഴുത്തുകാരനുമായിരുന്ന ജി. പരമേശ്വരൻപിള്ള ഗവർണർക്ക് ഒരു തുറന്ന കത്തെഴുതുകയുണ്ടായി. കഴിഞ്ഞ ഏതാനും കൊല്ലങ്ങളായി തിരുവിതാംകൂർ ഭരണം നീചത്വത്തിൽ നിന്നും പരമനീചത്വത്തിലേക്ക് മാറിക്കൊണ്ടിരിക്കുന്നു എന്നും നാൾ ചെല്ലുന്തോറും ജനങ്ങളുടെ മേൽ അടിച്ചമർത്തലിന്റെ നുകം വെച്ചുകെട്ടിക്കൊണ്ടുവരുന്നുവെന്നും അതിനാൽ നിലവിലുള്ള ഭരണകൂടത്തോട് നാടെങ്ങും വ്യാപിച്ചിട്ടുള്ള നീരസബുദ്ധി വളർന്നു വലുതാകുന്നുവെന്നും ജി.പി. ഈ കത്തിലൂടെ ഗവർണറെ ബോധിപ്പിച്ചു. ഇതിനെത്തുടർന്ന് ജി.പിയെ കോളേജിൽ നിന്നും പുറത്താക്കുകയാണ് ചെയ്തത്. മദിരാശിയിൽ ജി.പി. വിദ്യാഭ്യാസം തുടർന്നു. സർക്കാർ ഉദ്യോഗസ്ഥനായിരുന്ന സി.വി. രാമൻപിള്ള ആറു മാസത്തെ അവധിയിൽ മദിരാശിയിൽ എത്തുകയും ജി.പിയുമായുള്ള കൂടിക്കാഴ്ചകളിലൂടെ, തിരുവിതാംകൂറിലെ വിദേശമന്ത്രിമാരുടെ ദുർഭരണത്തിനെതിരെ ബഹുജനപ്രക്ഷോഭം സംഘടിപ്പിക്കുന്നതിനെപ്പറ്റി ആലോചിക്കുകയും ചെയ്തു. ‘മതവർഗഭേദം കൂടാതെ കേവലം രാഷ്ട്രീയമായിട്ടുള്ള ഒരു പ്രക്ഷോഭണമായിരിക്കണം അതെന്നും ആദ്യന്തം അത് സംസ്ഥാന പൗരാവലിയുടേതായി നയിക്കേണ്ടതാണെന്നുമുള്ള തീരുമാനത്തിൽ അവർ എത്തിച്ചേർന്നു.

> അക്കാലത്തെ സർക്കാർ പഞ്ചാംഗത്തിൽ പ്രസിദ്ധപ്പെടുത്തിയതനുസരിച്ച് 10 രൂപയോ അതിൽക്കൂടുതലോ ഉള്ള ഉദ്യോഗങ്ങളിൽ 0.11 ശതമാനം മലയാളികൾക്കും ജനസംഖ്യയിൽ പത്തിലൊന്നുമാത്രം വരുന്ന വിദേശ ബ്രാഹ്മണർക്ക് 0.45 ശതമാനവും നീക്കിവച്ചിരുന്നു. മൊത്തം ജനസംഖ്യയുടെ 1/6 വരുന്ന ഈഴവർക്ക് സംസ്ഥാനത്തുള്ള ഒരു ഉദ്യോഗവും നൽകിയിരുന്നില്ല.



ബാരിസ്റ്റർ ജി. പരമേശ്വരപിള്ള

അനന്തരം പ്രസ്തുത വിഷയത്തിലേക്ക് അന്ന് മദ്രാസിലെ അഭിഭാഷകപ്രമാണികളായ സർ ശങ്കരൻ നായർ, ഏർസിലി നാർട്ടൺ തുടങ്ങിയവരുടെ ശ്രദ്ധയാകർഷിക്കപ്പെട്ടു. സംഭാഷണങ്ങളുടെ സമാപനാവസ്ഥയിൽ രാജ്യവാസികൾ മഹാരാജാവുതിരുമനസ്സുസമക്ഷം ഒരു മെമ്മോറിയൽ മുഖാന്തിരം സങ്കടമറിയിച്ചാൽ മതിയെന്നും തീരുമാനിച്ചു. അതിൻപ്രകാരം ‘മലയാളി മെമ്മോറിയൽ’ എന്ന് ജനസാമാന്യം ഇന്നു പറഞ്ഞുപോരുന്ന ട്രാവൻകൂർ മെമ്മോറിയൽ എന്ന ജനകീയ പ്രമാണത്തിന്റെ കരടുപ്രതി തയാറാക്കി. മെമ്മോറിയലിന്റെ വക്താവായി, അപ്പോൾ മദ്രാസിൽ വ്യവഹരിച്ചിരുന്ന അഭിഭാഷകൻ കെ.പി. ശങ്കരമേനോൻ നിശ്ചയിക്കപ്പെട്ടു. ഇത്രയും അണിയറയ്ക്കുള്ളിൽ നടന്ന കാര്യങ്ങളാകയാൽ ഗൂഢമായിത്തന്നെ

സൂക്ഷിക്കപ്പെട്ടു'' ('സാക്ഷാൽ സി.വി.' എൻ. ബാലകൃഷ്ണൻ നായർ).

വിദേശമന്ത്രിമാരുടെ തുടരെയുള്ള നിയമനത്തിലെ അനാശാസ്യതയെ അധികൃത കേന്ദ്രങ്ങളിൽ ധരിപ്പിക്കുന്നതിനായി (തിരുവനന്തപുരത്തുനിന്നും പ്രസിദ്ധപ്പെടുത്തുന്ന) 'മിതഭാഷിയിൽ' 1920 ൽ സി.വി. രാമൻപിള്ള എഴുതിയിരുന്ന 'വിദേശീയ മേധാവിത്വം' എന്ന മുഖപ്രസംഗപരമ്പരയിലെ ദുർഭരണ വിചാരണയുടെ സ്വാഭാവിക വികാസപരിണതിയാണ് 'മലയാളി മെമ്മോറിയൽ' എന്നുപറയാം. 'മാധവരായർ മുതൽ കൃഷ്ണൻ നായർ വരെയുള്ള വിദേശ മന്ത്രിമാർക്ക് തങ്ങളുടെ ഭരണം കൊണ്ട് നാട്ടുകാരായ ഒരു മന്ത്രി പരമ്പരയെ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടില്ലാത്തതു തന്നെ അവർ സ്വാർഥവൃത്തികളാണെന്നു തെളിയിക്കുന്നതാണെന്നും സ്വദേശങ്ങളിൽ ജഡ്കയും വെല്ലൂർ ശകടവും വെച്ച് സഞ്ചാരം ചെയ്തിരുന്ന ആളുകൾ ആരുവാമൊഴിയോ ചെങ്കോട്ടയോ കടന്ന് ഇങ്ങോട്ടു പ്രവേശിച്ച് രാജസ്വമായ അലങ്കാരവാഹനം കാണുമ്പോൾ അവർ രഥാരൂഢദേവന്മാരാകും. അനുഗ്രഹദാതാക്കളായ നിർജരന്മാരായും പ്രജകൾ കേവലം കഷ്ടതകൾ സഹിച്ചു വർത്തിക്കേണ്ട നരലോകമായും അഹങ്കരിച്ചുകളയുന്നു', എന്നും സി.വി. 'വിദേശീയ മേധാവിത്വ'ത്തിൽ പറയുന്നുണ്ട്. അവനവന്റെ നാട് അവനവൻ ഭരിക്കണം. ഇതായിരുന്നു സി.വി. രാമൻപിള്ള തന്റെ കൃതികളിലൂടെയും കർമങ്ങളിലൂടെയും പ്രഖ്യാപിച്ച രാഷ്ട്രീയാശയം.

## നിവേദനം

മലയാളി മെമ്മോറിയലിലെ സങ്കടസംഗ്രഹം ഇപ്രകാരമായിരുന്നു. *"തിരുവിതാംകൂറിലുള്ള തിരുമനസ്സിലെ പ്രജകളിൽ പ്രധാന ഖണ്ഡങ്ങളെ ബാധിക്കുന്നതും തിരുമുമ്പിൽ ഉണർത്തിക്കാൻ അടിയങ്ങൾ അനുമതി പ്രാർഥിച്ചുകൊള്ളുന്നതുമായ അപനയത്തിൽ രാജ്യത്തിന്റെ ഭരണത്തിൽ അടിയങ്ങൾക്ക് ശരിയായ ഒരംശം തരാതെയും ഉയർന്നതരം ഉദ്യോഗങ്ങളിലേക്കുള്ള പ്രവേശനദ്വാരം അടിയങ്ങളെ സംബന്ധിച്ചിടത്തോളം വ്യവസ്ഥാനുസാരമെന്നപോലെ ബന്ധിക്കപ്പെട്ടിരിക്കുന്നതായും കഴിയുന്നു. സങ്കടക്കാരുടെ അവസാന പ്രാർഥനയും ജനതാവകാശത്തെ സംബന്ധിച്ചുള്ള സമസ്തരാജ്യങ്ങളിലെ നയവും നിയമവും അനുസരിച്ച് തുല്യാനുസൃതമായുള്ള ഒന്നായിരുന്നു. ഭൂതകാലത്തിൽ അനുഷ്ഠിതമായിട്ടുള്ള ദ്രോഹത്തെ പരിഹരിക്കാനുള്ള കാലം അതീതമായിരിക്കുന്നു എങ്കിലും ഉണർത്തിച്ചപോലുള്ള ദുർനയപ്രകടനങ്ങൾ മേലിലും സംഭവിക്കാതെ പ്രതിരോധിക്കുന്ന വ്യവസ്ഥകൾ ചെയ്യുന്നതിന് അടിയങ്ങൾ പ്രാർഥിച്ചുകൊള്ളുന്നു.*



സി.വി. രാമൻപിള്ള

*അടിയങ്ങൾ തൃപ്പാദത്തിൽ സമർപ്പിക്കുന്നതിൻവണ്ണമുള്ള ഏർപ്പാട് ഇപ്പോഴത്തേതിലും അധികമായി തിരുമനസ്സിലെ പ്രജകൾക്കുതന്നെ തൃപ്പാദം സേവിപ്പാൻ സംഗതിവരുത്തുകയും ഉദ്യോഗവിതരണത്തിന്റെ ദാക്ഷിണ്യ പ്രശ്നങ്ങളുണ്ടെന്നുള്ള ദുഷ്കീർത്തിയെ ദൂരീകരിക്കുകയും ചെയ്തു കൂടാതെ അന്തരകാലത്തെ ഭരണാധിപന്മാർ വിദേശീയരെക്കാൾ നാട്ടുകാർക്ക് അനുകൂലദാനം ചെയ്യുവാൻ നിർബന്ധിതരായിത്തീരുകയും ചെയ്യുന്നതാണ്. ഇങ്ങനെ ഒരു നിയമം സൃഷ്ടിക്കുകയും അടുത്തകാലം തന്നെ ഊർജിത പ്രാബല്യത്തിൽ വരുത്തുകയും ചെയ്യാൻ തിരുവുള്ളമുണ്ടായാൽ മാത്രം തിരുമനസ്സിലെ പ്രജകൾ ആസന്നമാകുന്ന വിപത്തിലും ക്ഷയത്തിലും നിന്ന് രക്ഷപെടുകയും ദൂരഭാവിയിലെങ്കിലും അവർക്ക് തങ്ങളുടെ ജന്മഭൂമിയിൽ പൂർവകാലങ്ങളിലുണ്ടായിരുന്ന സ്ഥാനവും ലബ്ധിയും പുനർലബ്ധമാവുകയും ചെയ്യുന്നതാണെന്നും തിരുമനസ്സ് അറിയിച്ചുകൊള്ളുന്നു"* (വിദേശീയമേധാവിത്വം – സി.വി. രാമൻപിള്ള)

മലയാളി സഭയുടെ ആഭിമുഖ്യത്തിലും കെ.പി. ശങ്കരമേനോന്റെ നേതൃത്വത്തിലും പറവൂർ, കോട്ടയം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നിങ്ങനെ രാജ്യത്തെ പ്രധാന കേന്ദ്രങ്ങളിലെല്ലാം പൊതുയോഗങ്ങൾ വിളിച്ചു ചേർക്കുകയും കാര്യപരിപാടി വിശദീകരിക്കുകയും ഒപ്പുകൾ ശേഖരിക്കുകയും ചെയ്തു. എൻ. രാമൻപിള്ള, എം.കെ. പത്മനാഭപിള്ള, ശിവൻപിള്ള തുടങ്ങിയവർ ഇതിൽ പ്രമുഖ പങ്കുവഹിച്ചു. മലയാളി മെമ്മോറിയലിലെ ന്യായമായ ആവശ്യത്തെ പിൻതാങ്ങിക്കൊണ്ട് മദ്രാസ് മെയിൽ, മദ്രാസ് ടൈംസ്, ഹിന്ദു, മദ്രാസ് സ്റ്റാൻഡേർഡ്, കൽക്കട്ട സ്റ്റേറ്റ്സ്മാൻ, മോർണിങ് പോസ്റ്റ്, പഞ്ചാബ് പേട്രിയട്ട്, ഇംഗ്ലീഷ് മാൻ തുടങ്ങിയ പത്രങ്ങളും എഴുതി. എന്നാൽ മലയാളി മെമ്മോറിയലിലെ വാദങ്ങളെ ഖണ്ഡിച്ചുകൊണ്ട് ബ്രാഹ്മണരുടേതായി ഒരു ബദൽ മെമ്മോറിയൽ രാജാവിന് സമർപ്പിക്കപ്പെട്ടു. 1895–96 കാലത്ത്, ഈഴവരുടെ വിദ്യാഭ്യാസപരമായ ആവശ്യങ്ങൾ അംഗീകരിച്ചുകിട്ടുന്നതിനായി ഡോ. പൽപ്പുവിന്റെ നേതൃത്വത്തിൽ ഒരു ഈഴവ മെമ്മോറിയലും രാജാവിന് സമർപ്പിക്കുകയുണ്ടായി.

തുടക്കത്തിൽ പറഞ്ഞതുപോലെ, ആധുനിക രാഷ്ട്രീയ പ്രക്ഷോഭണചരിത്രം തുടങ്ങുന്നത് മലയാളി മെമ്മോറിയലിൽ നിന്നാണ്. 1920 ൽ പോലും ഇന്ത്യൻ നാഷണൽ കോൺഗ്രസിന് ഉത്തരവാദഭരണം ലക്ഷ്യമായിരുന്നില്ലെന്നറിയുമ്പോഴാണ് മലയാളി മെമ്മോറിയലിന്റെ പിന്നിലുള്ള ഉദ്ദേശ്യശുദ്ധിയും ദീർഘവീക്ഷണവും കൂടുതൽ വ്യക്തമാകുന്നത്. മെമ്മോറിയൽ സമർപ്പണം കൊണ്ട് ഏതാനും ഉദ്യോഗങ്ങൾ നാട്ടുകാർക്ക് ലഭിച്ചു എന്നതിനപ്പുറം ജനങ്ങളുടെ പ്രാർഥനയ്ക്കനുസരിച്ച് അത് വിജയകരമായില്ലെങ്കിലും ദേശസ്നേഹം വളർത്താനും 40 വർഷം കഴിഞ്ഞുണ്ടായ നിവർത്തന പ്രസ്ഥാനത്തിനും മറ്റും വിത്തുപാകാനും മലയാളി മെമ്മോറിയലിനു കഴിഞ്ഞുവെന്നത് വാസ്തവമാണ്. ■



സെക്രട്ടേറിയറ്റ് – നൂറ്റാണ്ടുമുമ്പുള്ള ചിത്രം

■ പി.പി. നാരായണൻ

# ഒപ്പിന്റെ ഭാഷ

**ഒപ്പിന്റെ ഭാഷ 'ഒപ്പാണ്'. അത് ഇംഗ്ലീഷോ, മലയാളമോ, മറ്റേതെങ്കിലും ലിഖിതഭാഷയോ അല്ല.**

ഒപ്പിന് ഭാഷ ഉണ്ടോ? ഉണ്ടെങ്കിൽ അത് എന്തു ഭാഷയാണ്?

ഇതിന് ഉത്തരം കണ്ടെത്തേണ്ടത് നിയമപരമായ ഒരാവശ്യമായിരിക്കുന്നു.

കോട്ടയം വില്ലേജിലെ, തെങ്ങണ സബ്രജിസ്ട്രാർ ഓഫീസിൽ അരങ്ങേറിയ ഒരു സംഭവം, പൊതുജനങ്ങൾക്കും ഉദ്യോഗസ്ഥർക്കും അവരവർ രേഖപ്പെടുത്തിപ്പോരുന്ന ഒപ്പിനെക്കുറിച്ച് പറയത്തക്ക ധാരണ ഇല്ലെന്ന് വ്യക്തമാകുന്നു.

2013 സെപ്റ്റംബർ 26 ന് മലയാളമനോരമയിൽ പ്രത്യക്ഷപ്പെട്ട വാർത്തയാണ് ഈ കുറിപ്പിനാധാരം.

വാകത്താനം രാജഗോപാൽ എന്ന ആളിന്റെ മകളുടെ വിവാഹം, തെങ്ങണ സബ്രജിസ്ട്രാർ ഓഫീസിൽ വെച്ചാണ് നടന്നത്. വിവാഹത്തിനു സാക്ഷിയായി ഒപ്പിടാൻ കടന്നുവന്ന കവി കുരീപ്പുഴ ശ്രീകുമാർ, താൻ മലയാളത്തിലാണ് ഒപ്പിടുന്നതെന്ന് രജിസ്ട്രാറെ അറിയിച്ചു. മലയാളത്തിൽ ഒപ്പിടാൻ പാടില്ലെന്ന് രജിസ്ട്രാർ അറിയിക്കുകയും കുരീപ്പുഴ പിൻവാങ്ങുകയും ചെയ്തു.

ഒപ്പിനെ സംബന്ധിച്ച അവബോധവും ധാരണയും പൊതുജനങ്ങൾക്കും ഉദ്യോഗസ്ഥർക്കും വേണ്ടത്ര ഇല്ലെന്നാണ് ഈ സംഭവം തെളിയിക്കുന്നത്. അതുകൊണ്ടാണ് ഒപ്പിന് ഭാഷയുണ്ടോ എന്ന അന്വേഷണത്തിൽ ചെന്നെത്തിയത്.

ശരീരത്തിനു ലിപിയുള്ള ഒരു ഭാഷ ഉണ്ടോ? ഈ ചോദ്യം ഉന്നയിച്ചേ, ഒപ്പിന്റെ ഭാഷ വ്യക്തമാക്കാൻ സാധിക്കൂ എന്നുകരുതുന്നു. അങ്ങനെയെങ്കിൽ, ശരീരഭാഷയുടെ ലിപികളും അക്ഷരങ്ങളും എന്താണ്? ശരീരഭാഷയ്ക്ക് ലിഖിത സംസാരഭാഷയുടേതുപോലെ അക്ഷരങ്ങൾ ആവശ്യമില്ലെന്നതാണ് സത്യം. അത് വ്യത്യസ്തങ്ങളായ തരത്തിൽ, ആകൃതിയും ചലനവും ഭാവവും തുടങ്ങി പലതിൽനിന്നും മനസ്സിലാക്കുന്നതാണ്. എന്നാൽ അങ്ങനെയല്ല ഒപ്പ്. ശരീരത്തിന്റെ ഭാഷ, ദൃശ്യശരീരമായതുപോലെ, ഒപ്പിനും ഒരു ദൃശ്യഭാഷകൂടിയേ തീരൂ. ഒപ്പിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെടുന്നത് എന്താണോ അതുതന്നെയാണ് അതിന്റെ ഭാഷയും.

ഒപ്പിൽ ഭാഷാപ്രശ്നം ആരോപിക്കപ്പെട്ടത്, പേരെഴുതി അതിനെ ഒപ്പെന്ന് സങ്കൽപ്പിക്കാൻ തുടങ്ങിയകാലം മുതലാണെന്നു കരുതാം. വിദ്യാലയത്തിൽ തന്റെ പേര് ഇംഗ്ലീഷ് അക്ഷരത്തിൽ എഴുതി ഒപ്പായി രൂപപ്പെടുത്തിയ നാൾമുതൽ, ഒപ്പിന്റെ ഭാഷ ഇംഗ്ലീഷാണെന്ന്, ഒരു ധാരണ കടന്നുവന്നു. അങ്ങനെ ഒപ്പിന് ഇംഗ്ലീഷ് ഭാഷയിലെ അക്ഷരങ്ങളുടെ രൂപം സ്വന്തമായി. വർഷങ്ങളായി നമ്മൾ അത് അംഗീകരിച്ചുപോരുന്നു.

മുൻകാലങ്ങളിൽ അനഭ്യസ്തവിദ്യരായ ആളുകൾ രേഖപ്പെടുത്തിയിട്ടുള്ള ഒപ്പുകൾ പരിശോധിച്ചാൽ ഒപ്പിലെ ഭാഷാപ്രശ്നം വ്യക്തമാകുന്നതാണ്. ഒപ്പുകൾക്ക് മതവും ഭാഷയുമായി ബന്ധമുണ്ടായിരുന്നതായി കാണാം. ക്രിസ്ത്യാനികൾ തങ്ങളുടെ ഒപ്പ് കുരിശടയാളത്തിനു ചുറ്റും ഒരു വട്ടം വരച്ച് (⊕) രേഖപ്പെടുത്തിയിരുന്നതായി പ്രമാണങ്ങളിൽ കാണാം. ഹിന്ദുക്കളാകട്ടെ, 'ശ്രീ' എന്നതിന് ചുറ്റിക്കെട്ടുകൂടി നൽകി ഒപ്പാക്കിയിരുന്നതായി കാണാം. മലയാളത്തിലെ 'ച' ചുറ്റിക്കെട്ടിയും '୦'യ്ക്കടിയിൽ വരയിട്ടും ഒപ്പിട്ടിരുന്നതായി പഴയരേഖകളിൽ കാണാൻ സാധിക്കും. ഇങ്ങനെ മതബിംബങ്ങൾ, ഭാഷയിലെ അക്ഷരങ്ങൾ എന്നിവയിൽ രൂപപ്പെടുത്തിയ വിവിധതരം ഒപ്പുകളുണ്ടായിരുന്നു എന്ന വസ്തുത വിസ്മരിക്കാവുന്നതല്ല. അത് അക്ഷരമായല്ല മറിച്ച് ഒപ്പായാണ് സങ്കൽപ്പിച്ചിരുന്നത്. ഇതു തലമുറകളിൽ നിന്നു പകർന്നുകിട്ടിയതാണ്. ഇവിടെയാണ് ഒപ്പ് മലയാളത്തിലാണെന്നു പറഞ്ഞതിന്റെ അർഥശൂന്യത വ്യക്തമാകുന്നത്.

ഒപ്പിന് ഭാഷയില്ല. അത് ഏതുതരത്തിലും അടയാളപ്പെടുത്താം. ഒപ്പിന്റെ ഭാഷ 'ഒപ്പാണ്'. അത് ഇംഗ്ലീഷോ, മലയാളമോ, മറ്റേതെങ്കിലും ലിഖിതഭാഷയോ അല്ല. ഒപ്പിനെ ഭാഷയുമായി ബന്ധിപ്പിക്കാതിരിക്കുക. ഒപ്പിനു ഭാഷ ഇല്ലെന്നും അഥവാ ഉണ്ടെങ്കിൽ അത് 'ഒപ്പു ഭാഷ'യാണെന്നും തിരിച്ചറിയേണ്ടതാണ്. മറിച്ചുള്ളത് യുക്തിശൂന്യതയാണ്. ■

അപർണ മുരളീധരൻ

# മലബാറിന്റെ സ്വപ്നതീരം

നീണ്ടുകിടക്കുന്ന എട്ടുവരിപ്പാതപോലെ തീരം. കടൽക്കാറ്റിനെ തണുപ്പിച്ച് തിരിച്ചുവിട്ട് കാറ്റാടിമരക്കൂട്ടം. തെങ്ങിൻതോപ്പുകൾ നീളെവിരിച്ച തണലിൻതണുപ്പ്... ഇത് മുഴപ്പിലങ്ങാടെന്ന സ്വപ്നതീരം. കണ്ണൂരിന്റെ മനംമയക്കും കടൽക്കര...

ഏഷ്യയിലെ ഏറ്റവും വലിയ ഡ്രൈവ് ഇൻ ബീച്ചാണ് മുഴപ്പിലങ്ങാട്ടേത്. ഏഴു കിലോമീറ്റർ നീളവും 100 മീറ്റർ വീതിയുമുള്ള മണൽപ്പരപ്പ്. വേലിയിറക്ക സമയങ്ങളിൽ കടൽ ഉൾവലിയുമ്പോൾ 200 മീറ്റർവരെയാകും തീരവീതി. ശക്തിയിൽ ചവിട്ടിയാലും താഴ്ന്നുപോകാത്ത നനഞ്ഞ മണലിന്റെ പരവതാനിയിലൂടെ കാറുകളും വാനുകളും ബൈക്കുകളുമോടിച്ച് വെള്ളം തെറിപ്പിച്ച് രസിക്കുന്ന സഞ്ചാരികൾ...

തലശ്ശേരിയിൽ നിന്ന് കണ്ണൂരിലേ



**ഏഷ്യയിലെ ഏറ്റവും വലിയ ഡ്രൈവ് ഇൻ ബീച്ചാണ് മുഴപ്പിലങ്ങാട്ടേത്.**

ക്കുള്ള ദേശീയപാതയിൽ മുഴപ്പിലങ്ങാട് കുളം ബസാറിലെത്തുമ്പോൾ, ഇടത്തേക്കൊരു റോഡുണ്ട്. ഒരു കിലോമീറ്റർ പിഞ്ഞാറു മാറിയാൽ, 'റ' ആകൃതിയിൽ പരന്നുകിടക്കുന്ന, ഒരറ്റം മുതൽ മറ്റേയറ്റം വരെ കാണുന്ന, ലോകവിനോദസഞ്ചാരഭൂമിയിലിടം പിടിച്ച, ഹരിതഭംഗി കസവുകരയിട്ട പൂഴിപ്പരപ്പിലെത്താം...

നോക്കിയാൽ കാണാം, ഇളംതിരകൾക്ക്



**സാമൂഹികവിരുദ്ധരുടെ കടന്നുകയറ്റം നിയന്ത്രിക്കാൻ ബീച്ചിൽ സൗകര്യങ്ങളുണ്ട്. വാഹനങ്ങൾക്ക് ടോൾ ഏർപ്പെടുത്തി. ടോയ്‌ലറ്റ് സൗകര്യമൊരുക്കിയ നടപ്പാതയും നീണ്ടുകിടക്കുന്നു. രക്ഷാപ്രവർത്തനത്തിനായി ഗാർഡുമാരുണ്ട്.**

നടുവിൽ അല്പം കിഴക്കുമാറി, തെങ്ങുകളും വള്ളിപ്പടർപ്പുകളും നിറഞ്ഞ ധർമടം തുരുത്ത്. കാഴ്ചയുടെ വസന്തം. വേലിയിറക്കമായാലിറങ്ങാം, പച്ചപ്പിന്റെയീ കൊച്ചുക്കൂട്ടിലേക്ക്. ആഴമില്ലാക്കടൽയാത്രയിൽ, ചിലപ്പോൾ ഭാഗ്യമുണ്ടെങ്കിൽ ഡോൾഫിനുകളെ കാണാം. ചങ്ങാത്തം കൂടി കളിച്ചുരസിക്കാൻ വരുന്ന കടൽക്കുട്ടന്മാർ.

തുരുത്തിൽ പോകാൻ അംഗീകാരമുള്ള ബോട്ടുകളുണ്ട്, ജില്ലാ വിനോദസഞ്ചാരവികസന കൗൺസിൽ (ഡി.ടി.പി.സി.) നിർദേശിച്ച നിബന്ധനകൾ പാലിക്കുന്നവ. അതിരാവിലെയും കാറ്റില്ലാത്ത സമയത്തുമാണ് പോകുന്നതെങ്കിൽ ഡോൾഫിനുകൾ എന്തായാലും എത്തും. നാട്ടുകാർക്ക് ഈ തീരം നൽകുന്നത് നൂറുനാവ്.

മകരമാസത്തിലിവിടെ 'കാച്ചൻകാറ്റ്' വീശും. പൂഴിയെപ്പറത്തുന്ന കാറ്റ്. ചിലപ്പോൾ കാഴ്ച വിസ്മയവിണ്ണിലാണ്... സാഹസിക അക്കാദമിയുടെ ആകാശക്കാഴ്ചകൾ. പരാസെയിലിങ്...

'ഇനി ജലകേളികൂടി വരും. അതോടെ മുഴപ്പിലങ്ങാടിന്റെ മുഖം മാറും' – ഡി.ടി.പി.സി. ഡെപ്യൂട്ടി ഡയറക്ടർ ഭാസ്കരൻ പറയുന്നു.

അതെന്തായാലും തീരദേശറോഡ് വരുന്നതോടെ ബീച്ചിന്റെ മുഖം മാറുമെന്ന് തീർച്ച. ആയിക്കരയിൽ നിന്നാരംഭിച്ച് തയ്യിൽ വഴി കടലായി, തോട്ടട, കിഴുന്ന, ഏഴരക്കടപ്പുറം വഴി മുഴപ്പിലങ്ങാട്ടെത്തുന്ന റോഡ് സഞ്ചാരികളെ കണ്ണൂരിലെ പയ്യാമ്പലം തീരത്തുനിന്ന് മുഴപ്പിലങ്ങാട്ടെ തീരത്തേക്ക് ഓടിച്ചുകയറ്റുമെന്നുറപ്പ്.

കണ്ണൂരിൽ നിന്ന് മുഴപ്പിലങ്ങാട്ടെത്തൻ 18 കിലോമീറ്റർ സഞ്ചരിക്കണം. ഗതാഗതക്കുരുക്കിലിഴഞ്ഞ് മണിക്കൂറുകൾ നീണ്ട യാത്ര. "തീരദേശ റോഡ് വന്നാൽ ദൂരം അഞ്ചു കിലോമീറ്ററോളം കുറയും. കുരുക്കില്ലാതെ എളുപ്പത്തിലെത്താനുമാകും" – എടക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.വി. രവീന്ദ്രൻ പറയുന്നു.

സാമൂഹികവിരുദ്ധരുടെ കടന്നുകയറ്റം നിയന്ത്രിക്കാൻ ബിച്ചിൽ സൗകര്യങ്ങളുണ്ട്. വാഹനങ്ങൾക്ക് ടോൾ ഏർപ്പെടുത്തി. ടോയ്‌ലറ്റ് സൗകര്യമൊരുക്കിയ നടപ്പാതയും നീണ്ടുകിടക്കുന്നു. രക്ഷാപ്രവർത്തനത്തിനായി ഗാർഡുമാരുണ്ട്.

3.39 കോടി രൂപയുടെ പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. മുഴപ്പിലങ്ങാട് വില്ലേജ് ടൂറിസ്റ്റ് പ്രവൃത്തിക്കായി 91.81 ഹെക്ടർ ഭൂമിയും ഏറ്റെടുത്തു. വികസനപ്രവർത്തനം കഴിയുന്നതോടെ ബീച്ച് വിഭജിക്കും. ഒരു ഭാഗത്ത് വാഹനങ്ങൾക്കോടാം, അതിന് താത്പര്യമില്ലാത്തവർക്ക് കടലിൽ നീന്താം, തീരത്ത് വിശ്രമിക്കാം. ■



എം. ശ്രീനാഥൻ

വാക്കിന്റെ കേൾക്കാക്കഥകളിലേക്കൊരു സഞ്ചാരം

പദപാഠം

# എഴുത്ത്, എഴുത്തൻ, എഴുത്തച്ഛൻ


അക്ഷര'ത്തെ ഒഴിവാക്കി 'എഴുത്തി'നെക്കുറിച്ച് ചിന്തിക്കുക എളുപ്പമല്ല. എഴുത്തും വായനയും വശമുള്ള സാക്ഷരൻ മാത്രമല്ല അക്ഷരാഭ്യാസമില്ലാത്തവർ പോലും അക്ഷരനിഷ്ഠമാണെഴുത്തെന്ന് വിശ്വസിക്കുന്നു. അതിനാൽ, എഴുത്തിൽ നിന്ന് അക്ഷരത്തെയോ അക്ഷരചിന്തയിൽ നിന്ന് എഴുത്തിനെയോ മാറ്റിവെക്കാനാവില്ല. എങ്കിലും, സ്ഥലപരിമിതികൊണ്ട് തുടർ പംക്തികളിലൂടിവിടെ രണ്ടും അവതരിപ്പിക്കുകയാണ്. ഈ മാസത്തിലെ പദപാഠ വിഷയം 'എഴുത്തും' അടുത്തത് 'അക്ഷര'വുമാകാം.

മലയാളത്തിൽ 'എഴുത്ത്' ഒരു ഏകാർഥപദമല്ല; ബഹു അർഥപദമാണ്. ആയത്, ഭിന്ന അർഥങ്ങൾ സൂചിപ്പിക്കുന്ന വാക്കാണത്. എഴുത്തിന്റെ പൈതൃകമെന്ത്? അക്ഷരബന്ധമാണോ? അതോ എഴുത്തിനും അക്ഷരത്തിനും വ്യത്യസ്ത പൈതൃകങ്ങളുണ്ടോ? ഈ ചോദ്യങ്ങൾ മലയാളത്തെ സംബന്ധിച്ചിടത്തോളം പ്രസക്തമാണ്. പദപാഠത്തിലൂടെ എഴുത്തിനും അക്ഷരത്തിനും മറമാറ്റി പറയാനുള്ള കഥകളെന്തെന്ന് കേൾക്കാം.

മലയാളം ദ്രാവിഡ ഭാഷാകുലത്തിലെ അംഗമെന്ന നിലയിൽ, എഴുത്തിന്റെ പൈതൃകം ദ്രാവിഡമായിരിക്കുമെന്ന് വിശ്വസിക്കുക എളുപ്പമാണ്. അക്ഷരം ദ്രാവിഡ ജന്യമല്ലാതിരിക്കുമ്പോൾ അതിന്റെ പൈതൃകം ദ്രാവിഡമാകാനും ഇടയില്ല. യുക്തിയൊക്കെ കൊള്ളാം, പക്ഷെ, എഴുത്തിന്റെ പൈതൃകമാണോ എന്നുറപ്പിച്ചു ചോദിച്ചാൽ, 'അതേ' എന്ന നിസ്സംശയം ആരും പറയുകയുമില്ല. ആര്യദ്രാവിഡമെന്ന മിശ്രപൈതൃകമായിരിക്കും മലയാളത്തിനു കൂടുതൽ ചേരുകയെന്നു പറയാനും ശ്രമിക്കും. പൊന്തിനിൽക്കുന്ന ഇത്തരം അവ്യക്തതകൾക്കു പിന്നിൽ ഒഴിവാക്കലിന്റെ ഒരു പാരമ്പര്യം ഉള്ളടങ്ങുന്നുണ്ട്.

വസ്തുനിഷ്ഠതയാണ് ശാസ്ത്രീയമെന്നറിയുമ്പോഴും പൈതൃകചിന്തയിൽ വസ്തുനിഷ്ഠവിചാരണ ഒഴിവാക്കാറുണ്ട്. ഇഴപിരിച്ച് അടയാളപ്പെടുത്തുന്ന രീതിവിട്ട്, നാട്ടുനടപ്പ്, വിശ്വാസം എന്നിങ്ങനെ പറഞ്ഞൊഴിവാകുന്ന പ്രവണത നമുക്കിടയിൽ പ്രബലമായിട്ടുണ്ട്. അങ്ങനെ ചിലതൊക്കെ അവ്യക്തതയായി തുടരുകയും അവയുമായി സമരസപ്പെട്ട് നാം കാലം കഴിക്കുകയും പതിവാണ്. എഴുത്തിന്റെ പൈതൃകചിന്തയിലും ഈ ഒഴിവാക്കൽ നയം തുടരുന്നുണ്ട്. അക്ഷരബാഹ്യമായ എഴുത്തിന്റെ ദ്രാവിഡ പൈതൃകത്തിനുമേൽ അക്ഷരനിഷ്ഠമായ എഴുത്തിന്റെ ആര്യപൈതൃകത്തെ എഴുന്നെള്ളിച്ചിരുത്തുന്നതുകൊണ്ടാണ്.

എഴുതുകയിൽ നിന്നാണെഴുത്തെന്ന് നമുക്കറിയാം. എഴുത്തെന്ന ദ്രാവിഡ ക്രിയയാകട്ടെ, തുടക്കത്തിൽ ഭാഷാത്മകമായിരുന്നില്ല. അക്ഷരബാഹ്യമായിരുന്നു. ദ്രാവിഡ സംസ്കൃതിയിൽ ലിപിരൂപം കൊള്ളുന്നതിനു മുമ്പേ എഴുത്തുണ്ടായിരുന്നു. കണ്ണിൽ മഷി ചാർത്തുക, ചിത്രം വരയ്ക്കുക എന്നീ ക്രിയകളെയാണ് എഴുത്തായി വിശേഷിപ്പിച്ചിരുന്ന്. കണ്ണെഴുത്ത്, കളമെഴുത്ത്, കോലമെഴുത്ത്, മുഖത്തെഴുത്ത്, ചിത്രമെഴുത്ത് എന്നിങ്ങനെ വൈവിധ്യമാർന്ന ഹസ്തകല



കളുണ്ടായിരുന്നു. ഇവയെല്ലാം കൈയെഴുത്തായിരുന്നു. ചിത്രമെഴുതുന്നവനും ചായം പിടിപ്പിക്കുന്നവനുമൊക്കെ എഴുത്തനായിരുന്നു. ഇവിടെ 'എഴുത്ത്' അക്ഷരബാഹ്യമായിരുന്നു. അക്ഷരമാകട്ടെ, നാശമില്ലാത്ത ഇളക്കമില്ലാത്ത, സ്ഥിരമായ, മാറ്റരുതാത്ത എന്നേക്കും നിലനിൽക്കുന്ന ഒന്നാണെന്നോർക്കുക. ഇതാകട്ടെ, ഒരു ദ്രാവിഡ സങ്കൽപവുമല്ല.

ദ്രാവിഡ സംസ്കൃതിയിൽ എഴുത്ത് ഭാഷാത്മകമായപ്പോൾ മെയ്യെഴുത്തും ഉയിരെഴുത്തും (വ്യഞ്ജനങ്ങളുടെയും സ്വരങ്ങളുടെയും ലിഖിതരൂപം) ഉണ്ടായി. വടക്കൻ ബ്രാഹ്മിയിൽ നിന്ന് വ്യത്യസ്തമായി വ്യഞ്ജനത്തെയും സ്വരത്തെയും വെവ്വേറെ അടയാളപ്പെടുത്തുന്ന രീതി തെക്കൻ ബ്രാഹ്മിയുടെ സവിശേഷതയായിരുന്നു. ക്+അ=ക എന്ന രീതി. ഭിന്ന കാലങ്ങളിൽ പിറന്ന വട്ടെഴുത്തും കോലെഴുത്തും മലയാണ്മയും ആര്യ എഴുത്തും മലയാള ലിപിചരിത്രം വ്യക്തമാക്കുന്നു. എഴുത്ത് ലിപിബന്ധമായതോടെ, എഴുത്തൻ എഴുത്തുകാരനായി. കണക്കെഴുത്ത് പ്രചരിച്ചു. ഒപ്പം എഴുതി തള്ളലും (കണക്കിൽ നിന്ന് നീക്കം ചെയ്യുക). എഴുത്ത് ലിപിരൂപത്തിലേക്ക് കടന്നതോടെ, അക്ഷരസങ്കല്പം ദ്രാവിഡ എഴുത്തിനെ ആര്യസംസ്കൃതിയുമായി കണ്ണിചേർത്തു. അതോടെ, എഴുത്തിന്റെ രൂപഭേദങ്ങൾ-ആധാരം, ഗ്രന്ഥം, സാഹിത്യം, ലേഖനം, രേഖ തുടങ്ങി പലതും സ്ഥാപിക്കപ്പെട്ടു. സംസ്കൃതജന്യമായി കടന്നുവന്ന രചനാരൂപങ്ങളെ അക്ഷരത്തോടൊപ്പം ചർച്ച ചെയ്യാം. ഈ രൂപങ്ങൾക്ക് സമതുല്യതയുള്ള ദ്രാവിഡ പദങ്ങൾ ഇല്ലാതെ പോയതുതന്നെ, അക്ഷരസംസ്കൃതിയുടെ ആദ്യ ധ്വനി പങ്കിടുന്നുണ്ട്.

എഴുത്തിനായി എഴുത്തോലയും എഴുത്താണിയും എഴുത്താണിപച്ചയും ഉപയോഗിച്ചു. ക്രമേണ എഴുത്തു പഠിക്കാൻ എഴുത്തു തറയും എഴുത്തു പള്ളിയും എഴുത്തുകല്ലും എഴുത്താശാനും നിർബന്ധമായി. അതോടെ, എഴുത്ത് പഠിപ്പിക്കുന്ന വർഗം, തൊഴിലധിഷ്ഠിതമായി ഒരു ഉപജാതിയായി കേരളത്തിൽ രൂപം കൊണ്ടു. അതത്രെ എഴുത്തച്ഛൻ സമുദായം. സാമൂഹികമായി എഴുതിവാങ്ങലും എഴുതികൊടുക്കലും പ്രബലമായി. അറബിരൂപമായ 'ഖത്തി'ന്റെ മലയാളപദമായ കത്ത് രംഗപ്രവേശം ചെയ്തതോടെ, എഴുത്തുകുത്തും (കത്തിടപാടുകൾ) ക്രമേണ എഴുത്തുകുറ്റിയും (തപാൽപ്പെട്ടി) ഭാഷയിലെത്തി. കുറിപ്പും കുറിപ്പടിയുമൊക്കെ എഴുത്തിന്റെ സാന്നിധ്യം അരക്കിട്ടുറപ്പിച്ചു. ഇതൊക്കെ വ്യത്യസ്ത കാലങ്ങളിലുണ്ടായ എഴുത്തിന്റെ നരവംശീയ ചരിത്രമാണ്.


എഴുത്ത് ഭാഷാബദ്ധമായതോടെ, സാമൂഹിക രാഷ്ട്രീയ ചേരിതിരിവുകളും ശക്തമായി. എഴുത്തറിയുന്നവരും അറിയാത്തവരുമെന്നതിലുപരി എഴുത്തറിയാൻ യോഗ്യതയുള്ള സമുദായങ്ങൾ നിർണയിക്കപ്പെട്ടു. അങ്ങനെ സാമൂഹിക ഉച്ചനീചത്വം എഴുത്തിന്റെ പ്രത്യയശാസ്ത്രതലം നിശ്ചയിച്ചു. എഴുത്തിന്റെ പ്രാഥമിക രൂപത്തിന് ഇല്ലാതിരുന്ന ആർഥികമൂല്യം ലിപിവ്യവസ്ഥയിൽ എങ്ങനെ ഉയർന്നുവന്നുവെന്നത് അക്ഷരത്തിന്റെ രാഷ്ട്രീയവുമായി ബന്ധപ്പെടുത്തി കാണാം. ■





# മട്ടന്നൂർ വാദ്യാക്ഷരങ്ങളിൽ

താളകലയിൽ അനന്യമായൊരു ലാവണ്യസ്ഥലിയാണ് തായമ്പകയുടേതെങ്കിൽ അതിൽ ഇന്ന് ഏറ്റവും മുഴങ്ങിക്കേൾക്കുന്ന നാമമാണ് മട്ടന്നൂർ ശങ്കരൻകുട്ടിയുടേത്. അനസ്യൂത തപസ്യയുടെ കൊട്ടിക്കയറലിലൂടെ അദ്ദേഹം ഇന്ന് ചെണ്ട എന്ന നമ്മുടെ തനതു മേളകലയിൽ ഏറെക്കുറെ രാജകീയപദവി നേടിക്കഴിഞ്ഞിരിക്കുന്നു. കേരളത്തിലെ കേൾവികേട്ട ഉത്സവപ്പറമ്പുകളിലെ പുരുഷാരത്തിനുമുന്നിൽ മാത്രമല്ല, ഇന്ത്യയിലെമ്പാടും വിദേശരാജ്യങ്ങളിലും ഓക്സ്ഫോർഡ് പോലുള്ള മഹാസർവകലാശാലകളിലും മട്ടന്നൂരിന്റെ പ്രതിഭയും മഹാവ്യക്തിത്വവും




വ്യതിരിക്തമായി അടയാളം ചെയ്തിരിക്കുന്നു. വിമർശനങ്ങൾ ഉണ്ടെങ്കിലും വാദ്യകലയിൽ നവീന സംവേദകത്വത്തിന്റെയും നവീനഭാവുകത്വത്തിന്റെയും വിസ്മയാനുഭൂതികൾ ഒരുക്കിക്കൊണ്ടിരിക്കുന്നവരിൽ പ്രധാനിയാണ്, മട്ടന്നൂർ ശങ്കരൻകുട്ടി. മട്ടന്നൂരിന്റെ കലാജീവിതത്തിനെ അടുത്തുനിന്ന് ആരാധനയോടെ വീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുന്ന ജീവിതരേഖ തയാറാക്കുകയാണ് മട്ടന്നൂർ വാദ്യാക്ഷരങ്ങളിൽ എന്ന പുസ്തകത്തിലൂടെ ഡോ. കൂമുള്ളി ശിവരാമൻ. മട്ടന്നൂരിന്റെ വാദ്യവൈഭവത്തെ ചുരുക്കം വാക്കുകളിൽ ഡോ.ശിവരാമൻ പറഞ്ഞുവെക്കുന്നതു നോക്കുക: മുപ്പതുമിനുട്ടിൽ കൊട്ടി പൂർണമാക്കാവുന്ന ആധാരപ്രമാണമാണ് തായമ്പകയുടേത്. ഇതിന്റെ വിസ്താരവൈഭവമാണ് തായമ്പകയുടെ കല. ഈ കലയുടെ സഞ്ചാരനടയെ കുറുക്കിയെടുക്കുന്ന താളവിദ്യയാണ് മട്ടന്നൂരിന്റെ ദ്രുതാവിഷ്കാരം. സമയത്തെ സമയകലയാക്കുന്ന ഒരു രസതന്ത്രവിദ്യ എന്നാണ് ഗ്രന്ഥകാരൻ ഇതിനെ വിശേഷിപ്പിക്കുന്നത്. കേരളീയമേളകലയുടെ ആരാധകർക്ക് പൂർണ പബ്ളിക്കേഷൻസ് പ്രസിദ്ധീകരിച്ച ഈ പുസ്തകം താത്പര്യമുണർത്തും. ■

# പദ്രേയുടെ ക്ഷീരസമൃദ്ധി

**എ**ൻഡോസൾഫാന്റെ വിഷമഴ പെയ്ത എൻമകജെ ഗ്രാമപഞ്ചായത്തിലെ പദ്രേ ഗ്രാമത്തിലേക്ക് കടന്നു ചെല്ലുമ്പോൾ നമ്മെ വരവേൽക്കുന്നത് നിറയെ പശുക്കളുള്ള കണ്ടിഗെ ഫാമും ഏക്കറുകളോളം പരന്നു കിടക്കുന്ന കൃഷിയിടവുമാണ്. വിഷമഴയുടെ ദുരന്തം ഈ ഭൂമിയ്ക്ക് ഏറെ നാശം വിതച്ചെങ്കിലും അതെല്ലാം ജൈവ കൃഷിയിലൂടെ തിരിച്ചു പിടിക്കാൻ സാധിക്കുമെന്ന് തെളിയിക്കുകയാണ് അബൂബക്കർ സിദ്ദിഖിന്റെ ഈ കൃഷിയിടം. മൂന്ന് വർഷം മുമ്പ് പശു വളർത്തൽ ആരംഭിക്കുമ്പോൾ ഇത്തരത്തിലൊരു നേട്ടം സിദ്ദിഖ് പ്രതീക്ഷിച്ചിരുന്നില്ല. അഞ്ച് പശുക്കളുമായി തുടങ്ങിയ കണ്ടിഗെ ഫാമിൽ ഇന്ന് 35 പശുക്കളും അഞ്ച് കിടാവുകളുമുണ്ട്. ഇന്ന് ഈ ഗ്രാമത്തിലെ മിക്കവാറും ജനങ്ങൾ പാലിനായി ആശ്രയിക്കുന്നത് സിദ്ദിഖിന്റെ ഫാമിനെയാണ്. ഒരു കാലത്ത് പാൽ ഉത്പാദനം തീരെ കുറവായിരുന്ന പെർള ക്ഷീരോത്പാദക സഹകരണ സംഘത്തിന്റെ പാലുത്പാദനം 1000 ലിറ്ററിനു മുകളിലെത്തിക്കാൻ സാധിച്ചതും സിദ്ദിഖിന്റെ ഡയറി ഫാം വഴിയാണ്.

കാർഷിക പാരമ്പര്യമുള്ള കുടുംബമായതിനാൽ കൃഷി സിദ്ദിഖിന് പുതിയ മേഖലയല്ലായിരുന്നു. സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം മുഴുവൻ സമയ കൃഷിക്കാരനായി മാറുകയായിരുന്നു ഇദ്ദേഹം. കുഞ്ഞുനാൾ മുതലേ പശുക്കളെ പരിപാലിച്ചു പോന്ന സിദ്ദിഖ് കൃഷി ആവശ്യങ്ങൾക്കു വേണ്ടിയാണ് ഫാം കൂടുതൽ വിപുലീകരിച്ചത്. പരീക്ഷണാടിസ്ഥാനത്തിൽ അഞ്ച് പശുക്കളെ വാങ്ങി ലാഭനഷ്ട സാധ്യതകളെക്കുറിച്ച് വിലയിരുത്തിയ ശേഷമാണ് കൂടുതൽ പശുക്കളെ വാങ്ങാൻ തീരുമാനിക്കുന്നത്. അന്യസംസ്ഥാനങ്ങളിലെ നിരവധി ഡയറി ഫാമുകൾ സന്ദർശിച്ച ശേഷമാണ് അത്യാധുനിക രീതിയിലുള്ള തൊഴുത്ത് വികസിപ്പിച്ചെടുത്തത്. ഫാമിന്റെ പ്രവർത്തനങ്ങൾക്കായി 15 ലക്ഷം രൂപയോളം സിദ്ദിഖിന് ചെലവു വന്നു. പെർള സഹകരണ ബാങ്കിൽ നിന്നും അഞ്ചു ലക്ഷം രൂപയുടെ സാമ്പത്തിക സഹായം ലഭിക്കുകയുണ്ടായി. ഓട്ടോമാറ്റിക് ആയി വെള്ളമെത്തിക്കുന്ന സംവിധാനം, ഫാൻ, മാറ്റ്, ടേപ്പ് എന്നിവയും തൊഴുത്തിൽ സജ്ജീകരിച്ചിട്ടുണ്ട്. രാവിലെ അഞ്ച് മണി മുതൽ ആരംഭിക്കുന്ന തൊഴുത്തിലെ ജോലികൾ എട്ട് മണിയോടെ അവസാനിക്കും. സഹായത്തിനായി മൂന്ന് ജോലിക്കാരുമുണ്ട്. എച്ച്.എഫ്, ജഴ്സി, ഗീർ എന്നീ ഇനങ്ങളാണ് ഫാമിലെ പ്രധാന താരങ്ങൾ. ഒരു ദിവസം 32 ലിറ്റർ പാൽ ചുരത്തുന്ന എച്ച്.എഫുമുണ്ട് ഈ കൂട്ടത്തിൽ. വെറ്ററിനറി ഡോക്ടർ ചന്ദ്രബാബുവിന്റെ പ്രോത്സാഹനവും സഹായങ്ങളും സിദ്ദിഖിന് ഈ രംഗത്ത് മുതൽക്കൂട്ടായി മാറി. ദിവസവും 300-350 ലിറ്റർ പാൽ സൊസൈറ്റിയിലൂടെ വിപണനം ചെയ്യുന്നുണ്ട്. കൂടാതെ പ്രാദേശിക വിപണിയിലും പാലിന് ആവശ്യക്കാരേറെയാണ്. തീറ്റച്ചെലവ് കഴിച്ച് ഒരു മാസം 50,000 രൂപ ലാഭമുണ്ടാക്കാൻ കഴിയുന്നുണ്ട്. സിദ്ദിഖ് പറയുന്നു.



സിദ്ദിഖ് ഫാമിൽ

ആവശ്യക്കാർക്ക് ചാണകവും ഫാമിൽ നിന്നും വിൽപന നടത്തുന്നുണ്ട്. ഒരു കുട്ടയ്ക്ക് 50 രൂപ നിരക്കിലാണ് വിപണനം നടത്തുന്നത്. തീറ്റച്ചെലവ് കുറയ്ക്കാനായി വീടിനോടു ചേർന്നുള്ള ഒരേക്കർ സ്ഥലത്തും ഇഡിയഡുക്കയിലെ രണ്ടേക്കർ സ്ഥലത്തും സി.ഒ-3 ഇനത്തിൽപ്പെട്ട തീറ്റപ്പുൽ കൃഷി ചെയ്യുന്നു. ഫാമിൽ നിന്നുള്ള അവശിഷ്ടങ്ങളൊന്നും സിദ്ദിഖ് പാഴാക്കി കളയുന്നില്ല. ഫാമിനോടു ചേർന്നു തന്നെ ബയോഗ്യാസ് പ്ലാന്റും സ്ലറി ടാങ്കും നിർമിച്ചിട്ടുണ്ട്. ബയോഗ്യാസ് പ്ലാന്റിൽ നിന്നുള്ള സ്ലറിയും ജൈവവളങ്ങളും ഉപയോഗിച്ചാണ് എല്ലാത്തരം കൃഷികളും ചെയ്യുന്നത്. വീടിനോടു ചേർന്നുള്ള 12 ഏക്കർ സ്ഥലത്തില്ലാത്ത കൃഷികളും അപൂർവം. അടയ്ക്ക, തെങ്ങ്, കുരുമുളക്, വാഴ, ജാതി, കൊക്കോ, കാപ്പി എന്നിവയെല്ലാം ഇടവിളകളായി വളരുന്നു. റബറിനിടവിളയായി ഇഞ്ചി, മഞ്ഞൾ, നേന്ത്രവാഴ എന്നിവയും കൃഷി ചെയ്തു വരുന്നു. നാടൻ കോഴികൾ, കട്ല, രോഹു, ഗ്രാസ് കോപ്പർ എന്നീയിനങ്ങളിൽപ്പെട്ട മത്സ്യങ്ങൾ എന്നിവയും കൃഷിയിടത്തിൽ ഇടംനേടിയിട്ടുണ്ട്. കണ്ടിഗെ ഫാമിനെ 100 പശുക്കളുള്ള ഫാമാക്കി വിപുലപ്പെടുത്തുവാനുള്ള ശ്രമത്തിലാണ് സിദ്ദിഖ്.

പശു വളർത്തൽ രംഗത്തുള്ള മികച്ച പ്രവർത്തനങ്ങളുടെ ഫലമായി ക്ഷീര വികസന വകുപ്പ് എം.എസ്.ഡി.പി പദ്ധതി പ്രകാരം കണ്ടിഗെ ഫാമിനെ കിടാരി വളർത്തൽ കേന്ദ്രമായി വികസിപ്പിച്ചു. മൃഗസംരക്ഷണ വകുപ്പിന്റെ മികച്ച ക്ഷീരകർഷകനുള്ള ജില്ലാതല അവാർഡ്, ഏറ്റവും കൂടുതൽ പാൽ അളക്കുന്നതിനുള്ള ബ്ലോക്ക്തല അവാർഡ് എന്നീ അംഗീകാരങ്ങളും സിദ്ദിഖിനെ തേടിയെത്തി.

*ദിവ്യ ഒ.*

*ഇൻഫർമേഷൻ അസിസ്റ്റന്റ്, കാഞ്ഞങ്ങാട്*

# ഒഴുക്കു നിലച്ച വരട്ടാറിന് പുനർജന്മമേകും

**ഒ**ഴുക്കു നിലച്ച വരട്ടാറിനെ പുനരുജ്ജീവിപ്പിക്കാൻ നടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർ പ്രണബ് ജ്യോതിനാഥിന്റെ അധ്യക്ഷതയിൽ കളക്ടറേറ്റിൽ ചേർന്ന യോഗം തീരുമാനിച്ചു.

ആദ്യഘട്ടമായി നദി ഒഴുകിയിരുന്ന കോയിപ്രം, ഇരവിപേരൂർ, കുറ്റൂർ ഗ്രാമപഞ്ചായത്തുകളിലെ അക്രഡിറ്റഡ് എൻജിനിയർമാർ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് വരട്ടാർ നവീകരണ പദ്ധതിക്ക് മതിപ്പ് ചെലവ് തയാറാക്കും. ആദ്യ ഘട്ടത്തിൽ നദിയിലെ മാലിന്യങ്ങളും കുറ്റിക്കാടുകളും പോളയും നീക്കി തെളിക്കും. നദിയുമായി ബന്ധപ്പെട്ട കൈത്തോടുകൾ വൃത്തിയാക്കും.



തിരുവല്ല കുറ്റൂർ എം.സി. റോഡിൽ ആറാട്ടുകടവ് പാലത്തിൽ നിന്നുള്ള വരട്ടാറിന്റെ ദൃശ്യം

കോയിപ്രം, ഇരവിപേരൂർ, കുറ്റൂർ ഗ്രാമപഞ്ചായത്തുകൾ വരട്ടാറിന്റെ സർവേ പൂർത്തിയാക്കിയിട്ടുണ്ട്. കുറ്റൂർ ഗ്രാമപഞ്ചായത്തിൽ ഈ വർഷം ഒന്നര കിലോമീറ്റർ നദിയിലെ കാട് വെട്ടിത്തെളിക്കുകയും പായലും പോളയും നീക്കം ചെയ്യുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് 12 ലക്ഷം രൂപയുടെ പ്രവൃത്തിയാണ് പൂർത്തിയാക്കിയത്. തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ലയ്ക്ക് 93 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് ജില്ലാ കളക്ടർ പ്രണബ് ജ്യോതിനാഥ് പറഞ്ഞു. പ്രവൃത്തികളുടെ അടിസ്ഥാനത്തിൽ കൂടുതൽ ഫണ്ട് ലഭിക്കുമെന്നും അദ്ദേഹം പറഞ്ഞു.

പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ നദിയിലെ കൈയേറ്റം ഒഴിപ്പിക്കൽ സംബന്ധിച്ച കാര്യങ്ങൾ റവന്യു വകുപ്പ് നിർവഹിക്കും. നദീതടത്തിൽ നിന്നു നീക്കം ചെയ്യുന്ന മണൽ എങ്ങനെ വിനിയോഗിക്കണമെന്നതു സംബന്ധിച്ച് ജില്ലാതല വിദഗ്ധ സമിതി തീരുമാനമെടുക്കും. നീക്കം ചെയ്ത മണലിൽനിന്നുള്ള വരുമാനം ബന്ധപ്പെട്ട പഞ്ചായത്തുകൾക്കു നൽകുകയും വരട്ടാറിന്റെ പുനരുജ്ജീവന പ്രവർത്തനങ്ങൾക്കു തന്നെ വിനിയോഗിക്കാനുമാണ് ലക്ഷ്യമിടുന്നത്.

# കോന്നിയിൽ മെഗാ ഫുഡ് പാർക്ക് വരുന്നു

**കോ**ന്നിയിലെ കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് അന്തർദേശീയ നിലവാരത്തിലുള്ള സ്ഥാപനമാക്കി മാറ്റുമെന്ന് ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച നിയമസഭാ വിഷയ നിർണ്ണയ സമിതി അറിയിച്ചു. 56 കോടി രൂപ ചെലവിൽ ഇവിടെ മെഗാ ഫുഡ് പാർക്ക് ഉടൻ ആരംഭിക്കുന്നതിനും തീരുമാനമായി.

കോന്നി സിഎഫ്ആർഡി സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തിയശേഷം കമ്മിറ്റി ചെയർമാനും സംസ്ഥാന ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രിയുമായ അനൂപ് ജേക്കബാണ് ഇക്കാര്യം അറിയിച്ചത്.



കോന്നി ഭക്ഷ്യ ഗവേഷണ-വികസന കേന്ദ്രം

മെഗാഫുഡ് പാർക്ക് സംസ്ഥാനത്തെ സാമ്പത്തിക മേഖലയ്ക്ക് പുതിയ ഉണർവേകുമെന്ന് സമിതി വിലയിരുത്തി. മെഗാ ഫുഡ് പാർക്കിൽ 30 ഉത്പാദന യൂണിറ്റുകൾ ഉണ്ടാകും. സിഎഫ്ആർഡിയിൽ പുതുതായി ഡ്രൈഡ് ഫ്രൂട്ട്സ് ആൻഡ് വെജിറ്റബിൾസ് ഉത്പാദിപ്പിക്കുന്ന യൂണിറ്റ് ആരംഭിക്കും. ഇവിടുത്തെ ഉത്പന്നങ്ങൾ സിവിൽ സപ്ലൈസ് മുഖേന വിപണനം ചെയ്യും. ചക്കപ്പഴം ഉൾപ്പെടെയുള്ള ഫലങ്ങൾ സംസ്കരിക്കും. ഇതുവരെ 150 റേഷനിംഗ് ഇൻസ്പെക്ടർമാർ സിഎഫ്ആർഡിയിൽ ശാസ്ത്രീയ പരിശീലനം പൂർത്തിയാക്കി. കൂടുതൽ റേഷനിംഗ് ഇൻസ്പെക്ടർമാർക്ക് ഇവിടെ പരിശീലനം നൽകും. റേഷനിംഗ് ഇൻസ്പെക്ടർമാരെ സാങ്കേതിക യോഗ്യതയുള്ളവരാക്കി മാറ്റുകയാണ് ലക്ഷ്യം.

സിഎഫ്ആർഡിയുടെ വികസന പ്രവർത്തനങ്ങൾക്ക് കേന്ദ്ര സഹായം പരമാവധി നേടിയെടുക്കാൻ നടപടി സ്വീകരിക്കുമെന്ന് സമിതിയംഗമായ റവന്യുമന്ത്രി അടൂർ പ്രകാശ് പറഞ്ഞു. സിഎഫ്ആർഡിയുടെ പ്രവർത്തനം തൃപ്തികരമാണെന്ന് വിലയിരുത്തിയ സമിതി, പ്രവർത്തനം വിപുലമാക്കുന്നതിന് നടപടി സ്വീകരിക്കാനും തീരുമാനിച്ചു. ഭക്ഷ്യ വസ്തുക്കളിലെ മായം കണ്ടെത്തുന്നതിന് ഏറ്റവും ആധുനിക സാങ്കേതിക സംവിധാനങ്ങളാണ് സി.എഫ് .ആർ.ഡിയിലുള്ളത്. ഭക്ഷ്യ വസ്തുക്കളിലെ മായം കണ്ടെത്തുന്നതിന് ജനങ്ങൾക്ക് അവസരം ഒരുക്കും. ഇതിന്റെ ഭാഗമായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സാമ്പിൾ കളക്ഷൻ യൂണിറ്റുകൾ തുടങ്ങും. ഇവിടെ ശേഖരിക്കുന്ന സാമ്പിളുകൾ സി.എഫ്.ആർ.ഡിയിൽ എത്തിച്ച് പരിശോധിക്കും.

***ആർ.ശക്തികുമാർ***

*ജില്ലാ ഇൻഫർമേഷൻ ഓഫീസർ, പത്തനംതിട്ട*

# നീതിയുടെ പൊൻകിരണമുയർത്തി സാമൂഹികനീതി ദിനാചരണം

സമൂഹത്തിൽ പാർശ്വവത്ക്കരിക്കപ്പെടുന്ന വയോജനങ്ങൾക്കും സ്ത്രീകൾക്കും ഭിന്നശേഷിയുള്ളവർക്കുമെല്ലാം സഹായഹസ്തമേകാൻ സാമൂഹികനീതി വകുപ്പ് കൂടെയുണ്ടെന്ന സന്ദേശവുമായി മലപ്പുറത്ത് നടന്ന സംസ്ഥാന സാമൂഹികനീതി ദിനാചരണം ജനശ്രദ്ധ നേടി. തുല്യനീതിയും അവകാശങ്ങളും നിഷേധിക്കപ്പെടുന്ന വയോജനങ്ങൾ, സ്ത്രീകൾ, ഭിന്നശേഷിയുള്ളവർ, അനാഥർ, കുട്ടികൾ എന്നിങ്ങനെ മുഖ്യധാരയിൽ ഇടം ലഭിക്കാത്തവർക്കായാണ് സംസ്ഥാന സാമൂഹികനീതി വകുപ്പ് മലപ്പുറത്ത് വേദിയൊരുക്കിയത്.




**സാമൂഹികനീതി ദിനാഘോഷം മന്ത്രി എം.കെ. മുനീർ ഉദ്ഘാടനം ചെയ്യുന്നു**

ഒക്ടോബർ 24ന് മലപ്പുറം സിവിൽ സ്റ്റേഷനിൽ നിന്നും ജില്ലാ കലക്ടർ കെ. ബിജു ഫ്ളാഗ് ഓഫ് ചെയ്ത വർണശബളമായ ഘോഷയാത്രയോടെയാണ് സാമൂഹികനീതിദിനാചരണത്തിന് തുടക്കം കുറിച്ചത്. മലപ്പുറം എം.എസ്.പി .പരേഡ് ഗ്രൗണ്ടിലെ പ്രധാന വേദിയിൽ പി. ഉബൈദുള്ള എം.എൽ.എ യുടെ അധ്യക്ഷതയിൽ നടന്ന ഉദ്ഘാടന സമ്മേളനം സാമൂഹികനീതി മന്ത്രി എം കെ മുനീർ ഉദ്ഘാടനം ചെയ്തു. അബ്ദുറഹ്മാൻ രണ്ടത്താണി എം.എൽ.എ പ്രദർശന സ്റ്റാളുകളും ഭിന്നശേഷി നിർണയ ക്യാമ്പ് എം. ഉമ്മർ എം.എൽ.എയും ഡോക്യുമെന്ററി ഫെസ്റ്റ് കെ. മുഹമ്മദുണ്ണി ഹാജി എം.എൽ.എയും ഉദ്ഘാടനം ചെയ്തു. വനിതാ കമ്മിഷൻ അദാലത്ത് സംസ്ഥാന വനിതാ കമ്മിഷൻ ചെയർപേഴ്സൻ കെ.സി. റോസക്കുട്ടി ഉദ്ഘാടനം ചെയ്തു. സാമുഹിക നീതി ഡയറക്ടർ വി.എൻ. ജിതേന്ദ്രൻ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി.കെ. കുഞ്ഞു, തൃശൂർ ജില്ലാ കലക്ടർ എം.എസ്. ജയ, വനിതാ കമ്മിഷൻ അംഗം അഡ്വ. നൂർബിനാ റഷീദ്, നഗരസഭാ ചെയർമാൻ കെ.പി. മുഹമ്മദ് മുസ്തഫ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരായ ടി.ടി. കോയാമു, പി. ഉസ്മാൻ, പഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ ജില്ലാ പ്രസിഡന്റ് സി.കെ.എ. റസാഖ്, ജില്ലാ പഞ്ചായത്ത് അംഗം സലീം കുരുവമ്പലം, അങ്കണവാടി വർക്കർ ആൻഡ് ഹെൽപ്പർ ക്ഷേമനിധി ബോർഡ് അംഗം സി.എച്ച്. ജമീല, വനിതാ വികസന കോർപറേഷൻ ചെയർപേഴ്സൻ പി. കുൽസു എന്നിവർ സംസാരിച്ചു.

## നാല് സെമിനാറുകൾ

ദിനാചരണത്തിന്റെ ഭാഗമായി നടന്ന നാല് സെമിനാറുകൾ ജനങ്ങൾക്ക് വിവിധ വിഷയങ്ങളിൽ ബോധവത്ക്കരണം നൽകാൻ ഉതകുന്നതായിരുന്നു. സാമൂഹിക ക്ഷേമ ബോർഡ് സംഘടിപ്പിച്ച 'സ്ത്രീകളും കുട്ടികളും സാമൂഹികനീതിയും' സെമിനാറിൽ സ്ത്രീകളും കുട്ടികളും നേരിടുന്ന പ്രശ്നങ്ങളും പരിഹാര നിർദേശങ്ങളുമുയർന്നു. സംസ്ഥാന വനിതാ കമ്മിഷൻ ചെയർപേഴ്സൺ കെ.സി. റോസക്കുട്ടി ടീച്ചർ ഉദ്ഘാടനം ചെയ്തു.

മാധ്യമ സെമിനാർ കെ.എൻ.എ. ഖാദർ എം.എൽ.എയും ജില്ലാ പഞ്ചായത്ത് സംഘടിപ്പിച്ച വയോജന സംരക്ഷണ സെമിനാർ സി. മമ്മൂട്ടി എം. എൽ.എയും ഉദ്ഘാടനം ചെയ്തു.

സംസ്ഥാന വികലാംഗ കോർപറേഷൻ സംഘടിപ്പിച്ച 'സാമൂഹികനീതിയും ഭിന്നശേഷിയുള്ളവരും' സെമിനാർ കെ. മുഹമ്മദുണ്ണി ഹാജി എം.എൽ.എ. ഉദ്ഘാടനം ചെയ്തു.

## സ്ത്രീകൾക്കും വയോജനങ്ങൾക്കും അദാലത്തുകൾ

സ്ത്രീകൾക്കും വയോജനങ്ങൾക്കുമായി രണ്ട് അദാലത്തുകളാണ് സാമൂഹികനീതി ദിനാചരണത്തോടനുബന്ധിച്ച് നടന്നത്. സ്ത്രീകളുടെ പരാതികൾ പരിഗണിച്ച വനിതാ കമ്മിഷൻ അദാലത്തിൽ ജില്ലയിലെ 28 കേസുകളും വയോജന സംരക്ഷണം അദാലത്തിൽ 12 കേസുകളും പരിഹരിച്ചു. വകുപ്പുതല ഉദ്യോഗസ്ഥരുടെ അധ്യക്ഷതയിലാണ് അദാലത്തുകൾ നടന്നത്.

വയോജനങ്ങൾക്കും ഭിന്നശേഷിയുള്ളവർക്കും എല്ലാ മേഖലകളിലും കൂടുതൽ പരിഗണന നൽകണമെന്ന ആവശ്യമാണ് ഓപൺഫോറങ്ങൾ അഭിപ്രായപ്പെട്ടത്. ഇവർ ഉന്നയിച്ച പ്രശ്നങ്ങളും മുന്നോട്ടുവെച്ച ആവശ്യങ്ങളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള നടപടികൾ ഓപൺ ഫോറത്തിൽ സ്വീകരിച്ചു.

## ഭിന്നശേഷിയുള്ളവർക്ക് മെഡിക്കൽ ക്യാമ്പ്

സാമൂഹികനീതി വകുപ്പും സംസ്ഥാന വികലാംഗ കോർപറേഷനും ചേർന്ന് സംഘടിപ്പിച്ച ഭിന്നശേഷിയുള്ളവർക്കായുള്ള മെഡിക്കൽ ക്യാമ്പിൽ അഞ്ഞൂറോളം പേരുടെ അംഗപരിമിതി നിർണയിച്ച് തിരിച്ചറിയൽ കാർഡുകളും സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു. ഇത്തരം രേഖകളുള്ളവർക്ക് സർക്കാർ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങളെക്കുറിച്ചും ഇളവുകളെക്കുറിച്ചും ജനങ്ങൾക്ക് വ്യക്തമായ ധാരണ നൽകാനും ക്യാമ്പ് സഹായകമായി.

ക്യാമ്പിലെത്തിയ അർഹരായ നൂറിലധികം ആളുകൾക്ക് 16 ലക്ഷത്തിന്റെ സഹായ ഉപകരണങ്ങളാണ് വിതരണം ചെയ്തത്. കൃത്യമായ അളവെടുത്ത് മാത്രം നിർമിച്ച് നൽകാവുന്ന കൃത്രിമ കൈകാലുകൾ, സർജിക്കൽ ഷൂ, എന്നിവ 45 ദിവസത്തിനുള്ളിൽ നിർമിച്ച് നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചു.

## സർക്കാർ സേവനങ്ങളുടെ പ്രദർശന സ്റ്റാളുകൾ

സർക്കാർ വകുപ്പുകളുടെ സേവനങ്ങളും ജനോപകാരപ്രദമായ പദ്ധതികളുടെ വിവരണവും ജനങ്ങൾക്ക് പകർന്ന നൽകിയ വിവിധ സർക്കാർ വകുപ്പുകളുടെ പ്രദർശന സ്റ്റാളുകൾ ജനശ്രദ്ധ പിടിച്ചുപറ്റി. മലപ്പുറം,

കോഴിക്കോട് ജില്ലകളിലെ സ്പെഷൽ സ്കൂൾ വിദ്യാർഥികൾ ഒരുക്കിയ സ്റ്റാളുകളും പ്രദർശന വേദിയിൽ ഇടം പിടിച്ചു.

പരിപാടിയുടെ ഭാഗമായി നടന്ന കുടുംബശ്രീ ഭക്ഷ്യമേളയും ഡോക്യുമെന്ററി പ്രദർശനവും ദിനാചരണത്തിന് മാറ്റ് കൂട്ടി. വൈകുന്നേരങ്ങളിൽ നിറഞ്ഞ സദസ്സിലായിരുന്നു ഭിന്നശേഷിയുള്ള വിദ്യാർഥികളുടെ കലാപരിപാടികൾ അരങ്ങേറിയത്. പരിമിതികളെ മറന്ന് ഭരതനാട്യവും ഒപ്പനയും നാടകവും കോൽക്കളിയുമെല്ലാം ഭംഗിയായി അവതരിപ്പിച്ചപ്പോൾ അത്ഭുതത്തോടെയാണ് കാണികൾ വരവേറ്റത്. വെല്ലുവിളികളെ ഇച്ഛാശക്തിക്ക് മുൻപിൽ മുട്ടുകുത്തിച്ച സ്പെഷൽ സ്കൂളിലെ കുരുന്നുകൾക്ക് മന്ത്രി എം.കെ. മുനീർ ഉപഹാരങ്ങൾ നൽകി. കേരള സാമൂഹികനീതി മിഷന്റെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായുള്ള മലബാർ സിമന്റ്സിന്റെ വിഹിതം വ്യവസായ മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി മന്ത്രി എം.കെ. മുനീറിന് കൈമാറി.

## ബോധവത്കരണത്തിന് വേദിയായി ദിനാചരണം

ഭിന്നശേഷിയുള്ളവരും അനാഥരും അശരണരും പാർശ്വവത്കൃതരും കുട്ടികളും വയോജനങ്ങളുമടങ്ങുന്ന സമൂഹത്തിനായി നടപ്പാക്കുന്ന പദ്ധതികളെക്കുറിച്ച് അവബോധം സൃഷ്ടിക്കാനും സ്വതന്ത്രമായ ആശയങ്ങൾക്ക് രൂപം നൽകാനും മൂന്ന് ദിവസത്തെ സാമൂഹികനീതി ദിനാചരണം വേദിയായി.

പരിപാടിയിൽ സാമൂഹികനീതി മന്ത്രി എം.കെ. മുനീർ, ഇ.ടി മുഹമ്മദ് ബഷീർ എം.പി,. എം.എൽ.എ മാരായ പി. ഉബൈദുള്ള, എം. ഉമ്മർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സുഹറ മമ്പാട്, എ.ഡി.എം. പി. മുരളീധരൻ, ജില്ലാ പഞ്ചായത്ത് അസോസിയേഷൻ ജില്ലാ സെക്രട്ടറി സി.കെ. ജയദേവൻ, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ സലീം കുരുവമ്പലം, ടി.വനജ, സാമൂഹിക നീതി വകുപ്പ് ഡയറക്ടർ വി.എൻ. ജിതേന്ദ്രൻ, അസി. ഡയറക്ടർ കെ. മുകുന്ദൻ, പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.കെ. അബൂബക്കർ ഹാജി, മങ്കട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി. ഉസ്മാൻ, വർക്കർ ആൻഡ് ഹെൽപ്പർ ക്ഷേമനിധി ബോർഡ് അംഗം സി.എച്ച്. ജമീല എന്നിവർപങ്കെടുത്തു. വിവര-പൊതുജന സമ്പർക്ക വകുപ്പിന്റെ ആഭിമുഖ്യത്തിൽ മൂന്ന് ദിവസവും മീഡിയാ സെന്റർ പ്രവർത്തിച്ചിരുന്നു. വികസന ചിത്രങ്ങളുൾപ്പെടുത്തി ഫോട്ടോപ്രദർശനം, വകുപ്പിന്റെ പുസ്തക വില്പന, ഡോക്യുമെന്ററി പ്രദർശനം എന്നിവയുമുണ്ടായിരുന്നു.

## മലപ്പുറത്തിന് ശിശുസേവന പുരസ്കാരങ്ങൾ

സംയോജിത ശിശു വികസന സേവന പ്രവർത്തനങ്ങൾക്കുള്ള സംസ്ഥാന സർക്കാറിന്റെ ആദ്യ അവാർഡ് മുൻ ജില്ലാ കലക്ടറും ലാൻഡ് റവന്യൂ കമ്മിഷനറുമായ എം.സി. മോഹൻദാസ് ഏറ്റുവാങ്ങി. മലപ്പുറം എം.എസ്.പി. ഗ്രൗണ്ടിൽ സാമൂഹികനീതി ദിനാചരണത്തോടനുബന്ധിച്ച് നടന്ന സംസ്ഥാനതല പരിപാടിയുടെ സമാപന സമ്മേളനത്തിലാണ് അദ്ദേഹം അവാർഡ് ഏറ്റു വാങ്ങിയത്. വിദ്യാഭ്യാസ മന്ത്രി അബ്ദുറബ്ബാണ് അവാർഡുകൾ നൽകിയത്. മലപ്പുറം ജില്ലാ കലക്ടറായിരിക്കെ 2011-2012 കാലയളവിൽ ജില്ലയിലെ ശിശുക്ഷേമ പദ്ധതികളുടെ ഏകോപനത്തിനാണ് എം.സി. മോഹൻദാസിന് ജില്ലാ കലക്ടർമാർക്കുള്ള ആദ്യ അവാർഡ് ലഭിച്ചത്.

ജില്ലയിൽ പുതുതായി അങ്കണവാടികൾ തുടങ്ങുന്നതിന് സ്ഥലം കണ്ടെത്തുന്നതിനും നിലവിലുള്ള അങ്കണവാടികളിൽ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനും നബാർഡിൽ നിന്നും അങ്കണവാടികൾക്കായി ഫണ്ട് ലഭ്യമാക്കുന്നതിലും കാണിച്ച ആർജവം പരിഗണിച്ചാണ് അവാർഡ്.

ജില്ലയിൽ നിന്നും സംസ്ഥാന അവാർഡ് ലഭിച്ച മങ്കടയിലെ മുൻ ഐ.സി.ഡി.എസ്. ഓഫിസർ പി.വി.പ്രേമയും അവാർഡ് ഏറ്റു വാങ്ങി. മങ്കട ബ്ലോക്കിൽ കുട്ടികളിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് പോഷകാഹാര കിറ്റ് വിതരണം, അമ്മമാർക്കായി ബോധവത്ക്കരണ ക്ലാസുകൾ എന്നിവ മികച്ച രീതിയിൽ സംഘടിപ്പിച്ചതിനാണ് അവാർഡ്. ജില്ലാ അടിസ്ഥാനത്തിൽ അവാർഡിന് അർഹരായ അങ്കണവാടി വർക്കർ, ഹെൽപ്പർ, സൂപ്പർവൈസർ എന്നിവർക്കുള്ള അവാർഡുകൾ സാമൂഹിക നീതി പഞ്ചായത്ത് കാര്യ മന്ത്രി എം.കെ. മുനീർ സമാപന സമ്മേളനത്തിൽ വിതരണം ചെയ്തു.




തൃശൂരിൽ മലയാളം ശ്രേഷ്ഠഭാഷാ ദിനാഘോഷം സഹകരണമന്ത്രി സി.എൻ. ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു

# വിജ്ഞാൻ ജ്യോതി തെളിച്ച് കാസർകോട് ചരിത്രത്തിലേക്ക്

**2013** ഒക്ടോബർ ആറ്. കാസർകോടിന്റെ ചരിത്രത്തിൽ സുവർണ ലിപികളാൽ ആലേഖനം ചെയ്യപ്പെടുന്ന ദിവസം. ഭാഷാ ഭേദങ്ങൾക്കപ്പുറത്ത് സപ്ത ഭാഷാ സംഗമ ഭൂമിയായ കാസർകോട് ജില്ല സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടുന്ന ഇന്ത്യയിലെ രണ്ടാമത്തെ ജില്ലയായി പ്രഖ്യാപിക്കുന്ന വേദി പ്രൗഢഗംഭീരമായിരുന്നു. പ്രഖ്യാപന സമ്മേളനത്തിന് കേന്ദ്ര മാനവവിഭവശേഷി വികസന സഹമന്ത്രി ഡോ. ശശി തരൂർ ഭദ്രദീപം കൊളുത്തുമ്പോൾ സദസ്യരുടെ മനസ്സിൽ വിജ്ഞാനജ്യോതി തെളിയുകയായിരുന്നു.

കാസർകോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. പി.പി. ശ്യാമളാദേവി സ്വാഗതം പറഞ്ഞു. പി. കരുണാകരൻ എം.പി. അധ്യക്ഷനായി. തുടർന്ന് സ്റ്റേറ്റ് റിസോഴ്സ് സെന്റർ നടത്തിയ ഇവാല്യുവേഷൻ റിപ്പോർട്ട് സ്റ്റേറ്റ് റിസോഴ്സ് സെന്റർ ഡയറക്ടർ ഡോ. ആശ ബാല ഗംഗാധരന്റെ കൈയിൽനിന്ന് ഏറ്റുവാങ്ങി കേന്ദ്രമന്ത്രി ഡോ. ശശി തരൂർ പ്രകാശനം ചെയ്തു. റിപ്പോർട്ട് കാസർകോട് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് അഡ്വ. പി.പി ശ്യാമളാദേവിക്ക് കൈമാറി. തുടർന്ന്ചരിത്രത്തിൽ ഇടംനേടിയ വിജ്ഞാൻ ജ്യോതി പ്രഖ്യാപനം.

അനൗപചാരിക വിദ്യാഭ്യാസത്തിന്റെയും തുടർ വിദ്യാഭ്യാസത്തിന്റെയും കാലിക പ്രസക്തി വിവരിച്ച മന്ത്രി പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന്റെ ആവശ്യകത പ്രത്യേകം എടുത്ത് പറഞ്ഞു. ലോകത്തിനു മാതൃകയാണ് കാസർകോട് കാഴ്ചവെച്ചതെന്നും ഭാഷാന്യൂനപക്ഷ മേഖലകളിൽ സാക്ഷരതാ തുടർ വിദ്യാഭ്യാസ പ്രവർത്തകർക്ക് ഇനിയും ഇടപെടാനുണ്ടെന്നും അദ്ദേഹം സൂചിപ്പിച്ചു. സംസ്ഥാന സാക്ഷരതാമിഷൻ ഡയറക്ടർ ഡോ. ഗീത സജീവ് ആമുഖ ഭാഷണം നടത്തി.

കെ. കുഞ്ഞിരാമൻ എം.എൽ.എ., ഇ.ചന്ദ്രശേഖരൻ എം.എൽ.എ., ജില്ലാ കളക്ടർ പി.എസ്. മുഹമ്മദ് സാഗീർ, സംസ്ഥാന സാക്ഷരതാമിഷൻ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ചെയർമാൻ സലീം കരുവമ്പലം, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ.എസ്. കുര്യക്കോസ്, ജില്ലാ പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്ഥിരം സമിതി അധ്യക്ഷ കെ. സുജാത, പൊതുമരാമത്ത് സ്ഥിരം സമിതി അധ്യക്ഷൻ പി. ജനാർദനൻ, ക്ഷേമകാര്യ സ്ഥിരം സമിതി അധ്യക്ഷ മമതാദിവാകർ, വികസനകാര്യസ്ഥിരം സമിതി അധ്യക്ഷ ഓമനാ രാമചന്ദ്രൻ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ ഡയറക്ടർ ഡോ.ആശ ബാല ഗംഗാധരൻ തുടങ്ങിയവർ സംസാരിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, മുൻസിപ്പൽ ചെയർമാൻമാർ, സാമൂഹ്യ രാഷ്ട്രീയ രംഗത്തെ പ്രമുഖർ, സംസ്ഥാന സാക്ഷരതാമിഷൻ എക്സ്ക്യൂട്ടീവ് കമ്മറ്റി അംഗം വി.എം. അബൂബക്കർ, അസി. ഡയറക്ടർ കെ.അയ്യപ്പൻ തുടങ്ങിയവരും പങ്കെടുത്തു. വിജ്ഞാൻ ജ്യോതി പ്രഖ്യാപനത്തിന്റെ ഭാഗമായുള്ള വിദ്യാഭ്യാസ സെമിനാറുകൾ എൻ.എ. നെല്ലിക്കുന്ന് എം.എൽ.എ. ഉദ്ഘാടനം ചെയ്തു.

വിജ്ഞാൻ ജ്യോതി പ്രഖ്യാപന വേദി അവാർഡുകളുടേയും ആദരവുകളുടേയും പെരുമഴയായി. ഏറ്റവും കൂടുതൽ പഠിതാക്കളെ വിജയിപ്പിച്ച ബ്ലോക്ക് പഞ്ചായത്തിനുള്ള അവാർഡ് കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് നേടി. മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത്




**കേന്ദ്രമന്ത്രി ഡോ. ശശിതരൂർ കാസർകോടിനെ സമ്പൂർണ വിജ്ഞാൻ ജ്യോതി ജില്ലയായി പ്രഖ്യാപിക്കുന്നു**

രണ്ടാം സ്ഥാനത്ത് എത്തി. ഗ്രാമപഞ്ചായത്ത് തലത്തിൽ മീഞ്ച ഗ്രാമപഞ്ചായത്ത് ഒന്നാം സ്ഥാനവും കാറഡുക്ക ഗ്രാമപഞ്ചായത്ത് രണ്ടാം സ്ഥാനവും നേടി. മുൻസിപ്പാലിറ്റി തലത്തിൽ കാസർകോട് നഗരസഭ ഒന്നാം സ്ഥാനവും നീലേശ്വരം നഗരസഭ രണ്ടാംസ്ഥാനവും നേടി. വിജ്ഞാൻ ജ്യോതി-അതുല്യം വിഭാഗത്തിൽ വോർക്കാടി ഗ്രാമപഞ്ചായത്ത് ഒന്നാം സ്ഥാനവും ചെങ്കള ഗ്രാമപഞ്ചായത്ത് രണ്ടാം സ്ഥാനവും നേടി.

വിജ്ഞാൻ ജ്യോതി പദ്ധതിവിജയത്തിന് ജില്ലാതലത്തിൽ നേതൃത്വം വഹിച്ച വി.എൻ. ജിതേന്ദ്രൻ, എം.വി. ബാലകൃഷ്ണൻ മാസ്റ്റർ, വി. നാരായണൻ മാസ്റ്റർ, അഡ്വ. പി.പി. ശ്യാമളാദേവി, കെ. സുജാത, സാക്ഷരതാമിഷൻ ജില്ലാ കോ-ഓർഡിനേററർ പി. പ്രശാന്ത്കുമാർ, കെ.അയ്യപ്പൻനായർ, ടി. സരസൻ, ടി.വി. ശ്രീജൻ, ബി. സജീവ്, കെ. മധു, എം. കെ. ലക്ഷ്മി, എ.പി. ചന്ദ്രമതി തുടങ്ങിയവരെ പി. കരുണാകരൻ എം.പി. ആദരിച്ചു.

മികച്ച ഡോക്യുമെന്റേഷൻ നടത്തിയ നോ

ഡൽ പ്രേരകിനുള്ള അവാർഡ് ഒന്നാം സ്ഥാനം കാറഡുക്ക ബ്ലോക്ക് നോഡൽ പ്രേരക് എ. തങ്കമണിയും രണ്ടാം സ്ഥാനം കാഞ്ഞങ്ങാട് ബ്ലോക്ക് നോഡൽ പ്രേരക് മേരിക്കുട്ടി അബ്രഹാമും നേടി.മുൻസിപ്പൽ വിഭാഗത്തിൽ കാസർകോട് നഗരസഭ നോഡൽ പ്രേരക് ഡി. വിജയമ്മ ഒന്നാം സ്ഥാനം നേടി. സി.ഇ.സി. പ്രേരക് വിഭാഗത്തിൽ മികച്ച ഡോക്യുമെന്റേഷൻ അവാർഡ് ഒന്നാംസ്ഥാനം മണിയംപാറ തുടർവിദ്യാകേന്ദ്രം പ്രേരക് കെ. ജലജാക്ഷിയും രണ്ടാംസ്ഥാനം ബെള്ളൂർ തുടർവിദ്യാകേന്ദ്രം പ്രേരക് പി.കെ. വിമലയും നേടി.

കൂടുതൽ പേരെ പരീക്ഷ എഴുതിക്കുന്നതിന് നേതൃത്വം വഹിച്ച നോഡൽ പ്രേരകിനുള്ള അവാർഡ് ഒന്നാംസ്ഥാനം മഞ്ചേശ്വരം ബ്ലോക്ക് നോഡൽ പ്രേരക് ഗ്രേസിവേഗാസും രണ്ടാം സ്ഥാനം കാസർകോട് നഗരസഭാ നോഡൽ പ്രേരക് ഡി. വിജയമ്മയും നേടി. ഈ ഇനത്തിൽ മികച്ച സി.ഇ.സി. പ്രേരകിനുള്ള ഒന്നാംസ്ഥാനം മിയപദവ് തുടർവിദ്യാകേന്ദ്രം പ്രേരക് ബി. കുസുമയും രണ്ടാം സ്ഥാനം ഇരിയണ്ണി തുടർവിദ്യാകേന്ദ്രം പ്രേരക് വി. പുഷ്പലതയും നേടി.മികച്ച പഠിതാവിനുള്ള അവാർഡ് ഒന്നാം സ്ഥാനത്തിന് പനത്തടി ഗ്രാമപഞ്ചായത്തിലെ പഠിതാവ് 80 വയസുകാരി ശാരദക്കുട്ടിയമ്മയും രണ്ടാം സ്ഥാനത്തിന് കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിലെ പഠിതാവ് കാർത്ത്യായനിയും അർഹയായി. മികച്ച പഞ്ചായത്ത് കോ-ഓർഡിനേറ്റർക്കുള്ള അവാർഡ് ഒന്നാം സ്ഥാനത്തിന് മീഞ്ച ഗ്രാമപഞ്ചായത്ത് കോ-ഓർഡിനേറ്റർ ടി.ഡി. സദാശിവ റാവുവും രണ്ടാം സ്ഥാനത്തിന് പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്ത് കോ-ഓർഡിനേറർ നാരായണൻ നായരും അർഹനായി.

മികച്ച ഇൻസ്ട്രക്ടർ അവാർഡിന് കാസർകോട് നഗരസഭയിലെ ആയിഷ കൊല്ലമ്പാടി ഒന്നാംസ്ഥാനവും പള്ളിക്കര ഗ്രാമപഞ്ചായത്തിലെ ഷക്കീല ബഷീർ രണ്ടാം സ്ഥാനവും നേടി.

പദ്ധതി വിജയത്തിന് സഹകരിച്ച ഡയറ്റ് കാസർകോട്, കുടുംബശ്രീ, നെഹ്റുയുവകേന്ദ്ര, ലൈബ്രറി കൗൺസിൽ, എൻ.എസ്.എസ്. വിഭാഗങ്ങൾ, സെഡ്സ് തുടങ്ങിയവരേയും പരിപാടിയിൽ ആദരിച്ചു. വിജ്ഞാൻ ജ്യോതി പദ്ധതിയുടെ ശില്പികളിലൊരാളുമായ അന്തരിച്ച കെ. കുഞ്ഞിക്കണ്ണൻ മാസ്റ്ററെ യോഗത്തിൽ അനുസ്മരിച്ചു. പദ്ധതി വിജയത്തിന് വേണ്ടി പ്രവർത്തിച്ച ബ്ലോക്ക്-മുൻസിപ്പൽ, പഞ്ചായത്ത് കോ-ഓർഡിനേറ്റർമാരേയും പ്രായംകൂടിയ പഠിതാക്കളേയും പൊന്നാട അണിയിച്ചു.

2007 ൽ രാജ്യത്തെ മികച്ച സാക്ഷരതാ പ്രവർത്തനം നടത്തിയ ജില്ലയ്ക്കുള്ള 'സത്യൻ മൈത്ര' ദേശീയ പുരസ്കാരം കാസർകോട് ജില്ലയ്ക്ക് ലഭിച്ചിരുന്നു. ദേശീയ അവാർഡിന്റെ ചുവടുപിടിച്ചാണ് 2008 ൽ വിജ്ഞാൻ ജ്യോതി സമ്പൂർണ നാലാംതരം തുല്യതാ പദ്ധതിക്ക് ജില്ലയിൽ തുടക്കം കുറിച്ചത്. 18 വയസ്സിനും 50 വയസ്സിനും ഇടയിലുള്ള മുഴുവൻ പേരേയും നാലാംതരം അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയിലേക്ക് ഉയർത്തുക എന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യമെങ്കിലും 50 വയസ്സിന് മുകളിൽ പ്രായമുള്ള പഠനത്തിൽ താത്പര്യമുള്ള പലർക്കും ഈ പദ്ധതിവഴി നാലാംതരം തുല്യതാ സർട്ടിഫിക്കറ്റ് നേടാൻ സാധിച്ചിട്ടുണ്ട്.

*കെ. അബ്ദുറഹിമാൻ,*
*ഇൻഫർമേഷൻ ഓഫീസർ, കാസർകോട്*

# സായി മികവിന്റെ കേന്ദ്രമാക്കും

സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ (സായി)യുടെ ആലപ്പുഴ ജലകായികകേന്ദ്രത്തോടനുബന്ധിച്ച് വോളിബോൾ കോർട്ടും വെയ്റ്റ് ലിഫ്റ്റിങ് പരിശീലനകേന്ദ്രവും ആരംഭിക്കുമെന്ന് കേന്ദ്രവ്യോമയാനസഹമന്ത്രി കെ.സി. വേണുഗോപാൽ അറിയിച്ചു. മന്ത്രിയുടെ അധ്യക്ഷതയിൽ സായി കേന്ദ്രത്തിൽ ചേർന്ന യോഗത്തിലാണ് തീരുമാനം.

കേന്ദ്രത്തെ അന്താരാഷ്ട്രനിലവാരത്തിലേക്കുയർത്താൻ ആവശ്യമായ നടപടികളുമായി മുന്നോട്ടു പോകണമെന്നും അതിനുള്ള എല്ലാ സഹായവും കേന്ദ്രത്തിൽ നിന്ന് ലഭ്യമാക്കാമെന്നും മന്ത്രി പറഞ്ഞു. മികവിന്റെ കേന്ദ്രമായി (സെന്റർ ഓഫ് എക്സലൻസ്) ആലപ്പുഴ സായി കേന്ദ്രത്തെ തിരഞ്ഞെടുത്തിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു. ഔപചാരികമായ പ്രഖ്യാപനം അടുത്ത മാസം ഉണ്ടാകും.

പുന്നമടയിലെ അഞ്ചേക്കർ സ്ഥലത്തു സ്ഥിതി ചെയ്യുന്ന സായി ജലകായികകേന്ദ്രത്തിൽ 2.67 കോടി രൂപ ചെലവിൽ മോഡേൺ ഫിറ്റ്നസ് സെന്ററിനായി പുതിയ കെട്ടിടം നിർമിച്ചിട്ടുണ്ട്. ഒന്നരക്കോടി രൂപയുടെ കായികോപകരണങ്ങൾ ഉടൻ എത്തും. സെന്ററിന്റെ ഉദ്ഘാടനം അടുത്ത മാസം നടത്തും.

ഹോസ്റ്റലുകൾ, പരിശീലനകേന്ദ്രം എന്നിവ നിർമിക്കുന്നതിനായി 38 കോടി രൂപയുടെ പ്രോജക്ട് കേന്ദ്രത്തിന് സമർപ്പിച്ചതായി ഉദ്യോഗസ്ഥർ മന്ത്രിയെ അറിയിച്ചു. തിരുവനന്തപുരം, ആലപ്പുഴ എന്നിവിടങ്ങളിലേക്കായി തയ്യാറാക്കിയ 100 കോടി രൂപയുടെ മാസ്റ്റർ പ്ലാനിന്റെ ഭാഗമാണിത്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ദേശീയക്യാമ്പുകളിൽ പങ്കെടുക്കാനെത്തുന്നവർക്കുമായി മൂന്ന് ഹോസ്റ്റലുകൾ നിർമിക്കും.

ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് നിലവിൽ കേന്ദ്രത്തിൽ നടത്തിക്കൊണ്ടിരിക്കുന്ന നിർമ്മാണപ്രവർത്തനങ്ങൾ എട്ടു മാസത്തിനകം പൂർത്തിയാക്കുമെന്ന് കേന്ദ്ര പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥർ യോഗത്തിൽ അറിയിച്ചു. നിർമ്മിതി കേന്ദ്രം വഴി നടത്തുന്ന പുനരുദ്ധാരണപ്രവർത്തനങ്ങൾ ഏറെക്കുറെ പൂർത്തിയായി.

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർടസിന്റെ (എൻ.ഐ.എസ്.) ജലകായിക ഇനങ്ങൾക്കുള്ള ആദ്യത്തെ ഡിപ്ലോമ കോഴ്സ് ഇവിടെ നടക്കുന്നുണ്ട്. പെൺകുട്ടികളടക്കം 19 പേരാണ് പഠിക്കുന്നത്. ഏപ്രിലിൽ ഇവർ പുറത്തിറങ്ങുന്നതോടെ ഇന്ത്യയിലെ ആദ്യത്തെ വാട്ടർ സ്പോർട്സ് ഡിപ്ലോമ ബാച്ചെന്ന ബഹുമതി ഇവർക്ക് ലഭിക്കും.

യോഗത്തിൽ കേന്ദ്രത്തിന്റെ റീജണൽ ഡയറക്ടർ ഡോ.ജി. കിഷോർ, കേന്ദ്ര പൊതുമരാമത്ത് വകുപ്പ് സൂപ്രണ്ടിങ് എൻജിനീയർ ഹുമ്നെ, എക്സിക്യൂട്ടീവ് എൻജിനീയർമാരായ സി.ബാബു, ജയരഞ്ജിത്, എൻ.പി.സി.സി. സോണൽ മാനേജർ എൻ.പി. പ്രസാദ്, സായി ഡെപ്യൂട്ടി ഡയറക്ടർ എം.എസ്. വർഗീസ്, അർജുന അവാർഡ് ജേതാവ് പി.ജെ.ജോസഫ്, നിർമിതി പ്രോജക്ട് എൻജിനീയർ എം.എസ്. ഗോപകുമാർ, മാത്യു ലൂക്കോസ്, പി. ടി. പൗലോസ്, പിജൂഷ് കെ.ബറോയ് എന്നിവർ പങ്കെടുത്തു.

### മെഡൽ ജേതാക്കളെ ആദരിച്ചു

ഇക്കഴിഞ്ഞ സെപ്റ്റംബറിൽ പാരീസിൽ നടന്ന വനിതകളുടെ കനോയിങ് മത്സരത്തിലും ഉസ്ബക്കിസ്ഥാനിൽ നടന്ന ഏഷ്യൻ ചാമ്പ്യൻഷിപ്പിലും വെങ്കലമെഡൽ നേടിയ ബെറ്റി ജോസഫ്, ഏഷ്യൻ ചാമ്പ്യൻഷിപ്പിൽ വെങ്കലം നേടിയ നിത്യ കുര്യാക്കോസ്, ചൈനയിൽ നടന്ന ഏഷ്യൻ റോവിങ് (സീനിയർ) ചാമ്പ്യൻഷിപ്പിൽ വെങ്കലം നേടിയ ഡിറ്റിമോൾ വർഗീസ് എന്നിവരെ ആലപ്പുഴ സായി കേന്ദ്രത്തിൽ നടന്ന ചടങ്ങിൽ കേന്ദ്ര വ്യോമയാനസഹമന്ത്രി കെ.സി. വേണുഗോപാൽ ആദരിച്ചു. മൂന്നു പേരും സായി കേന്ദ്രത്തിൽ നിന്നു പരിശീലനം നേടിയവരാണ്.

സായി ആലപ്പുഴ കേന്ദ്രത്തിനു ലഭിച്ച ഒരു കോടി രൂപയുടെ പുതിയ ബോട്ടുകളുടെ സമർപ്പണവും അവ ഉപയോഗിച്ചുള്ള പരിശീലനത്തിന്റെ ഫ്ളാഗ് ഓഫ് കർമ്മവും മന്ത്രി നിർവ്വഹിച്ചു. കനോയിങ് -കയാക്കിങ്ങിന് 20ഉം റോവിങ്ങിന് 14ഉം ബോട്ടുകളാണ് പുതുതായി അനുവദിച്ചത്.

*കെ.ആർ. പ്രമോദ് കുമാർ*
*ഇൻഫർമേഷൻ ഓഫീസർ, ആലപ്പുഴ*

# കണ്ണൂർ ഇനി ഭൂരഹിതരില്ലാത്ത ജില്ല



ഭൂരഹിതരില്ലാത്ത ജില്ല പ്രഖ്യാപനം കേന്ദ്രമന്ത്രി ജയറാം രമേഷ് നിർവഹിക്കുന്നു

ഒരു തുണ്ട് ഭൂമിക്ക് എങ്കിലും അവകാശമില്ലാത്തവരായി കണ്ണൂർ ജില്ലയിൽ ഇനി ആരുമില്ല. തല ചായ്ക്കാൻ സ്വന്തമായി ഒരു തുണ്ട് ഭൂമിയെന്ന പതിനായിരങ്ങളുടെ സ്വപ്നം യാഥാർഥ്യമായി. ഇതു വരെ സ്വന്തമായി ഭൂമിയില്ലാത്തവരായി കഴിഞ്ഞിരുന്ന ജില്ലയിലെ 11,106 കുടുംബങ്ങളാണ് ഭൂമിക്ക് ഉടമകളായി മാറിയത്. 73 പട്ടിക വർഗ കുടുംബങ്ങൾക്ക് ഒരു ഏക്കർ വീതവും ബാക്കിയുള്ളവർക്ക് മൂന്ന് സെന്റ് വീതവും ലഭിച്ചു. മുഴുവൻ ഭൂരഹിതർക്കും പട്ടയം എന്ന സുവർണ്ണ നേട്ടം കൈവരിച്ച് കണ്ണൂർ രാജ്യത്തെ ആദ്യ ഭൂരഹിതരില്ലാത്ത ജില്ലയെന്ന ബഹുമതിക്കർഹമായി. കേരളപ്പിറവി ദിനത്തിൽ കണ്ണൂർ മുനിസിപ്പൽ സ്റ്റേഡിയത്തിൽ ജനസാഗരത്തെ സാക്ഷിയാക്കി കേന്ദ്ര ഗ്രാമവികസന മന്ത്രി ജയറാം രമേശ് കണ്ണൂരിനെ ഭൂരഹിതരില്ലാത്ത ജില്ലയായി പ്രഖ്യാപിച്ചു.

2013 ഫിബ്രവരി 15 വരെ ഭൂരഹിതരിൽ നിന്ന് അപേക്ഷ സ്വീകരിച്ചിരുന്നു. തുടർന്ന് മാനദണ്ഡങ്ങളനുസരിച്ച് അർഹരായവരെ കണ്ടെത്തി. വൈകല്യമുള്ളവർ, വിധവകൾ, തുടങ്ങിയവർക്ക് പ്രത്യേക പരിഗണന നൽകിയിരുന്നു. കണ്ണൂർ താലൂക്കിൽ 5017 ഉം തളിപ്പറമ്പിൽ 2883 ഉം തലശ്ശേരിയിൽ 3133 ഉം പേർക്കുമാണ് പട്ടയം ലഭിച്ചത്. പട്ടിക വർഗക്കാരായ 73 പേർക്കും പട്ടയം വിതരണം ചെയ്തു. ഭർത്താവിന്റെയും ഭാര്യയുടെയും പേരിൽ ഒരുമിച്ച് രജിസ്റ്റർ ചെയ്ത് നൽകുന്ന പട്ടയം 25 വർഷത്തേക്ക് ആർക്കും കൈമാറ്റം ചെയ്യരുതെന്ന വ്യവസ്ഥയോടെയാണ് നൽകിയത്.

സംസ്ഥാനത്ത് 2,43,928 ഭൂരഹിതർ ഉണ്ടെന്നാണ് ഔദ്യോഗിക കണക്ക്. കണ്ണൂരിന് ശേഷം കാസർകോട് ഇടുക്കി എന്നിങ്ങനെ ഘട്ടംഘട്ടമായി 2015 ഓടെ സംസ്ഥാനത്തെ ഭൂരഹിതരില്ലാത്ത സംസ്ഥാനമായി മാറ്റുകയാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച റവന്യൂ മന്ത്രി അടൂർ പ്രകാശ് പറഞ്ഞു.

വില്ലേജ് ഓഫീസർ മുതൽ കലക്ടർ വരെ ഒത്തൊരുമിച്ച് വിജയിപ്പിച്ച മാതൃക രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളും പിന്തുടരണമെന്ന് കേന്ദ്ര മന്ത്രി ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. പദ്ധതിക്ക് വേണ്ടി ആറ് സെന്റ് സ്ഥലം സർക്കാരിലേക്ക് കൈമാറിയ മാനന്തേരിയിലെ പുതുശ്ശേരി മഹേന്ദ്രൻ, മൂന്ന് സെന്റ് കൈമാറിയ മൊകേരി വില്ലേജ് ഓഫീസർ എൻ നസീമ എന്നിവർക്കുള്ള പ്രശംസാ പത്രവും മന്ത്രി കൈമാറി.

രാജ്യത്ത് തന്നെ ആദ്യമായി നടപ്പിലാക്കുന്ന ഭൂരഹിതരില്ലാത്ത സംസ്ഥാനമെന്ന പദ്ധതിയുടെ നേട്ടം കൈവരിച്ച കണ്ണൂർ ചരിത്ര മുഹൂർത്തത്തിലാണെന്ന് കേന്ദ്ര ഗ്രാമവികസന മന്ത്രി പറഞ്ഞു. പദ്ധതിയിലൂടെ ഭൂമി ലഭിക്കുന്ന എല്ലാവർക്കും ഇന്ദിരാ ആവാസ് യോജന പദ്ധതി വഴി വീടു നൽകുന്നതിന് നിർദ്ദേശിക്കുമെന്നും അടുത്ത രണ്ട് വർഷത്തിനകം 2.5 ലക്ഷം ജനങ്ങൾക്ക് സ്വന്തമായി 3 സെന്റ് ഭൂമി ലഭിക്കുകയെന്നത് സമൂഹത്തിലെ സ്ത്രീകൾക്ക് ഏറെ ഗുണകരമായ നേട്ടമാണെന്നും മന്ത്രി പറഞ്ഞു.

പട്ടിക വർഗ ഗുണഭോക്താക്കൾക്കുള്ള പട്ടയവിതരണം കേന്ദ്ര ആഭ്യന്തര സഹമന്ത്രി മുല്ലപ്പള്ളി രാമചന്ദ്രൻ നിർവഹിച്ചു.

കെ. സുധാകരൻ എം.പി., എം.എൽ.എമാരായ എ.പി. അബ്ദുള്ളക്കുട്ടി, അഡ്വ. സണ്ണി ജോസഫ്, കെ.എം. ഷാജി, നഗരസഭാ ചെയർപേഴ്സൺ റോഷ്നി ഖാലിദ്, സീറോ ലാന്റ്ലസ് സ്പെഷ്യൽ ഓഫീസർ വി രതീശൻ, ജില്ലാ കലക്ടർ ഡോ. രത്തൻ കേൽക്കർ, നഗരസഭാ മുൻ ചെയർമാൻ എം.സി. ശ്രീജ, അഡ്വ. ടി.ഒ. മോഹനൻ, കെ. സുരേന്ദ്രൻ, പി.ടി. മാത്യു, പി.ടി. ജോസ്, പി.പി. ലക്ഷ്മണൻ, സബ് കലക്ടർ ടി.വി. അനുപമ, അസി കലക്ടർ അഥീല എ. എന്നിവർ പങ്കെടുത്തു.

*ഇ.വി. സുഗതൻ*
*ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കണ്ണൂർ*

## കവിസംഗമം

മലയാള ദിനാഘോഷത്തിന്റെ ഭാഗമായി ശ്രേഷ്ഠഭാഷാവാരാചരണത്തോടനുബന്ധിച്ച് വിവര പൊതുജന സമ്പർക്ക വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച കവി സംഗമം കണ്ണൂർ കൈരളി കോളേജിൽ മാധവൻ പുറച്ചേരി ഉദ്ഘാടനം ചെയ്തു. ദിവാകരൻ വിഷ്ണുമംഗലം അധ്യക്ഷനായി. സി.പി.പി. നമ്പ്യാർ, പപ്പൻ ചെറുതാഴം, കെ. വല്ലി ടീച്ചർ, കെ. ജയലക്ഷ്മി, പുരുഷൻ ചെറുകുന്ന്, കണ്ടം ചിറക്കൽ നാരായണൻ, വാസന്തി രാമചന്ദ്രൻ, മാസ്റ്റർ നിതിൻ കിഷോർ തുടങ്ങിയവർ കവിതകൾ അവതരിപ്പിച്ചു. ജില്ലാ ഇൻഫർമേഷൻ ഓഫീസർ ഇ.വി. സുഗതൻ സ്വാഗതവും അഡ്വ. പ്രമോദ് കാളിയത്ത് നന്ദിയും പറഞ്ഞു.



■ ജെനി ആൻഡ്രൂസ്




# ഭൂമിയുടെ ഒരു തുണ്ട്

കാൽപ്പനികതയുടെ ഒരു ചീന്ത് ഹൃദയത്തിൽ പതിച്ചു കിട്ടിയിരിക്കുന്നതിനാലാവാം, എവിടെയോ അവിടം പ്രിയമുള്ളതാക്കാൻ ഞാൻ ശീലിച്ചിരുന്നു. പുറമെ ഇരമ്പുന്ന രഥഘോഷങ്ങളിലേക്ക് അത്ര കണ്ണുനീട്ടാതെ, മനംനീട്ടാതെ, താവോയും സെന്നുമെല്ലാം സമാന്തരപാതകളായി ഉള്ളപ്പോൾ ജീവിതം ഭീതിയൊഴിഞ്ഞതാകുന്നു. നേടലുകളുടേതോ മലകയറ്റങ്ങളുടേതോ അല്ലാത്ത നടപ്പിന്റെ വഴി. അനസ്യൂതമായ നടപ്പ്.

ആകാശവും കരകളും ക്ഷണിക്കേ ഓടിയെത്താൻ തോന്നുമ്പോൾ, പ്രകൃതിയിലെ മനോഹര ശിൽപമാതൃകകളെ, മറ്റ് മണ്ണുകളെയും മറ്റ് ആകാശത്തുണ്ടുകളെയും കണ്ടുനിൽക്കാൻ തോന്നുമ്പോൾ, പെണ്ണെന്ന പരിമിതി വിഷമിപ്പിക്കുന്നു. യാത്രകൾക്കുള്ള സ്വാതന്ത്ര്യമോർക്കുമ്പോൾ മാത്രം ആണിനോട് അസൂയ തോന്നും. അല്ലാത്തപ്പോഴോ, പെണ്ണെന്ന അസ്തിത്വം എത്ര മനോഹരമെന്ന് അനുഭവിക്കുകയും. പെണ്ണുടലിൽ പാർക്കുന്ന ഒരു ജീവകണിക ഞാൻ. പൂർണതയിൽ നിന്നെടുക്കപ്പെട്ട പൂർണം. അവിടെ ബാഹ്യാനുഭവങ്ങളുടെ, സാഹചര്യങ്ങളുടെ, വേലിയേറ്റങ്ങളും ഇറക്കങ്ങളും കാര്യമാക്കുന്നില്ല. എല്ലാം, വഴുതിക്കടക്കാവുന്ന കടമ്പകൾ മാത്രം.

എന്തും ആപേക്ഷികമാണെന്ന തിരിച്ചറിവിന്റെ തെളിമ! എന്ത് സാഹചര്യത്തെയും എങ്ങനെ നെഞ്ചിലേക്കെടുക്കുന്നു എന്നതിലാണല്ലോ ഓരോ ജന്മത്തിന്റെയും കാതൽ.

പെണ്ണായ ഞാൻ കുറെയേറെപ്പേരുടെ ജീവിതങ്ങൾക്ക് സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കേണ്ടവൾ, അവരെ പരിചരിക്കേണ്ടവൾ. അവരുടെ ആവശ്യങ്ങളെ പൂരിപ്പിച്ചശേഷം മാത്രം എന്റെ ആവശ്യങ്ങളെ കാണേണ്ടവൾ. എങ്കിലും എനിക്കൊക്കുന്നു, ഉള്ളിൽ പൂക്കളെ വിടർത്താൻ, തുമ്പികളെ പാറിക്കാൻ, പ്രപഞ്ചത്തിന്റെ സ്പന്ദനങ്ങൾക്കൊത്ത് എന്റെയും സ്പന്ദനങ്ങളെ കൊരുക്കാൻ. ജോലികൾക്കുശേഷമുള്ള നിശബ്ദതകളെ ഞാൻ, വീട്ടമ്മ, ആവിധം പൂരിപ്പിക്കുന്നു. ചെറിയ കാര്യങ്ങളിലെ സന്തുഷ്ടികളോടെ വീടൊരുക്കിക്കൊണ്ട്, നാലുചുറ്റുമുള്ള പച്ചപ്പുകളെയും അവയിലെ ഓരോ ഋതുമാറ്റങ്ങളെയും സ്നേഹിച്ചുകൊണ്ട്. പുറമെ ഒന്നും നേടുന്നില്ല. എന്നാൽ ഗീതം കുറിക്കുകയാണ് എന്നവിധം ജീവിതം കുറിച്ചുകൊണ്ട്; ഒരു സെൻവഴി കണ്ടെത്തിക്കൊണ്ട്.

യാഥാർഥ്യങ്ങളുടെ പാരുഷ്യങ്ങൾ ചിലപ്പോൾ ഏൽപ്പിക്കുന്ന ചതവിനെയും ക്ഷതത്തെയും കാൽപനികതയുടെ ഔഷധക്കൂട്ടുകൊണ്ടാണ് ഞാൻ സുഖപ്പെടുത്തുക. ജോലികൾ കൂടുമ്പോൾ നടുവ് തളരുന്നു, ആരും ഗൗനിക്കാത്തപ്പോൾ മനസ്സ് ചതയുന്നു. എങ്കിലും ഞാൻ എന്തൊക്കെയോ ഇഷ്ടങ്ങളുടെ സാധ്യതകളെ അതിലേക്ക് ലേപനമായി തടവുന്നു. രാവിലെകളിലെ തിരക്കുകളുടെ ബീഭത്സതെ ഞാനൊതുക്കുക, വാതിൽ തുറന്നും ജനൽ തുറന്നും തണുത്ത വായുവിനെ അകത്തേക്കു കൂട്ടിക്കൊണ്ടാണ്, മുറ്റത്തിറങ്ങിനിന്ന് ഒന്നുരണ്ടു മിനിട്ട് ആകാശം കണ്ടും പച്ചകളെ കണ്ടും തണുത്തുകൊണ്ടാണ്. കറിവേപ്പിലയോ കാന്താരിമുളകോ നാരങ്ങയോ ജാതിക്കയോ തേടി പച്ചകൾക്കിടവഴി നടക്കും. പുലരിയുടെ വായു അപ്പോൾ അന്നത്തെ പകലിലേയ്ക്കുള്ള ഊർജത്തെ നിറച്ചുതരുംപോലെ!

അങ്ങനെ നിമിഷങ്ങളുടെ അടുക്കുകളാക്കി പകലുകളെയും രാത്രികളെയും കൈപ്പറ്റുന്നു. ദിവസം, ആഴ്ച, മാസം, വർഷം എന്നിങ്ങനെ മനുഷ്യരൊരുക്കിയിരിക്കുന്ന അളവുകളൊക്കെ ഈവിധം, ചെറിയ മാത്രകളുടെ കൂട്ടങ്ങളായി ഒഴുകിപ്പോകുന്നു. ഇതിനിടെ കയറ്റങ്ങളുണ്ട്, ഇറക്കങ്ങളുണ്ട്, കയങ്ങളുണ്ട്, കിനാവഞ്ചികളുടെ മുന്നേറ്റങ്ങളുണ്ട്. എല്ലാം കടന്നുപോകുന്നു. നിലനിൽക്കുന്നയംശം മാത്രം നിലനിൽക്കുന്നു. അതിന്റെ നിലനിൽപ്പിനിടയിലെ തള്ളലുകളും കൊള്ളലുകളുമെന്ന് ഓരോരോ അനുഭവത്തെയും പൊതുവെ രേഖപ്പെടുത്താനാവും.

ഇത് സത്തയുടെ വശം. പുറമേ പൊതിയുന്നുണ്ട്, പൊതുജീവിതത്തിലുൾപ്പെടാത്ത പത്രപ്രവർത്തനരംഗത്തുനിന്ന് വിട്ടുപോരേണ്ടിവന്ന വീട്ടമ്മയുടെ പരിമിതികൾ, ആധുനികതയോടു കലരാതെ, പുതിയ തലമുറയുടെ പ്രിയങ്ങളോട് കലരാതെയുള്ള മനസ്സ്, വിട്ടുവീഴ്ചയില്ലാത്ത തിരക്കുകളുടെ അനിവാര്യതകൾ. എങ്കിലും സത്തയെ അറിയുന്നതിലെ സ്വാസ്ഥ്യത്തിൽ എല്ലാം ലഘുവായി മാറുന്നു. ചിലപ്പോൾ, ഞാനൊരു കണ്ടൽ ദ്വീപ്. കരയെ വിട്ടും ജലത്തെ വിട്ടും ഒരു വേറിട്ടുനിൽക്കൽ. മനുഷ്യരോളം സൗഹൃദം തരുന്നു പ്രകൃതി. മഴയും കാറ്റും വെയിലും കോടയും ചങ്ങാത്തത്തോടെ. പ്രകൃതിയിലെ അനക്കമോരോന്നും ചങ്ങാതികൾ, പ്രചണ്ഡതകളോരോന്നും എന്റെയും പ്രചണ്ഡതകൾ. പാരസ്പര്യത്തിൽ ഞാനും ഭൂമിയുടെ ഒരു തുണ്ടാകുന്നു. ആ അറിവിൽ എല്ലാത്തിനും ശമനം. ■






## വാർധക്യകാല പെൻഷൻ: പ്രായപരിധി ഇനി 60

സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ഇന്ദിരാഗാന്ധി ദേശീയ വാർധക്യകാല പെൻഷൻ അർഹതയ്ക്കുള്ള കുറഞ്ഞ പ്രായം 65 വയസ്സിൽനിന്നും 60 ആക്കി കുറച്ചു. കേന്ദ്ര സർക്കാരിന്റെ ദേശീയ സാമൂഹ്യസഹായ പദ്ധതിയിലുൾപ്പെട്ട ഈ പെൻഷൻ പദ്ധതിയ്ക്കുള്ള പ്രായപരിധി കേന്ദ്ര സർക്കാർ 60 ആക്കി കുറച്ചതിന്റെ പശ്ചാത്തലത്തിലാണ് സാമൂഹ്യനീതി വകുപ്പിന്റെ നടപടി.

ഉത്തരവ്: സ.ഉ(എം.എസ്) നം.93/13/സാനീവ
തീയതി: 04/11/2013

## ചെറുകിട നാമമാത്രകർഷക പെൻഷൻ പദ്ധതിയിൽ അംഗമാകാം

സംസ്ഥാനത്തെ അർഹരായ ചെറുകിട നാമമാത്ര കർഷകർക്ക് 60 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് കൃഷി ഭവനുകളിൽ അപേക്ഷ നൽകി സംസ്ഥാന സർക്കാരിന്റെ ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതിയിൽ അംഗമാകാൻ അനുമതി നൽകി. 2012 ജൂൺ 15 വരെയാണ് പദ്ധതിയിൽ അംഗമാകാൻ സമയപരിധി നിശ്ചയിച്ചിരുന്നത്. എന്നാൽ ഈ തീയതിക്ക് ശേഷം 60 വയസ്സ് തികയുന്ന അർഹരായ കർഷകർക്ക് പദ്ധതിയിൽ അംഗമാകാൻ അനുമതി നൽകണമെന്ന കൃഷി ഡയറക്ടറുടെ ശുപാർശ പ്രകാരമാണ് ഉത്തരവ്. രണ്ട് ഹെക്ടർ വരെ കൃഷിഭൂമിയുള്ളവരെയാണ് ചെറുകിട നാമമാത്ര കർഷകരായി കണക്കാക്കുന്നത്. 500 രൂപയാണ് പെൻഷൻ തുക. അംഗത്വ ഫീസ് 25 രൂപയായിരിക്കും.

ഉത്തരവ്: സ.ഉ(എം.എസ്) നം.316/2013/കൃഷി
തീയതി:29/10/2013

## അംഗപരിമിതരുടെ നിയമനം: ഉത്തരവിൽ ഭേദഗതി

16/08/99നും 31/12/2003നും ഇടയിൽ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താത്കാലികമായി നിയമനം ലഭിച്ച് 179 ദിവസം പൂർത്തിയാക്കിയ അംഗപരിമിതർക്ക് പുനർ/റഗുലർ നിയമനം നൽകിക്കൊണ്ടുള്ള ഉത്തരവിൽ ഭേദഗതി വരുത്തിയിരിക്കുന്നു. 07/10/2013ലെ ഭേദഗതി ഉത്തരവിലെ നിലവിൽ പി.എസ്.സി/എംപ്ളോയ്മെന്റ് മുഖേന ജോലി ലഭിച്ചിട്ടുള്ള വ്യക്തികൾക്ക് പുനർനിയമനം നൽകേണ്ടതില്ല എന്ന വ്യവസ്ഥയാണ് ഒഴിവാക്കിയത്.

ഉത്തരവ്: സ.ഉ(പി) നം.96/13സാനീവ തീയതി: 08/11/2013

## വിദ്യാഭ്യാസ വായ്പ പലിശയിളവ്: തീയതി നീട്ടി

01/04/2004 മുതൽ 31/03/2009 വരെയുള്ള കാലയളവിൽ വിദ്യാഭ്യാസ വായ്പയെടുത്ത മൂന്ന് ലക്ഷം വരെ കുടുംബവരുമാനമുള്ള തൊഴിൽരഹിതരായവർക്ക് പലിശയിളവ് ലഭിക്കുന്നതിന് അപേക്ഷ നൽകുന്നതിനുള്ള തീയതി നീട്ടി. ഇതനുസരിച്ച് യോഗ്യരായവർ അപേക്ഷ കളക്ടർക്ക് നൽകുന്നതിനുള്ള തീയതി 2013 ഡിസംബർ 31 ആയി നീട്ടി. . യോഗ്യതയുടെ അടിസ്ഥാനത്തിൽ അപേക്ഷ ജില്ലാകളക്ടർമാർ ലീഡ് ബാങ്ക് മാനേജർക്ക് നൽകേണ്ട അവസാന തീയതി 2014 ജനുവരി 21, ലഭിച്ച അപേക്ഷകളിന്മേൽ പലിശ സബ്സിഡി തുക കണക്കാക്കി ലീഡ് ബാങ്ക് മാനേജർ കളക്ടർക്ക് തിരികെ നൽകേണ്ട തീയതി 2014 ഫെബ്രുവരി 15, കളക്ടർമാർ സബ്സിഡി വിതരണത്തിനാവശ്യമായ ഫണ്ട് സർക്കാരിലേക്ക് സമർപ്പിക്കേണ്ട അവസാന തീയതി 2014 മാർച്ച് 15 എന്നിങ്ങനെയും ദീർഘിപ്പിച്ചിട്ടുണ്ട്. മുൻ ഉത്തരവ് പ്രകാരം ഇത് 2013 ഒക്ടോബർ 31 ആയിരുന്നു. അപേക്ഷ സമർപ്പിക്കുന്നതിന് ഒരവസരംകൂടി നൽകണമെന്ന് നിരവധി പേർ ആവശ്യപ്പെട്ട പശ്ചാത്തലത്തിലാണ് സർക്കാരിന്റെ നടപടി.

ഉത്തരവ്: സ.ഉ(കയ്യെഴുത്ത്) നം.57/ആസൂത്രണം തീയതി: 25/11/2013

# ഓപൺ സ്കൂളിന് മലപ്പുറത്ത് പ്രാദേശിക ഓഫീസ്

സംസ്ഥാന ഓപൺ സ്കൂളിന് മലപ്പുറത്ത് പ്രാദേശിക കേന്ദ്രം അനുവദിച്ച് ഉത്തരവായി. മലബാർ കേന്ദ്രീകരിച്ച് മലപ്പുറം സിവിൽ സ്റ്റേഷനിലെ ജില്ലാ ലേബർ ഓഫീസ് പ്രവർത്തിച്ചിരുന്ന കെട്ടിടത്തിൽ പ്രാദേശിക കേന്ദ്രം സ്ഥാപിക്കുന്നതിനാണ് അനുമതി. ഓപൺ സ്കൂൾ മുഖേന രജിസ്റ്റർ ചെയ്ത് പഠിക്കുന്ന വിദ്യാർഥികളിൽ മൂന്നിൽ രണ്ടു ഭാഗവും കാസർകോട്, കണ്ണൂർ, വയനാട്, മലപ്പുറം, കോഴിക്കോട്, പാലക്കാട് ജില്ലകളിൽനിന്നുള്ള വിദ്യാർഥികളാണ്. കൂടാതെ 22 ശതമാനത്തിൽ അധികം വിദ്യാർഥികളും മലപ്പുറം ജില്ലയിൽനിന്ന് മാത്രമുള്ളവരാണ്. ഈ വിദ്യാർഥികളുടെ ഓപൺ സ്കൂൾ രജിസ്ട്രേഷനുമായും ഹയർ സെക്കൻഡറി കോഴ്സുമായി ബന്ധപ്പെട്ട അക്കാദമിക കാര്യങ്ങളുമായും ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് മലബാർ മേഖലയിലെ വിദ്യാർഥികൾക്ക് തലസ്ഥാന ജില്ലയിലെ ആസ്ഥാനത്ത് വന്നുപോവേണ്ടുന്നതിന്റെ പ്രയാസം ലഘൂകരിക്കുന്നതിന്റെ ഭാഗമായാണ് നടപടി.

ഉത്തരവ്: സ.ഉ(ആർ.ടി)നം. 4668/2013/പൊതുവിദ്യാഭ്യാസം
തീയതി: 04/11/2013

# 14 സ്മാർട്ട് വില്ലേജ് ഓഫീസുകൾ

സ്മാർട്ട് വില്ലേജ് ഓഫീസുകളായി ഉയർത്തുന്നതിന്റെ രണ്ടാം ഘട്ടമായി 14 വില്ലേജ് ഓഫീസുകൾ തെരഞ്ഞെടുത്ത് ഉത്തരവായി.

അവ 1. ഉളിയാഴത്തുറ (തിരുവനന്തപുരം ജില്ല) 2. പന്മന (കൊല്ലം) 3. കോന്നി (പത്തനംതിട്ട) 4. തിരുവൻവണ്ടൂർ (ആലപ്പുഴ) 5. കാണക്കാരി (കോട്ടയം) 6. തൊടുപുഴ (ഇടുക്കി) 7. കാക്കനാട് (എറണാകുളം) 8. ലോകമലേശ്വരം (തൃശ്ശൂർ) 9. കുഴൽമന്ദം (പാലക്കാട്) 10. നെടുവ (മലപ്പുറം) 11. കസബ (കോഴിക്കോട് 12. മാനന്തവാടി (വയനാട്) 13. എടക്കാട് (കണ്ണൂർ) 14. കോയിപ്പാടി ഗ്രൂപ്പ് വില്ലേജ് (കാസർകോട്) എന്നിവയാണ്.




അവശ്യനിർമാണ പ്രവർത്തനങ്ങൾ നടത്താൻ ഹാബിറ്റാറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജില്ലാ കളക്ടർമാർ നിർമാണ പുരോഗതിക്ക് മേൽനോട്ടം വഹിക്കും.

ഉത്തരവ്: സ.ഉ(ആർ.ടി) നം. 6058/13/റവന്യൂ
തീയതി: 12/11/2013

# പത്രപ്രവർത്തക ഭവനവായ്പാ സബ്സിഡി വർധിപ്പിച്ചു

പത്രപ്രവർത്തകരുടെ ഭവനവായ്പാ സബ്സിഡി നിലവിലുള്ള 50,000 രൂപയിൽനിന്ന് ഒരു ലക്ഷം രൂപയായി ഉയർത്തി ഉത്തരവായി. പത്രപ്രവർത്തകരുടെ നിരന്തര അപേക്ഷയെത്തുടർന്നുണ്ടായ 2013-14-ലെ ബജറ്റ് പ്രഖ്യാപനം അനുസരിച്ചാണ് ഉത്തരവ്. മുൻകാല പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല.

ഉത്തരവ്: സ.ഉ(എം.എസ്) നം.42/13/ഭവനം
തീയതി: 05/11/2013

# തീരദേശ പരിപാലന നിയമം : കർശനനിർദ്ദേശം

തീരദേശ പരിപാലനവുമായി ബന്ധപ്പെട്ട് 1991-ലും 2011-ലും ഇന്ത്യാ ഗവൺമെന്റ് പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ കൃത്യമായും കാര്യക്ഷമമായും പരാതി കൂടാതെ പാലിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്താൻ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അതീവശ്രദ്ധ ചെലുത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചു. നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിലും ബഹു.സുപ്രീം കോടതി-ഹൈക്കോടതികളുടെയും പരാമർശങ്ങളുടെ വെളിച്ചത്തിലും തീരദേശ നിയന്ത്രണ മേഖല (സിആർഇസഡ്) നിബന്ധനകൾ പാലിക്കപ്പെടാത്തത് അത്യന്തം ഗൗരവതരമായി കാണുമെന്നും അതിനെതിരെ 1986 -ലെ പരിസ്ഥിതി സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ചുള്ള ശക്തമായ നടപടികൾ സ്വീകരിക്കുമെന്നും സർക്കാർ ഉത്തരവിലൂടെ ഓർമിപ്പിക്കുന്നു. ഇന്ത്യൻ ഗവൺമെന്റിന്റെ തീരദേശ പരിപാലന വിജ്ഞാപന പ്രകാരം നിഷ്കർഷിച്ചിട്ടുള്ള സിആർഇസഡ് പ്രദേശങ്ങളിൽ വികസന/നിർമാണ പ്രവർത്തനങ്ങൾക്ക് ബന്ധപ്പെട്ട അധികാരികളിൽനിന്നുള്ള മുൻകൂർ അനുമതി അനിവാര്യമാണ്. അല്ലാതെ നടത്തുന്ന നിർമാണ പ്രവർത്തനങ്ങൾ അനധികൃതവും അത്തരത്തിൽ ഉള്ള പ്രവർത്തനങ്ങൾക്ക് അനുമതി നൽകുന്ന ഉദ്യോഗസ്ഥർ ഗുരുതരമായ കൃത്യവിലോപം നടത്തുന്നതായും കണക്കാക്കുന്നതാണ്. ഇത്തരം വ്യക്തമായ നിർദ്ദേശങ്ങൾ ഉണ്ടായിട്ടും സംസ്ഥാനത്തെ തീരദേശ മേഖലകളിൽ സിആർഇസഡ് വിജ്ഞാപനം അനുസരിക്കാതെയുള്ള നിർമാണ/വികസന പ്രവർത്തനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഉത്തരവ്.

ഉത്തരവ്: 1779/എ2/2013/ശാസ്ത്രസാങ്കേതികം
തീയതി:16/11/2013



ഈ ഉത്തരവുകൾ www.kerala.gov.in ൽ ലഭ്യമാണ്



# ചലച്ചിത്രമേളയുടെ പ്രാധാന്യം

ചലച്ചിത്രമേളകൾ സാംസ്കാരിക സിനിമാ വേദികളാണ്. വിവിധ ഭാഷകളും ജീവിതരീതികളും നവ്യാനുഭവങ്ങളും തിരശീലയിൽ തെളിയുമ്പോൾ മനുഷ്യജീവിതം എത്രയോ വൈവിധ്യവും വിഭിന്നവുമാണെന്ന് നാമറിയുന്നു. സഞ്ചരിക്കാതെ ഇരുട്ടിൽ കണ്ണുകൾ തുറന്നിരുന്നുകൊണ്ട് വിവിധ ജനവിഭാഗങ്ങളെയും സംസ്കാരത്തെയും മനസ്സിലാക്കുന്നതിനും ഉൾക്കൊള്ളുന്നതിനും സിനിമയിലൂടെ നമുക്കു കഴിയുന്നു.

സാംസ്കാരിക ചരിത്രത്തിൽ വളരെ പ്രായംകുറഞ്ഞ ഒരു കലാരൂപമാണ് സിനിമ. എങ്കിൽപ്പോലും വളരെ വേഗം ജനസമൂഹത്തെ ആഴത്തിൽ സ്വാധീനിക്കാൻ ഈ കലാരൂപത്തിനു കഴിഞ്ഞു. ഒരു കച്ചവടമെന്ന നിലയിൽ ലോകമെമ്പാടും ലക്ഷക്കണക്കിനുള്ള ജനങ്ങളുടെ ജീവിത ഉപാധിയും വിനോദമേഖലയുമാണ് സിനിമ. എന്നാൽ ഒരു കലാരൂപംകൂടിയാണ് സിനിമ. വളരെ ഗൗരവത്തോടെ ജീവിതത്തെയും ചരിത്രത്തെയും സാമൂഹിക പ്രശ്നങ്ങളെയും കൈകാര്യം ചെയ്യുന്ന സിനിമകൾ ധാരാളമായി ഉണ്ടായിട്ടുണ്ട്. ഇത്തരം സിനിമകളുടെ വേദിയാണ് ചലച്ചിത്ര മേളകൾ. ഗൗരവമേറിയതും പരീക്ഷണാത്മകവുമായ സിനിമകളുടെ സംഗമ വേദികൂടിയാണ് മേളകൾ.

നമ്മുടെ രാജ്യാന്തര ചലച്ചിത്രമേളയ്ക്ക് 18 വയസ് പൂർത്തിയാകുകയാണ്. ഒരുപാട് മനുഷ്യരുടെ ആത്മാർഥമായ ശ്രമഫലമായാണ് മേളകൾ വളരെ ഭംഗിയായി നമുക്ക് നടത്താൻ കഴിഞ്ഞത്. ലോക ചലച്ചിത്രവേദിയിലെ പല പ്രമുഖരായ സംവിധായകരും നമ്മുടെ ക്ഷണം സ്വീകരിച്ച് ഇവിടെ വന്നിട്ടുണ്ട്. ലോകത്തെ എണ്ണം പറഞ്ഞ ചലച്ചിത്രമേളകൾക്കിടയിൽ നമ്മുടെ മേളയും വളരെയേറെ ശ്രദ്ധനേടിക്കഴിഞ്ഞുവെന്ന് തെളിയിക്കുന്നതാണിത്. പരിമിതികൾക്കുള്ളിൽ നിന്നും മേളയെ അങ്ങേയറ്റം മികവുറ്റതാക്കാൻ ശ്രമിക്കുന്ന സംഘാടനമികവും നല്ല സിനിമയെ സ്നേഹിക്കുന്ന നമ്മുടെ പ്രേക്ഷകരും അതിനൊരുകാരണമാണ്. ഈ വർഷത്തെ മേളയ്ക്ക് മഹാരഥരായ രണ്ടു പേർ നമ്മുടെ ക്ഷണം സ്വീകരിച്ച് മേളയ്ക്കെത്തുന്നുണ്ട്. സമഗ്ര സംഭാവനാ പുരസ്കാരം നേടിയ സ്പാനിഷ് സംവിധായകൻ കാർലോ സോറ, ദക്ഷിണകൊറിയൻ സംവിധായകൻ കിംകി ഡുക്ക്. ഈ രണ്ടു പേരുടെയും സാന്നിധ്യം നമ്മുടെ മേളയ്ക്ക് കൂടുതൽ ഊർജം പകരുമെന്നകാര്യത്തിൽ സംശയമില്ല.

എല്ലാ മേളകളും ഓർമപ്പെടുത്തലുകൾകൂടിയാണ്. സൗഹൃദങ്ങൾ പുതുക്കുന്നതിനും പുതിയ സൗഹൃദങ്ങൾ രൂപപ്പെടുത്തുന്നതിനും മേളകൾ സഹായകമാണ്. വിദൂരങ്ങളിലെ മനുഷ്യർ പരസ്പരം ബന്ധപ്പെടുന്നതിനുള്ള സംഗമവേദിയായ മേളകൾ വിവിധസംസ്കാരങ്ങളെ തിരശീലയിൽ തെളിയിക്കുകയും ചെയ്യുന്നുണ്ടല്ലോ. മേളകൾ നമ്മുടെ സാംസ്കാരികജീവിതത്തെയും ചൈതന്യവത്താക്കട്ടെയെന്ന് ആശംസിക്കുന്നു. ■